



ഗ്രാമശ്രീ


പോത്താനിക്കാട്
ഗ്രാമ പഞ്ചായത്ത്
വികസന റിപ്പോർട്ട് – '96



ശ്രീ. ജോയി കല്ലുങ്കൽ
വൈസ് പ്രസിഡന്റ്



ശ്രീ. എം.പി. അബ്രാഹം
പ്രസിഡന്റ്




ശ്രീ. കെ.സി.പൈലി
സ്റ്റാ. കമ്മിറ്റി. ചെയർമാൻ




പോത്താനിക്കാട് പഞ്ചായത്ത് ഓഫീസ്




ശ്രീമതി സാറാമ്മ വറുഗീസ്
ബ്ലോക്ക് പഞ്ചായത്ത് സ്റ്റാ. കമ്മിറ്റി.
ചെയർ പേഴ്സൺ



ശ്രീ. എം.എം.മത്തായി
ഭരണസമിതി അംഗം



ശ്രീ. വർക്കി മത്തായി
ജില്ലാ പഞ്ചായത്ത് സ്റ്റാ. കമ്മിറ്റി.
ചെയർമാൻ



ശ്രീ. ബിജു കരുണാകരൻ
ഭരണസമിതി അംഗം



ശ്രീമതി ഗ്രേസി ലോറൻസ്
ഭരണസമിതി അംഗം



ശ്രീമതി മേരി പീറ്റർ
ഭരണസമിതി അംഗം



ശ്രീമതി ബിബി പൗലോസ്
ഭരണസമിതി അംഗം

77-8



' ഓരോരുത്തരും
അവരവരുടെ നെറ്റി വിയർപ്പാക്കി
പണിയെടുത്തു ജീവിച്ചെങ്കിൽ
ഭൂമി സ്വർഗ്ഗമായി മാറുമായിരുന്നു '

—ഗാന്ധിജി—

ഗ്രന്ഥചോദന

അധികാരം ജനങ്ങളിലേക്ക്

ഒൻപതാം പദ്ധതി ജനകീയ പദ്ധതി



ഗ്രാമ ചേതന

പോത്താനിക്കാട് ഗ്രാപെഞ്ചായത്ത്

വികസന റിപ്പോർട്ട് '96

14-12-1996 ൽ പോത്താനിക്കാട് SMHS ൽ

വച്ചുനടത്തുന്ന വികസനസെമിനാറിൽ അവതരിപ്പിക്കുന്നത്


Designs & Typesetting	D'sign *Graphics* Mathirappilly Kothamangalam		524277 (Res)
Printing	Sanjo offset Printers	Kothamangalam	523529


ഗ്രാമചേതന


ഗ്രാമചേതന.....


നമ്മുടെ സംസ്ഥാനത്തിന്റെ വികസനചരിത്രത്തിൽ
ഒരു പുതിയ യുഗം പിറക്കുകയാണ്...
ഇതാദ്യമായി-
ആസൂത്രണത്തിനുള്ള അധികാരം ജനങ്ങളിലേക്കെത്തുകയാണ്...
ഈ പുത്തൻ വികസനസംസ്കാരത്തിൽ നമ്മുടെ ഗ്രാമവും പങ്കാളിയാവുകയാണ്.
നമ്മുടെ ഗ്രാമത്തിന്റെ വികസനസ്വപ്നങ്ങൾക്ക്
അക്ഷരരൂപം നൽകുന്നതിൽ അനേകർ സഹായിച്ചിട്ടുണ്ട്.
നാട്ടറിവുകൾ പങ്കുവച്ച കാരണവന്മാർ...
അവലോകന യോഗങ്ങളിൽ പങ്കെടുക്കുകയും-
മാർഗ്ഗനിർദ്ദേശങ്ങൾ തരുകയും ചെയ്ത ഉദ്യോഗസ്ഥർ...
ഗ്രാമസഭകളിലും തുടർ പ്രവർത്തനങ്ങളിലും സഹകരിച്ച സുഹൃത്തുക്കൾ...
എല്ലാവരെയും നന്ദിയോടെ സ്മരിക്കുന്നു.
കൂട്ടത്തിൽ-
യോഗങ്ങളിലൊന്നും പങ്കെടുക്കാതിരുന്ന
വില്ലേജോഫിസിലെയും ഇലക്ട്രിസിറ്റി ബോർഡിലെയും ഉദ്യോഗസ്ഥർ
തിരക്കെന്നു പൊല്ലിയ ചില പഞ്ചായത്തുദ്യോഗസ്ഥർ...
എന്നിവരെയും ഓർക്കാതെ വയ്യല്ലോ...
ചുരുങ്ങിയ സമയത്തിനുള്ളിൽ തയ്യാറാക്കേണ്ടിവന്നതുകൊണ്ട്
നമ്മുടെ ഗ്രാമത്തിന്റെ പൂർണ്ണചിത്രം എന്നവകാശപ്പെടാൻ കഴിയുന്നില്ല.
എങ്കിലും-
ഗ്രാമത്തെ അടുത്തറിഞ്ഞതിൽ നിന്നും ലഭിച്ച
ഗദ്ഗദങ്ങളും സ്വപ്നങ്ങളും കോർത്തിണക്കിയ
ഗ്രാമചേതന...
പഠനത്തിനും ചർച്ചകൾക്കുമായി
നിങ്ങൾക്കു മുന്നിൽ സമർപ്പിക്കുന്നു.

റിസോഴ്സ് പേഴ്സൺസ്


എ.എം പൗലോസ്


സി.വി മത്തായി


പോൾ എ തോമസ്


ജിജി പീറ്റർ

ആമുഖം

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ൽ നിലവിൽ വന്നതോടെ അധികാരവികേന്ദ്രികരണപ്രക്രിയ്ക്ക് തുടക്കം കുറിക്കപ്പെട്ടു. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മജിയുടെ ഗ്രാമസ്വരാജ് എന്ന ആശയമാണ് നമ്മെ ഇതിലേയ്ക്ക് നയിക്കുന്നത്.

ജനങ്ങളുടെ ജീവിതനിലവാരത്തെ പടിപടിയായി ഉയർത്തുന്ന ഒരു സാമൂഹ്യപ്രക്രിയയാണ് വികസനം. സ്ഥായിയും നീതിപൂർവ്വകവുമായ ദ്രുതഗതിയിലുള്ള സാമ്പത്തികവളർച്ചയായിരിക്കണം ഇത്. കേരളത്തിന്റെ വികസനപ്രക്രിയയിൽ നീതിപൂർവ്വകമായ സാമ്പത്തികവിതരണത്തിന്റെ കാര്യത്തിൽ ഏറെ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. സർക്കാർ സംവിധാനത്തിൽ പൊതുവിദ്യാഭാസം, പൊതുആരോഗ്യം, പൊതുവിതരണസംവിധാനം എന്നിവ സാർവ്വത്രികമാക്കിയതും ഭൂപരിഷ്കരണവും ട്രേഡ്യൂണിയൻ പ്രസ്താനങ്ങളുടെ വളർച്ചയും ഇതിൽ സഹായിച്ചിട്ടുണ്ട്.

എന്നാൽ സമ്പത്തിക ഉത്പാദനമേഖലയിൽ കേരളം ദേശീയ ശരാശരിയേക്കാൾ താഴെയാണെന്നതാണ് വാസ്തവം. ദീർഘകാലവിളകളിലേക്കുള്ള മാറ്റമുൾപ്പെടെയുള്ള കാരണങ്ങളാൽ 1970 കളുടെ മദ്ധ്യം മുതൽ ഒരു ദശബ്ദക്കാലത്തിലേറെ കാർഷികോൽപ്പാദനത്തിൽ വർദ്ധനയേ ഉണ്ടായിട്ടില്ല. വളർച്ചയുടെ തോത് കുറവാണെങ്കിൽതന്നെയും ഇപ്പോൾവീണ്ടും കാർഷികോൽപ്പാദനം ഉയർന്നുതുടങ്ങിയിട്ടുണ്ടെന്നത് ആശ്വസകരമാണ്. എന്നാൽ വ്യവസായരംഗത്തെ നില തീർത്തും പരിതാപകരമാണ്. ഉൽപ്പാദനമേഖലയിലെ മുരടിപ്പു മൂലം തൊഴിലില്ലായ്മ ഭയാനകമായി ഉയർന്നുകൊണ്ടിരിക്കുകയും കേരളം രൂക്ഷമായ സാമ്പത്തികപ്രതിസന്ധിയലേയ്ക്ക് പോയികൊണ്ടിരിക്കുകയുമാണ്. നമ്മുടെ ഗ്രാമത്തിന്റെ വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുമ്പോൾ ഉൽപ്പാദനമേഖലയിലുള്ള വളർച്ചയെ ആയിരിക്കണം ലക്ഷ്യമാക്കേണ്ടത്.

ഇതുവരെ നടന്നുവന്നിരുന്ന കേന്ദ്രീകൃത ആസൂത്രണത്തിൽനിന്നും വ്യത്യസ്ഥമായി ജനപങ്കാളിത്തത്തോടുകൂടിയ വികേന്ദ്രികൃത ആസൂത്രണമാണ് ഒൻപതാം പദ്ധതിയുടെ മുഖമുദ്ര.വളരെ വലിയൊരു ഉത്തരവാദിത്വമാണ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ എറ്റെടുക്കാൻ പോകുന്നത് മാമൂൽ സമ്പ്രാദായത്തിൽനിന്നും മാറി അതിവിപുലമായ തോതിൽ ജനങ്ങളെ അണിനിരത്തികൊണ്ടേ ഈ കടമ നിർവ്വഹിക്കാൻ കഴിയൂ. ഈ ലക്ഷ്യം മുൻനിർത്തികൊണ്ടാണ് കേരളസർക്കാർ ജനകീയാസൂത്രണപ്രസ്ഥാനത്തിന് രൂപം നൽകിയിരിക്കുന്നത്. പഞ്ചായത്ത് സമിതിയുടെ നേതൃത്വത്തിൽ ബഹുജനസംഘടനകളേയും വിദഗ്ദരേയും ഉദ്യോഗസ്ഥരേയും സർവ്വോപരി സാമാന്യജനതയേയും പ്രാദേശികമായി കോർത്തിണക്കുന്ന ഒരു പ്രവർത്തനശൈലിയാണിതിനുള്ളത്.

'ഒൻപതാം പദ്ധതിജനകീയപദ്ധതി ' എന്ന മുദ്രവാക്യവുമായി പോത്താനിക്കാട് ഗ്രാമപഞ്ചായത്തും മുന്നേറുകയാണ്. 1996 ഓഗസ്റ്റ് മാസം 8-ാം തീയതി കൂടിയ പഞ്ചായത്ത് കമ്മറ്റി ശ്രീ. എ. എം. പൗലോസ് എടപ്പാട്ട്, ശ്രീ. സി. വി. മത്തായി ചെറുകാട്ട്, അഡ്വ. ജിജി പീറ്റർ തോലാനിക്കുന്നേൽ,ശ്രീ.പോൾ എ തോമസ് എടപ്പാട്ട് എന്നിവരെ തിരഞ്ഞെടുത്ത് ജില്ലാതല ജനകീയആസൂത്രണപരിശീലനത്തിന് അയച്ചതോടെ ഈ പഞ്ചായത്തിൽ ജനകീയ ആസൂത്രണപ്രസ്ഥാനത്തിന്റെ പരിപാടികൾ ആരംഭിച്ചു. 1996 ഓഗസ്റ്റ് മാസം 12-ാം തീയതി ഗ്രാമപഞ്ചായത്ത് 32 L.R.P (ലോക്കൽ റിസോഴ്സസ് പേഴ്സൺസ്) മാരെ തിരഞ്ഞെടുക്കുകയും, അവരെയും പഞ്ചായത്തധീർത്തിയിലുള്ള ഉദ്യോഗസ്ഥരേയും പങ്കെടുപ്പിച്ചുകൊണ്ട് 18-9-96 ൽ ഒരു ഏകദിന ശില്പശാല പോത്താനിക്കാട് സെന്റ്. സേവ്യേഴ്സ് പള്ളി പാരിഷ്ഹാളിൽ നടത്തുകയുണ്ടായി.

സമയബന്ധിതമായി ഈ പഞ്ചായത്തിലെ 8 വാർഡുകളിലും ഗ്രാമസഭകൾ വിളിക്കുന്നതിനും ആയതിൽനിന്നും ഉരുത്തിരിഞ്ഞുവന്ന വികസനനിർദ്ദേശങ്ങൾ മുൻനിർത്തികൊണ്ട്, ഗ്രാമസഭാ റിപ്പോർട്ടുകൾ ഉണ്ടാക്കുന്നതിനും സാധിച്ചിട്ടുള്ളതാണ്.ഗ്രാമസഭകളിലെല്ലാം തന്നെ സജീവമായി ആളുകൾ പങ്കെടുത്തു എന്നുള്ളത് ആശാവഹമായ സംഗതിയാണ്. ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ സന്ദേശവാഹകരായി എത്തിയ ബ്ലോക്ക്തലകലാജാഥക്ക് പോത്താനിക്കാട് വച്ച് സ്വീകരണം കൊടുക്കുകയും കലാപരിപാ

ടികയും അവതരിപ്പിക്കുകയും ചെയ്തു.

1996 ഒക്ടോബർ മാസം 26-ാം തീയതി പോത്താനിക്കാട് ഗവ. എൽ. പി. സ്ക്കൂളിൽ വച്ച് ദ്വിതീയ സ്ഥിതിവിവരക്കണക്കുകളും ശേഖരിക്കുന്നതിന്റെ പരിപാടികളും വിലയിരുത്തുന്നതിനുവേണ്ടി ഒരു യോഗം കൂടുകയുണ്ടായി. ടി യോഗത്തിൽ L.R.P. മാരും D.R.P. മാരും പഞ്ചായത്തുകമ്മിറ്റിയംഗങ്ങളും സംബന്ധിച്ചു. 1996 നവംബർ മാസം 5,6,7 തീയ്യതികളിൽ കോതമംഗലം കല ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ട രണ്ടാംഘട്ട ജില്ലാതലപരിശീലനക്ലാസിൽ ഈ പഞ്ചായത്തിൽ നിന്നും D.R.P.മാരും കമ്മിറ്റിയംഗങ്ങളും പങ്കെടുത്തു. പോത്താനിക്കാട് ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെട്ടുവരുന്ന എല്ലാ ഓഫീസ് മേധാവികളുടേയും ഒരു യോഗം 14-11-96 തീയ്യതി നടപ്പുപദ്ധതികളുടെ അവലോകനത്തിനായി കൂടുകയുണ്ടായി. ടി യോഗത്തിൽ പോത്താനിക്കാട് K.S.E.B. മേജർ സെക്ഷനും വില്ലേജോഫീസും ഒഴിച്ചുള്ള എല്ലാ ഓഫീസിൽ നിന്നും ഉദ്യോഗസ്ഥർ ഹാജരുണ്ടായിരുന്നു.

ചരിത്രപഠനവും, പഠനപര്യടനവും ഈ പഞ്ചായത്തിൽ 1996 നവംബർ 15,16,18 എന്നീ തീയതികളിൽ നടന്നിട്ടുള്ളതാണ്. ടി സംരംഭത്തിൽ D.R.P. മാരും L.R.P. മാരും പഞ്ചായത്തുകമ്മിറ്റിയംഗങ്ങളും സംബന്ധിച്ചു. ഈ പഞ്ചായത്തിലെ രണ്ടാംഘട്ട ഏകദിന ശിൽപ്പശാല L.R.P.മാരേയും ഉദ്യോഗസ്ഥമേധാവികളേയും പങ്കെടുപ്പിച്ചു കൊണ്ട് പോത്താനിക്കാട് ഗവ. എൽ. പി. സ്ക്കൂളിൽ വച്ച് നടത്തപ്പെട്ടു. 1996 നവംബർ മാസം 25-ാം തീയ്യതി വികസനസെമിനാറിന്റെ വിജയത്തിനായി ഈ പഞ്ചായത്തിന്റെ വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്ന 101 ആളുകുടെ സ്വാഗതസംഘം രൂപീകരിക്കുന്നതിന് സാധിച്ചു. 28-11-96 ൽ പഞ്ചായത്ത് കമ്മിറ്റി വികസനറിപ്പോർട്ട് ചർച്ചചെയ്ത് അംഗീകരിച്ചു. തുടർന്നു വീണ്ടും 29-11-96ൽ സ്വാഗതസംഘത്തിന്റെ ആദ്യയോഗം കൂടുകയും ഭാവിപരിപാടികളും ആസൂത്രണം ചെയ്ത് നടപ്പിൽവരുത്തുന്നതിനും തീരുമാനിച്ചു.


30-11-96 തീയ്യതി L.R.P. മാർക്ക് വികസനസെമിനാർ നടത്തുന്നതിലേയ്ക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങളും കൊടുക്കുകയും 14-12-96 തീയ്യതി ഈ പഞ്ചായത്തിലെ വിവിധ തലങ്ങളിലുള്ള നാനൂറോളം ആളുകളെ പങ്കെടുപ്പിച്ചു കൊണ്ട് വികസനസെമിനാർ നടത്തുന്നതിനും തീരുമാനിച്ചു. ഗ്രാമസഭകളിൽനിന്ന് ഉരിത്തിരിഞ്ഞുവന്ന ആവശ്യങ്ങളും മറ്റനവധി തുറകളിൽനിന്നു ശേഖരിച്ച വിവരങ്ങളുമായി വികസനറിപ്പോർട്ട് തയ്യാറാക്കി. ഇതിനു സഹകരിച്ച എല്ലാവരോടുമുള്ള നിസ്സീമമായ കൃതജ്ഞത രേഖപ്പെടുത്തുന്നു.

പോത്താനിക്കാട് ഗ്രാമപഞ്ചായത്തിനു വേണ്ടി

(ഒപ്പ്)

പോത്താനിക്കാട്
14-12-1996

എം. പി. എബ്രാഹം
പ്രസിഡണ്ട്



പി.കെ. തേവൻ
സെക്രട്ടറി

ഉള്ളടക്കം

ഭാഗം 1 സാമൂഹിക സാസ്കാരികചരിത്രം

ഭാഗം 2 ഭൂപ്രകൃതിയും വിഭവങ്ങളും

ഭാഗം 3 വികസനമേഖലകൾ

A പ്രാഥമിക മേഖല

1. കൃഷിയും ജലസേചനവും
2. മൃഗസംരക്ഷണവും മത്സ്യസന്ധനവും

B ദ്വിതിയ മേഖല

1. വ്യവസായം
2. ഊർജ്ജം, ഗതാഗതം
3. പാർപ്പിടം

C ത്രിതിയ മേഖല

1. ആരോഗ്യം
2. കുടിവെള്ളം
3. വിദ്യാഭ്യാസം
4. സംസ്കാരം
5. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം
6. വനിതാക്ഷേമം
7. സാമൂഹ്യക്ഷേമം
8. സഹകരണമേഖല
9. വിഭവസമാഹരണം

ഉപസംഹാരം

പഞ്ചായത്തിന്റെ പേര്	–	പോത്താനിക്കാട് ഗ്രാമപഞ്ചായത്ത്
ജില്ല പഞ്ചായത്ത് ഡിവിഷൻ	–	പോത്താനിക്കാട്
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	–	പോത്താനിക്കാട്
താലൂക്ക്	–	കോതമംഗലം
അസംബ്ലിമണ്ഡലം	–	കോതമംഗലം
ലോകസഭാ മണ്ഡലം	–	മൂവാറ്റുപുഴ
ജില്ല	–	എറണാകുളം
വിസ്തീർണ്ണം	–	17.14 ച.കി.മീ
ജനസംഖ്യ	–	10870
വാർഡുകളുടെ എണ്ണം	–	8

അതിരുകൾ

വടക്ക്	പല്ലാരിമംഗലം പഞ്ചായത്ത്
കിഴക്ക്	പൈങ്ങോട്ടൂർ പഞ്ചായത്ത്
തെക്ക്	കാളിയാർ പുഴ
പടിഞ്ഞാറ്	ആയവന, വാരപ്പെട്ടി പഞ്ചായത്തുകൾ

ഭരണസമിതി അംഗങ്ങൾ

1.	എം.പി. അബ്രാഹം	പ്രസിഡന്റ്
2.	ജോയി കല്ലുങ്കൽ	വൈസ് പ്രസിഡന്റ്
3.	കെ. സി. പൈലി	സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ
4.	ബിജു കരുണാകരൻ	ഭരണസമിതിയംഗം
5.	എം.എം. മത്തായി	ഭരണസമിതിയംഗം
6.	ഗ്രേസി ലോറൻസ്	ഭരണസമിതിയംഗം
7.	മേരി പത്രോസ്	ഭരണസമിതിയംഗം
8.	ബീബി പൗലോസ്	ഭരണസമിതിയംഗം
	സി. കെ. തേവൻ	പഞ്ചായത്ത് സെക്രട്ടറി
	എ.എം. പൗലോസ്	കോ ഓർഡിനേറ്റർ

ഭാഗം 1

സാമൂഹികസാംസ്കാരിക ചരിത്രം

സാമൂഹികസാംസ്കാരിക ചരിത്രം

നൂറ്റാണ്ടുകൾക്കു മുമ്പ് തന്നെ ഉയർന്ന സാംസ്കാരിക പൈതൃകം അവകാശപ്പെടുവാൻ കഴിയുന്ന ഒരു ജനസമൂഹം പാർത്തിരുന്ന പ്രദേശമാണ് പോത്താനിക്കാട്. അതിന്റെ തെളിവുകളായി ഒട്ടേറെ ഭൗതികാവശിഷ്ടങ്ങൾ ഈ പ്രദേശത്ത് കാണാവുന്നതാണ്. ഇരുമ്പയിർ ഉൾപ്പെടെ പല വസ്തുക്കളുടെയും ഖനിക്കുഴികളും ഗുഹകളും നൂറ്റാണ്ടുകൾ പഴക്കമുള്ള ക്ഷേത്രാവശിഷ്ടങ്ങളും ഈ പ്രദേശത്ത് കണ്ടുവരുന്നു. തൃക്കാവ് കേന്ദ്രമാക്കിയുള്ള സാസ്കാരമായിരുന്നു അത് എന്ന് വിശ്വസിക്കപ്പെടുന്നു.

നാട്ടുരാജാക്കന്മാർ തമ്മിലുള്ള യുദ്ധത്തിൽ ഭയന്നോ, പ്രകൃതിക്ഷോഭത്തെ തുടർന്നോ അന്നത്തെ ദേശവാസികൾ നാടുവിട്ടുപോകുകയും പിന്നീട് പതിറ്റാണ്ടുകളോളം കാടായിക്കിടക്കുകയും ചെയ്തിരുന്നു. ഫലഭൂയിഷ്ടമായ ഈ പ്രദേശത്ത് ധാരാളമായി 'ആഞ്ഞിലി' അഥവാ ആനി മരങ്ങളും പോത്ത്, ആന തുടങ്ങിയ കാട്ടുമൃഗങ്ങളും നിറഞ്ഞ കാടുവളർന്നുവന്നു. വീണ്ടും മനുഷ്യർ ഇവിടെ കുടിയേറിയപ്പോൾ ഈ കാടിന്റെ പ്രത്യേകതകൾ സൂചിപ്പിക്കുന്ന സ്ഥലനാമം ഉണ്ടായത്രേ. പോത്തും ആനയും ധാരാളം കണ്ടിരുന്ന കാടായതിനാൽ പോത്താനിക്കാട് (പോത്ത് +ആന +കാട്) എന്ന പേരുണ്ടായി എന്നതാണ് ഒരു വിശ്വാസം. ഈ കാട്ടിൽ വലിയ 'പോത്ത് ' അഥവാ 'പൊത്ത് ' ഉള്ള ഒരു ആനിമരം ഉണ്ടായിരുന്നു എന്നും കുടിയേറ്റക്കാലത്ത് അതിന്റെ ചുവട്ടിൽ നാട്ടുകൂട്ടം ചേരുക പതിവായിരുന്നു എന്നും, അതിനാൽ ഈ പ്രദേശത്തെ പോത്തുള്ള ആനി (പോതാനി) നിൽക്കുന്ന കാട് എന്ന അർത്ഥം വരുന്ന പോതാനിക്കാട് (പോത്+ആനി +കാട്) അഥവാ പൊത്താനിക്കാട് എന്ന പേരിൽ അറിയപ്പെടുകയും പിന്നീടത് പോത്താനിക്കാടായിമാറുകയും ചെയ്തു എന്ന വ്യാഖ്യാനമാണ് കൂടുതൽ വിശ്വസനീയം. ഇരു കാലഘട്ടങ്ങൾക്കുമിടയിൽ ഈ ഭൂപ്രദേശത്തെ ആന അഴിവ് നിറുത്തൽ പ്രദേശമായി പ്രഖ്യാപിക്കപ്പെട്ടിരുന്നതായി റവന്യൂ രേഖകളിൽ കാണുന്നു. ചിലയിടങ്ങളിൽ ആനപിടുത്ത കുഴികൾ ഉണ്ടായിരുന്നതായി പറഞ്ഞുകേൾക്കുന്നു. എന്നാൽ ഇപ്പോൾ സമീപ ഗ്രാമപഞ്ചായത്തുകളുമായി താരതമ്യപ്പെടുത്തുമ്പോൾ ഒരു സെന്റ് ഭൂമി പോലും ഇവിടെ വനമായി സ്ഥിതി ചെയ്യുന്നില്ല എന്നതാണ് സത്യം.

രണ്ടാമത് കുടിയേറ്റക്കാർ പാർത്തു തുടങ്ങിയത് തൃക്കേപ്പടി എന്നു വിളിക്കുന്ന തൃക്കാവ് പടിക്ക് സമീപമായിരുന്നു. അന്യാധീനപ്പെട്ടു നശിച്ചു കിടക്കുന്ന ഈ തൃക്കാവ് 1958 ലാണ് പുനരുദ്ധരിച്ചത്. നാനാ ജാതിമതസ്ഥരുടെ കൂട്ടായശ്രമഫലമാണത്. മുമ്പ് ഈ ഭൂപ്രദേശവും തൃക്കാവും പറവൂരിനടുത്തുള്ള ചെറുവള്ളി മനയ്ക്കലെ നമ്പൂതിരിപ്പാടിന്റേതായിരുന്നു. ആ തായ്വഴി അന്യം നിന്നുപോയി പതിറ്റാണ്ടുകൾക്ക് ശേഷവും പുതിയകുടിയേറ്റക്കാരിൽ നിന്നും പാട്ടം പിരിക്കുവാൻ മനയുടെ പിന്മുറക്കാർ ശ്രമിച്ചിരുന്നു. ഭൂപരിഷ്കരണനിയമത്തെ തുടർന്ന് പാട്ടസമ്പ്രദായം പാടെനിലച്ചു.

പുനരുദ്ധരിച്ച തൃക്കാവിൽ 1983 ൽ ശിവപ്രതിഷ്ഠ നടത്തി ശിവക്ഷേത്രമായി. ഈ ക്ഷേത്രമുൾപ്പെടെ വിവിധ കൃസ്ത്യൻ വിഭാഗങ്ങൾക്കും, മുസ്ലീംങ്ങൾക്കും ആയി പതിനേഴോളം ദേവാലയങ്ങൾ ഈ പ്രദേശത്തുണ്ട്. കുടിയേറ്റക്കാരിൽ ഏറിയ പങ്കും കൃസ്ത്യാനികളായിരുന്നു. 1845 ൽ സ്ഥാപിതമായ സെന്റ് സേവ്യേഴ്സ് പള്ളിയും 1848 ലെ ഉമ്മിണിക്കുന്ന് മർത്തമറിയം പള്ളിയുമാണ് ഇവിടത്തെ ആദ്യത്തെ കൃസ്ത്യൻ ദേവാലയങ്ങൾ. ഈ പള്ളികളുടെ നേതൃത്വത്തിലും സഹായത്തിലും ഉയർന്നുവന്ന പുരോഗമനപ്രസ്ഥാനങ്ങളും സ്ഥാപനങ്ങളുമാണ് ഈ നാടിന്റെ വളർച്ചയെ സഹായിച്ചിട്ടുള്ളത്.

ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ അലയൊലികൾ ഈ പ്രദേശവാസികളിലും ദേശീയബോധം ഉയർത്തിയിട്ടുണ്ട്. നിരവധി വോളന്റിയർമാർ സമരങ്ങളിൽ പങ്കാളികളായി. ട്രേഡ് യൂണിയനുകളും കർഷക സംഘടനകളും സംഘടിപ്പിച്ചു കൊണ്ട് തൊഴിലാളികളും കർഷകരും ഒട്ടേറെ അവകാശസമരങ്ങളിൽ പങ്കെടുത്തിട്ടുമുണ്ട്. ഭൂപരിഷ്ക്കരണനിയമം നടപ്പിൽ വന്നശേഷം ഭൂടമാബന്ധങ്ങളിൽ സാരമായ മാറ്റം വന്നിട്ടുണ്ട്. കൃഷിക്കാർക്ക് കൈവശഭൂമി സ്വന്തമായികിട്ടിയതുകൊണ്ട് കാർഷീകരംഗത്ത് വലിയ മുന്നേറ്റവും ഉൽപ്പാദന

വർദ്ധനവും ഉണ്ടായി. ഇടത്തരം കർഷകരും ചെറുകിടനാമമാത്ര കർഷകരും കർഷകതൊഴിലാളികളുമാണ് ജനങ്ങളിൽ ഏറിയപങ്കും.

സംസ്ഥാനത്തിന്റെ വ്യവസായിക ഭൂപടത്തിൽ കാര്യമായെന്നും അവകാശപ്പെടുവാൻ ഈ ഗ്രാമത്തിനില്ല. 1950 കളിൽ ഇവിടെ ഒരുമാച്ച് ഫാക്ടറിയും അല്പം ടിമ്പർ വ്യവസായവും ഉണ്ടായിരുന്നു. ഇന്നാകട്ടെ ആ മാച്ച് ഫാക്ടറി പ്രവർത്തനം നിലച്ചുപോയി. എന്നാൽ രണ്ട് റബർ ക്രീപ് മില്ലുകളും രണ്ട് അറക്കമില്ലുകളും ഒരു ചെരുപ്പ് നിർമ്മാണയൂണീറ്റും മറ്റു ചില ചെറുകിട യൂണിറ്റുകളും ഏതാനും വ്യാപാരസ്ഥാപനങ്ങളുംമാത്രമാണ് വ്യാപാര വ്യവസായ രംഗത്തുള്ളത്.

ഇവിടെ വിദ്യാഭ്യാസരംഗം വളരെ സജീവമാണ്. കോളേജുകളോ, സർവ്വകലാശാല കേന്ദ്രങ്ങളോ പ്രവർത്തിക്കുന്നില്ലെങ്കിൽപോലും 40 വയസിൽ താഴെ പ്രായമുള്ളവരിൽ 40% സർവ്വകലാശാല വിദ്യാഭ്യാസം ലഭിച്ചവരാണ്. ഔപചാരികവിദ്യാഭ്യാസത്തിനായി ഒരു പ്രൈമറിസ്കൂൾ പ്രവർത്തനം ആരംഭിച്ചത് 1921 ലാണ് (ഗവ. എൽ. പി. എസ്. പോത്താനിക്കാട്).ഇതിന് സ്ഥലസൗകര്യം നൽകിയത് ഉമ്മിണിക്കുന്ന് മർത്തമറിയം പള്ളിയാണ്. രണ്ടു വർഷക്കാലം പള്ളിയുടെ വക മുറിയിലും 1923 മുതൽ പള്ളിനൽകിയ 50 സെന്റ് സ്ഥലത്ത് പണിത കെട്ടിടത്തിലും പ്രവർത്തിക്കുന്നു. 1925 ൽ പോത്താനിക്കാട് വടക്ക് കൂരംകുന്ന് എന്ന സ്ഥലത്ത് സൗജന്യമായി ലഭിച്ച 60 സെന്റ് പുരയിടത്തിൽ മാർത്തോമ സഭക്കാർ ഒരു പ്രൈമറിസ്കൂളിന്റെ പ്രവർത്തനം ആരംഭിച്ചു. ഈ സ്കൂൾ ഒരു കുന്നിൻ പുറത്തായിരുന്നതുകൊണ്ട് അവിടെ എത്തിച്ചേരുന്നതിനുള്ള ക്ലേശം കണക്കിലെടുത്ത് 1949 ൽ അവിടെനിന്നും മാറ്റി കീപ്പനശ്ശേരി കവലക്ക് കിഴക്കുമാറി ഇപ്പോഴത്തെ M.T.L.P.S പ്രവർത്തനം ആരംഭിച്ചു.

ഇവ രണ്ടും നന്നായി പ്രവർത്തിക്കുന്ന വിദ്യാലയങ്ങളാണ്. അതിനുശേഷം ആരംഭിച്ച പുളിന്താനം സർക്കാർ പ്രൈമറിസ്ക്കൂളും പോത്താനിക്കാട് പള്ളിവക മലയാളം സ്ക്കൂളും (ഇപ്പോഴം S.M ഹൈസ്ക്കൂളം) ഈ നാട്ടിലെ വിദ്യാഭ്യാസസൗകര്യം മെച്ചപ്പെടുത്തി. ഇപ്പോഴത്തെ പഞ്ചായത്ത് അതിർത്തിക്കുള്ളിലായിരുന്നില്ലെങ്കിലും പതിറ്റാണ്ടുകളം പ്രവർത്തിച്ച ആയങ്കര സെന്റ് ജോർജ് ഇംഗ്ലീഷ് ഹൈസ്ക്കൂളം ഈ പ്രദേശത്തെ മാനവവിഭവ വികസനത്തെ ത്വരിതപ്പെടുത്തുയെന്ന വസ്തുത വിസ്മരിക്കാൻ കഴിയുകയില്ല.

പോത്താനിക്കാടിന്റെയും ഇന്ത്യയുടെ തന്നെയും ചരിത്രത്തിൽ തങ്കലിപികളിൽ രേഖപ്പെടുത്തേണ്ട ഒരു പ്രവർത്തനമാണ് സമ്പൂർണ്ണ സാക്ഷരതായജ്ഞം നിരക്ഷതയുടെ അന്ധകാരത്തെ ശാശ്വതമായി ഇല്ലായ്മ ചെയ്തുകൊണ്ട് സാക്ഷരതയുടെ വെള്ളി വെളിച്ചം സമൂഹത്തിലാകമാനം പരത്തുന്നതിനുതകുന്ന അർപ്പണബോധത്തോടെയുള്ള ഈ മഹായജ്ഞം ഈ നാടിനെ ലോകപ്രശസ്തമാക്കി. ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ സാക്ഷരഗ്രാമം എന്ന ബഹുമതി നേടിയ ഈ ഗ്രാമത്തിന്റെ അഭിമാനകരമായ നേട്ടത്തെ അനശ്വരമാക്കുന്നതിന് ഗ്രാമഹൃദയത്തിൽ നിർമ്മിച്ചിട്ടുള്ള സാക്ഷരതാസ്തഭം ഒരു ദൃശ്യവിസ്മയം തന്നെയാണ്.

നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ ഇവിടെ ചില നാടൻ ചികിത്സാസമ്പ്രദായങ്ങളും നാട്ടുവൈദ്യന്മാരും അല്ലാതെ മോഡേൺ ചികിത്സാരീതികളോ ഉയർന്ന യോഗ്യതയുള്ള ഡോക്ടർമാരുടെ സേവനമോ മറ്റ് ആശുപത്രിസൗകര്യങ്ങളോ ഇല്ലായിരുന്നു. വിദഗ്ധനായ ഒരു വിഷചികിത്സാ വൈദ്യന്റെ സൗജന്യ സേവനം ഈ പ്രദേശത്ത് അന്നും ഇന്നും ലഭ്യമാണെന്നുള്ളത് സ്മരണീയമാണ്. മറ്റ് വിദഗ്ധ ചികിത്സക്ക് വീടൂരസ്ഥലങ്ങളിൽ പോകേണ്ടിയിരുന്നു. 1951 ലാണ് ഇവിടെ സർക്കാർ ആശുപത്രി സ്ഥാപിക്കുന്നതിനുള്ള ശ്രമവും പണികളും നടന്നത്. ദീർഘകാലം ഈ പഞ്ചായത്തിന്റെ പ്രസിഡന്റായിരുന്ന ശ്രീ. എൻ.എം. വർഗീസ് ഉംപ്പെടുന്ന ഒരു കമ്മിറ്റിയുടെ പ്രവർത്തനഫലമായി സ്വരൂപിച്ച തുക കൊണ്ട് പണിതീർത്ത സർക്കാർ ആശുപത്രി 1951 ൽ തന്നെ മന്ത്രി ശ്രീ. പി. കെ. കുഞ്ഞ് ഉൽഘാടനം ചെയ്തുതോടെ ചികിത്സാ സൗകര്യത്തിനുള്ള സ്വപ്നം സാക്ഷാൽകരിക്കപ്പെട്ടു. വിവിധ വിഭാഗം ജനങ്ങളുടെ പങ്കാളിത്തം ഈ സംരഭത്തിൽ ഉറപ്പാക്കിയിരുന്നു. നാട്ടുകാരുടെ സംഭാവന സ്വരൂപിച്ച് 12 കിടക്കകളുടെ പുരുഷ വിഭാഗം വാർഡും, നെടുഞ്ചാലിൽ ശ്രീ. എൻ.വി. പൈലിയുടെ അന്തരിച്ച മക്കളുടെ സ്മരണക്കായി നൽകിയ തുക ഉപയോഗിച്ച് വനിതാവിഭാഗം വാർഡും നിർമ്മിച്ചു. പിന്നീട് പോത്താനിക്കാട് ഫാർമേഴ്സ് ബാങ്കിന്റെ സാമ്പത്തിക സഹായത്താൽ പണിതു കിട്ടിയ മെറ്റേർണറ്റി വാർഡും ചേർന്നതാണ് ഇപ്പോഴത്തെ സർക്കാർ ആശുപത്രി. ഇതിനു പുറമേ സെന്റ് സേവ്യേഴ്സ് പള്ളി മുൻനിന്ന് പണിതീർത്ത കന്യാസ്ത്രീകളുടെ മേൽ നോട്ടത്തിൽ നടത്തപ്പെടുന്ന കൂടുതൽ സൗകര്യമുള്ള സെന്റ് തോമസ് ആശുപത്രിയും, സെന്റ് മേരീസ് ഹോസ്പിറ്റൽ അസോസിയേഷനും നടത്തുന്ന സെന്റ് മേരീസ് ആശുപത്രിയും മറ്റു ചില ക്ലിനിക്കുകളും ഇപ്പോഴം ഈ ഗ്രാമത്തിലുണ്ട്. കൂടാ

തെ 1985-86 ൽ പ്രവർത്തനം ആരംഭിച്ച സർക്കാർ ആയുർവേദ ആശുപത്രിയും, മൃഗാശുപത്രിയും പ്രവർത്തിക്കുന്നു. ഈ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് നാട്ടുകാരുടെ നിർലോഭമായ സഹകരണം ലഭിക്കുന്നു.

പാർപ്പിടത്തിന്റെ കാര്യത്തിൽ ഇതരപഞ്ചായത്തുകളിൽനിന്നും വ്യത്യസ്ഥമായി സമ്പൂർണ്ണ പാർപ്പിടസൗകര്യം എന്ന ലക്ഷ്യത്തിലേക്ക് അടുത്തുകൊണ്ടിരിക്കുകയാണ്. വലിയ വീടുകൾ കുറവാണെങ്കിലും കുടിലുകളും കുറവുതന്നെ.

1940 ൽ നാട്ടുകാർ മുൻകൈ എടുത്ത് വെട്ടിത്തുറന്ന പോത്താനിക്കാട് കോതമംഗലം റോഡാണ് ഈ പഞ്ചായത്തിലേക്ക് ആദ്യമായി വാഹന ഗതാഗതത്തിന് വഴിയൊരുക്കിയത്. ഇപ്പോൾ സമീപ പട്ടണങ്ങളായ മൂവാറ്റുപുഴ, കോതമംഗലം, തൊടുപുഴ, കാളിയാർ, ഹൈറേഞ്ച് കവാടമായ ഊന്നുകൽ എന്നീ സ്ഥലങ്ങളിലേക്കെല്ലാം സുഗമമായ റോഡുഗതാഗതം നടക്കുന്നു. ഗതാഗതയോഗ്യമായ വീതി കുറഞ്ഞ പഞ്ചായത്ത് റോഡുകളും നിലവിലുണ്ട്.

ഇവിടെ പഞ്ചായത്ത് സ്ഥാപനം രൂപം കൊണ്ടത് 1953 ലാണ്. ആദ്യത്തെ പഞ്ചായത്തു പ്രസിഡന്റായിരുന്ന ശ്രീ. എം. പി. കുര്യൻ മണ്ണാറ പ്രായിൽ സൗജന്യമായി നൽകിയ സ്ഥലത്താണ് പഞ്ചായത്ത് ഓഫീസും, വില്ലേജ് ഓഫീസും പ്രവർത്തിക്കുന്നത്.

പ്രാരംഭത്തിൽ ഈ പഞ്ചായത്തിന്റെ ഭാഗമായിരുന്ന പല്ലാരിമംഗലം പ്രദേശം ഉൾപ്പെടുത്തി 1978 ആഗസ്റ്റിൽ പുതിയ പല്ലാരിമംഗലം പഞ്ചായത്ത് രൂപികരിക്കുന്നതു വരെ പ്രവർത്തനം വിസ്തൃതമായ മേഖലയിൽ വ്യാപിച്ചു കിടന്നിരുന്നു.

ഈ പ്രദേശത്തെ ജനജീവിതത്തിൽ ആധുനിക സൗകര്യങ്ങൾ എത്തിക്കുന്നതിന് സഹായകമായ പല പ്രധാനപ്പെട്ട സ്ഥാപനങ്ങളും സ്വാതന്ത്ര്യലബ്ധിക്കുശേഷമാണ് ആരംഭിക്കുവാൻ കഴിഞ്ഞത്. ക്രമസമാധാനപാലനരംഗത്ത് പോലീസ് ഔട്ട് പോസ്റ്റ് 1948 ലും, പോലീസ് സ്റ്റേഷനും ക്വാർട്ടേഴ്സും 1967 ലുമാണ് തുടങ്ങുന്നത്. വാർത്താവിനിമയത്തിൽ 1948 ൽ തന്നെ ഒരു ഇ.ഡി. പോസ്റ്റ് ഓഫീസുതുടങ്ങിയത് എല്ലാസൗകര്യങ്ങളുമുള്ള പോസ്റ്റാഫീസായി ഉയർത്തി. 1968 ൽ തന്നെ ടെലിഫോൺ എക്സേഞ്ചും, വൈദ്യുതിവിതരണത്തിന് K.S.E.B. യൂണീറ്റും ആരംഭിച്ചു. സമീപ പഞ്ചായത്തുകളിലില്ലാതിരുന്ന റൂറൽ വാട്ടർ സപ്ലൈ സ്കീം 1965-'66 ൽ ഈ പഞ്ചായത്തിന് സർക്കാർ അനുവദിച്ച് പരിമിതമായ തോതിലെങ്കിലും ശുദ്ധ ജലവിതരണം നടന്നിരുന്നു. ഇന്ന് വില്ലേജിലാകെ ജലവിതരണം നടത്തുന്ന ഗ്രാമീണ ജലവിതരണപദ്ധതി നടപ്പിൽ വന്നിട്ടുണ്ട്.

ബാങ്കിംഗ് സൗകര്യം ഒന്നുതന്നെ ഇല്ലാതിരുന്ന ഈ പ്രദേശത്ത് കർഷകരെ സംഘടിപ്പിച്ച് സഹകരണസംഘത്തിന് രൂപം കൊടുക്കുകയും 1955 ൽ പ്രാഥമിക് സഹകരണ സർവ്വീസ് ബാങ്ക് ആരംഭിക്കുകയും ചെയ്തതിനെ തുടർന്ന് കർഷകർക്കാവശ്യമായ വായ്പസൗകര്യം മെച്ചപ്പെട്ടു. അതിന്റെ ഫലമായി കാർഷീകരംഗത്ത് മെച്ചപ്പെട്ട ഉല്പാദനം ദൃശ്യമായിതുടങ്ങി. 1968 ൽ കൊച്ചിൻ ബാങ്കിന്റെ ശാഖ ആരംഭിച്ചതോടെ ഷെഡ്യൂൾഡ് ബാങ്കുകളുടെ സഹായവും ഈ മേഖലയിൽ അനുഭപ്പെട്ടുതുടങ്ങി. ജില്ലാ ലീഡ് ബാങ്കായ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയും ഇവിടെ രംഗത്തുണ്ട്. കൂടാതെ എണ്ണമറ്റ മണി ലെൻഡിംഗ് ഏജൻസികളും.

കലാസംസ്കാരിക പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന സ്ഥാപനങ്ങളുടെ കാര്യത്തിലും മുൻതലമുറക്കാർ മറന്നിട്ടില്ല. 1945 ൽ ഇവിടെ Young Mens Association എന്ന പേരിൽ ഒരു സംഘടന രൂപം കൈണ്ടു. സംഘടനയ്ക്ക് സൗജന്യമായി ലഭിച്ച മൂന്ന് സെന്റ് സ്ഥലത്ത് ജനപങ്കാളിത്തത്തോടുകൂടി പണിതീർത്ത കെട്ടിടത്തിലാണ് അന്നാരംഭിച്ച പബ്ലിക് ലൈബ്രറിയും റീഡിംഗ് റൂമും 1948 ൽ ഗ്രന്ഥശാലസംഘത്തിന്റെ അംഗികാരം ലഭിച്ച് ഇന്നൊരു എ ഗ്രേഡ് ലൈബ്രറി ആയി പ്രവർത്തിക്കുന്നത്. പുളിന്താനത്തുള്ള കൈത്തി ലൈബ്രറിയും മറ്റ് പല ആർട്സ് സ്പോർട്സ് ക്ലബുകളും സംഘടനകളും കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നു.

ആധുനീക ജനജീവിതവുമായി ബന്ധപ്പെട്ട എല്ലാ രംഗങ്ങളിലും സ്വാതന്ത്ര്യാനന്തരകാലഘട്ടത്തിൽ ഒട്ടേറെ പുരോഗതിനേടാൻ കഴിഞ്ഞുവെങ്കിലും ഇന്നും നിരവധി വെല്ലുവിളികളെ നേരിടേണ്ടതായി ബാക്കിനില്ക്കുന്നു. അവയിൽ പ്രഥമപരിഗണന അർഹിക്കുന്നത് ഉല്പാദന മേഖലയിലെ മുരടിപ്പ് ആണ്. പ്രത്യേകിച്ചും കാർഷീക മേഖലയിലും വ്യവസായരംഗത്തും. വർദ്ധിച്ച തൊഴിലില്ലായ്മയാണ് മറ്റൊന്ന്. ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും തൊഴിലവസരം കൂടുതൽ സൃഷ്ടിക്കുന്നതിനും ഉതകുന്ന വികസന പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രികരിക്കുന്നതോടൊപ്പം സേവനരംഗങ്ങളിൽ കൂടുതൽ നിക്ഷേപം ഇറക്കി സമൃദ്ധിയിലേയ്ക്കുള്ള

വികസനപാത വെട്ടിത്തുറക്കേണ്ടതാവശ്യമാണ്. അതിനുതകുന്ന വിഭവസമാഹരണശേഷിയും ഉയർന്ന വിദ്യാഭ്യാസനിലവാരവും ഈ പഞ്ചായത്തിന്റെ സവിശേഷതകളാണ്. ഈ സാഹചര്യങ്ങളെ ചൂഷണം ചെയ്താൽ നമ്മുടെ ഗ്രാമത്തിന് അസൂയാവഹമായ ഒരു നിലയിലേക്ക് ഉയരുവാൻ കഴിയുമെന്ന് പ്രത്യാശിക്കാം.

പോത്താനിക്കാട് പഞ്ചായത്ത് രൂപം കൊണ്ടത് 1953 ലാണ്.

മുൻ പ്രസിഡന്റുമാരും ഭരണകാലവും

1.	എം.പി കുര്യൻ	1953 - 1956
2.	സി.പി. പൗലോസ്	1956 - 1962
3.	എൻ.എം. വറുഗീസ്	1964 - 1980
4.	കെ.ഐ. ജോയി	1981 - 1982
5.	വർക്കി മത്തായി	1982 - 1985
6.	എം.എം മത്തായി	1988 - 1989
7.	കെ.സി പൈലി	1989 - 1995

ഭാഗം 2

ഭൂപ്രകൃതിയും വിഭവങ്ങളും

ഭൂപ്രകൃതിയും വിഭവങ്ങളും

അവലംബം:- റവന്യൂരേഖകൾ, കൃഷിഭവൻ, പഠനപര്യടനം

ഭൂപ്രകൃതിയനുസരിച്ച് പോത്താനിക്കാട് ഗ്രാമപഞ്ചായത്തിനെ പ്രധാനമായും മൂന്ന് മേഖലകളായി തിരിക്കാം

1. *ഉയർന്ന സമതലം*
2. *ചരിവ് പ്രദേശങ്ങൾ*
3. *താഴ്വരകൾ*

പോത്താനിക്കാട് സമുദ്രനിരപ്പിൽ നിന്നും ഏകദേശം 500 അടിയോളം ഉയരത്തിൽ സ്ഥിതിചെയ്യുന്നു. പഞ്ചായത്ത് പൊതുവെ കണക്കിലെടുക്കുമ്പോൾ കിഴക്കുനിന്നും പടിഞ്ഞാറോട്ട് ചെരിഞ്ഞാണ് കിടക്കുന്നത്. ചതുപ്പുനിലങ്ങൾ ഇവിടെ തീരെയില്ല എന്നുതന്നെ പറയാം. പഠനപര്യടനത്തിലൂടെ പഞ്ചായത്തിന്റെ കിടപ്പിനെ സംബന്ധിച്ചും ഭൂപ്രകൃതിയെ സംബന്ധിച്ചും കാതലായ പല വിവരങ്ങളും ശേഖരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

1. ഉയർന്ന സമതലം: മൊത്തവിസ്തൃതിയിൽ ഏതാണ്ട് 30% ത്തോളം ഏറ്റവും ഉയർന്ന പ്രദേശങ്ങളാണ്. ഈ സ്ഥലങ്ങളിൽ പാറക്കെട്ടുകൾ ധാരാളമുണ്ട്. 2-ാം വാർഡിലെ വാഴത്തണ്ട്, 4-ാം വാർഡിലെ കല്ലടപൂതപ്പാറപ്രദേശം, 5-ാം വാർഡിലെ കോന്തൻപാറ, 8-ാം വാർഡിലെ വാക്കത്തിപാറ, 7-ാം വാർഡിലെ കൂരംകുന്ന് മുതലായ പ്രദേശങ്ങളും ഈ സമതലങ്ങളിൽ ഉൾപ്പെടുന്നു. ഈ പ്രദേശങ്ങളിൽ കൂടുതലായും റബർ, തെങ്ങ് മുതലായ കൃഷികളാണുള്ളത്. ഈ പ്രദേശങ്ങളിൽ പാറക്കെട്ടുകളും, വൃക്ഷാദികളും മറ്റുമുള്ളതു കൊണ്ട് മണ്ണൊലിപ്പ് താരതമ്യേന കുറവാണ്.

2. ചരിവ് പ്രദേശങ്ങൾ : മൊത്തം വിസ്തൃതിയിൽ ഏകദേശം 32 % ത്തോളം ചരിവ് പ്രദേശങ്ങളാണ്. ഈ ചരിവുകൾ താഴ്വരകളുമായി ബന്ധപ്പെട്ടുകിടക്കുന്നു. കുത്തനെയുള്ള വലിയ ചരിവുകളും, ചെറുചരിവുകളും ഇതിലുൾപ്പെടുന്നു. ഈ പഞ്ചായത്തിലെ വാക്കത്തിപ്പാറ, കോന്തൻപാറ, കല്ലടപൂതപ്പാറ, വാഴത്തണ്ട്, കൂരംകുന്ന് എന്നീ ഉയർന്ന സമതലങ്ങളുമായി ബന്ധപ്പെട്ട് ചരിവുകൾ കാണപ്പെടുന്നു. റബർ,തെങ്ങ്, കമുക്, കൊക്കോ മുതലായവയാണ് ചരിവുപ്രദേശങ്ങളിൽ കൂടുതലായി കൃഷിചെയ്തുവരുന്നത്.

3. താഴ്വരകൾ : ചരിവുപ്രദേശങ്ങൾ താഴ്ന്നിറങ്ങി താഴ്വരകളോട് സംഗമിക്കുന്നു. മൊത്തം ഭൂപ്രകൃതിയുടെ ഏതാണ്ട് 38% ത്തോളം ഈ താഴ്വരകളിൽ ഉൾപ്പെട്ടിരിക്കുന്നു. നിലങ്ങളും ഏതാണ്ട് താഴ്വരയുടെ ഭാഗമായി കണക്കാക്കാവുന്നതാണ്. ഇരുട്ടുതോടിന്റെ പടിഞ്ഞാറുവശവും, പുളിന്താനം തോടിന്റെ ഇരുവശങ്ങളിലും, പോത്താനിക്കാട് ജംഗ്ഷൻ, കണ്ണമംഗലം, മറ്റക്കോടി മുതലായ സ്ഥലങ്ങളെല്ലാം താഴ്വരകളോട് ബന്ധപ്പെട്ടു കിടക്കുന്നു. മഴവെള്ളം കൂടുതലായും സംഭരിക്കപ്പെടുന്ന മണ്ണായതിനാൽ താരതമ്യേന ഫലഭൂയിഷ്ഠമാണിപ്രദേശങ്ങൾ. ചെങ്കല്ല് കലർന്ന ചുവന്നകളറുള്ള മണ്ണും, തീരെ താഴ്ന്നപ്രദേശങ്ങളിൽ എക്കൽമണ്ണിന്റെ അംശവും കാണുന്നുണ്ട്. താഴ്വരകൾ പൊതുവെ കിഴക്കുനിന്നും പടിഞ്ഞാറോട്ട് ചരിവായി അനുഭവപ്പെടുന്നു. താഴ്വരകളിൽ ഉൾപ്പെട്ടുവരുന്ന നിലങ്ങൾ കൂടുതലും ഇരുപ്പൂ കൃഷി ചെയ്യുന്നവയാണ്. ജലലഭ്യതക്കുറവായതിനാൽ മൂന്നാം വിളകൃഷിയിവിടെ നടക്കാറില്ല. നെൽകൃഷികഴിഞ്ഞാൽ പയർ കൃഷി ചെയ്യുന്നതിനും മരച്ചീനി നടുന്നതിനും ഈ നിലഭാഗങ്ങളുപയോഗിക്കുന്നു. പാടശേഖരങ്ങൾ കൂടുതലായും നികത്തിയെടുക്കുന്ന പ്രവണത അടുത്തയിടയായി കണ്ടുവരാറുണ്ട്.

i. കാലാവസ്ഥ : പോത്താനിക്കാടിനെ സംബന്ധിച്ച് മഴ ശരാശരി ലഭിക്കുന്ന പ്രദേശമാണ്. ഓരോ കാലയളവിലും 3200 മില്ലിമീറ്റർ മഴ ഇവിടെ ലഭിക്കാറുണ്ട്. കാലവസ്ഥമാറ്റങ്ങൾ പ്രകൃതി നിയമത്തിനനുസരണമായി മാത്രമാണ് ഇവിടെ അനുഭവപ്പെടാറുള്ളൂത്. ഈ പ്രദേശത്തെ ശരാശരി കൂടിയ താപനില 31.9°c വും കുറഞ്ഞതാപനില 22.9°c വും എന്നാ

ണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇവിടെ വേനൽക്കാലം ജനുവരി പകുതിമുതൽ മെയ് അവസാനകാലയളവുവരെയും, മഴക്കാലം ജൂൺ ആദ്യവാരം മുതൽ ആഗസ്റ്റ് അവസാനവാരം വരെയും അനുഭവപ്പെടാറുണ്ട്. തണുപ്പുകാലം കൂടുതലായി അനുഭവപ്പെടാറില്ലെങ്കിലും ഡിസംബർ മുഴുവനായും ജനുവരി ആദ്യപകുതിയിൽ തണുപ്പു കാലാവസ്ഥയാണ് അനുഭവപ്പെടുന്നത്.

ii. ജലലഭ്യത: ശരാശരി മഴയുടെ അടിസ്ഥാനത്തിൽ ഇവിടെ 94 Million Cubic Meter ജലം ലഭിക്കുന്നതായി കണക്കാപ്പെടുന്നു. പോത്താനിക്കാടിനെ സംബന്ധിച്ച് നീരൊഴുക്ക് കൂടുതലായും വടക്കുനിന്നും തെക്കോട്ടാണ്. ഭൂഗർഭജലത്തിന്റെ ലഭ്യത കൂടുതലായും ഇവിടെ കുഴൽക്കിണറുകളെ ആശ്രയിച്ചിരിക്കുന്നു. ഈ പഞ്ചായത്തിലെ മിക്കവാറും സ്ഥലങ്ങളിൽ കുഴൽക്കിണർ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അവയിലെവെള്ളം കുടിക്കുന്നതിന് ഉപയുക്തമല്ല എന്ന പരാതിയാണ് പൊതുവെ ഉള്ളത്.

കാലവർഷങ്ങളിൽ കൂടുതൽ മഴ ഇവിടെ ലഭിക്കാറുണ്ട് എന്നാൽ ഒരു ഭാഗത്തും തന്നെ വെള്ളം കെട്ടികിടക്കുന്ന പതിവ് ഇല്ലാത്തതാണ്. ഇതൊക്കെത്തന്നെയാണെങ്കിലും വേനൽക്കാലത്ത് ഉയർന്ന പ്രദേശങ്ങളിൽ ജലക്ഷാമം അനുഭവപ്പെടാറുണ്ട്. പുളിന്താനം, ചുള്ളപ്പിള്ളി പിടിക, കോന്തൻപാറ, വാക്കത്തിപാറ, കല്ലടപൂതപ്പാറ മുതലായ സ്ഥലങ്ങളാണ് കൂടുതലായും ജലക്ഷാമം അനുവേക്കപ്പെടുന്നത്. കാളിയാർ പുഴ ഈ പഞ്ചായത്തിന്റെ 5 കി.മീ. ഭാഗത്തോളം പടിഞ്ഞാറോട്ട് ഒഴുകുന്നു. ഈ പുഴയിൽ പഞ്ചായത്തിലെ കാട്ടുകുടിതോട്, ഇരുട്ടുതോട്, പുളിന്താനംതോട്, മുതലായതോടുകൾ ചെന്നുചേരുന്നതും ഈ തോടുകൾ ഏതാണ്ട് 16.7 കി.മീ. റോളം നീളത്തിൽ വ്യാപിച്ചു കിടക്കുന്നതുമാണ്.

ഈ പഞ്ചായത്തിലെ ജലാശയങ്ങളിൽ ഏറ്റവും വലുത് താണിക്കുന്നേൽ ചിറയാണ്. കൂടാതെ തൃക്കേപ്പടി ചിറ, വളവടിച്ചാൽ ചിറ വലിയകുളമായി കണ്ണമംഗലം പാടക്കുളം, കന്നിച്ചാട്ട് പാടക്കുളം, ചാത്തനാട്ട് കുളം, ഓരു കുളം മുതലായ കുളങ്ങളും ജലശ്രോതസ്സുകളായി ഇവിടെ ഉള്ളതാണ്.

iii. മണ്ണ് പോത്താനിക്കാടിന്റെ കൂടുതൽ സ്ഥലങ്ങളിലും വെട്ടുകല്ലുകലർന്ന ചെമ്മണ്ണാണ് കണ്ടുവരുന്നത്. കുത്തനെയുള്ള ചരിവുകൾ പരിശോധിച്ചാൽ ചരൽ കൂടുതലായും കണ്ടുവരുന്നു. ശരാശരി ഫലഭൂയിഷ്ഠമാണിവിടുത്തെ മണ്ണ്. ഉയർന്നസമതലങ്ങളിലെയപേക്ഷിച്ചു കൂടുതൽ മെച്ചപ്പെട്ട മണ്ണ് താഴ്വരകളിലേതാണ്.

iv.ഭൂവിനിയോഗം (അവലംബം:- സെറ്റിൽമെന്റ് രജിസ്റ്റർ, കൃഷിഭവൻ രേഖകൾ)പോത്താനിക്കാടിനെ സംബന്ധിച്ച് ഇതൊരു കാർഷീക മേഖലയാണെന്ന് പറയാം.75% ആളുകളും കൃഷിയെ ആശ്രയിച്ചു ജീവിക്കുന്നവരാണ്. മുഖ്യവരുമാനമാർഗ്ഗവും കൃഷിയിൽനിന്നു തന്നെയാണ്. 1970 കാലയളവുകളിൽ നല്ല രീതിയിൽ ഇവിടെ നെൽകൃഷിചെയ്തുവന്നിരുന്നതായി രേഖകളിൽ നിന്നും മനസ്സിലാക്കാം. അടുത്തകാലയളവിൽ നെൽകൃഷി പൊതുവേ കുറഞ്ഞുവരുന്നതായും, പാടങ്ങൾ മണ്ണിട്ടു നികത്തുന്നതും, പൈനാപ്പിൾ, കമുക് മുതലായവ കൃഷിചെയ്യുന്നതിനായും ഉപയോഗിച്ചു വരുന്നു. നെൽകൃഷി പൊതുവേ ആദായകരമല്ല എന്ന അഭിപ്രായമാണ് കർഷകരുടെയിടയിൽ നിലവിലുള്ളത്.

പുരയിടകൃഷികളിലും സാരമായ മാറ്റങ്ങൾ പ്രകടമായിട്ടുണ്ട്. കശുമാവ്, കൊക്കോ, മാവ്, പ്ലാവ് മുതലായവയ്ക്ക് പ്രിയം കുറഞ്ഞുവരുന്നതായും റബർ, തെങ്ങ്, കമുക്, പൈനാപ്പിൾമുതലായവയ്ക്ക് പ്രിയം കൂടിവരുന്നതായും അനുഭവപ്പെടുന്നു. ജനസംഖ്യാവർദ്ധനവാണ് കാർഷീക മേഖലയെ സ്വാധീനിച്ച മറ്റൊരുഘടകം.ജനസംഖ്യാവർദ്ധനവിന്റെ ഫലമായി റോഡുകളും, കുളങ്ങളും, കിണറുകളും വ്യവസായങ്ങളും, കച്ചവടങ്ങളും കൂടാതെ പാർപ്പിടസൗകര്യങ്ങളും വർദ്ധിച്ചു. കൂടാതെ കൃഷിചൊയ്യാൻ സാധിക്കാതെ കിടന്ന തരിശ്ഭൂമികൾ കൃഷിയിടമായി തീർന്നിട്ടുണ്ട്.

v. ജൈവസമ്പത്ത് (അവലംബം ലൈവ് സ്റ്റോക്ക്, സെൻസ്സ്, സാമൂഹ്യ സാമ്പത്തിക സർവ്വേ).

കാർഷിക മേഖലയിൽ പ്രാമുഖ്യം പുലർത്തിയിരുന്ന പോത്താനിക്കാട് പഞ്ചായത്തിൽ കന്നുകാലികളെ വളർത്തുക എന്നുള്ളത് ഓരോ കർഷകന്റെയും ആവശ്യമായിരുന്നു. ഉഴവുമാടുകൾ എന്ന നിലയിലും, വണ്ടിവലിക്കുന്നതിനും, പാൽ ഉൽപ്പാദിപ്പിക്കുന്നതിനും കന്നുകാലികളെ കർഷകൻ വളർത്തിയിരുന്നു. പഴയകാലങ്ങളിൽ കൃഷിയ്ക്കാവശ്യമായ ജൈവവളങ്ങളു

ടെ മുഖ്യ ആശ്രയവും കന്നു കാലികളായിരുന്നു. കാലികളെ മേയ്ക്കുന്നതിനും മറ്റുമായി വിളവെടുപ്പു കഴിഞ്ഞ നെൽപ്പാടങ്ങളും, മറ്റ് അനേകം പുൽമേടുകളും ഇവിടെയുണ്ടായിരുന്നു. എന്നാൽ പാടശേഖരങ്ങളുടെ ക്രമാതീതമായ നികത്തലും പുൽമേടുകളുടെ അഭാവവും ഇന്ന് കന്നുകാലിവളർത്തലിനെ സാരമായി ബാധിച്ചിട്ടുണ്ട്.

പശു, എരുമ, ആട്, പോത്ത്, കാള, പന്നി മുതലായവയാണ് ഇവിടുത്തെ പ്രധാനവളർത്തുമൃഗങ്ങം. വളർത്തുപക്ഷികളിൽ കോഴികളും, താറാവുകളുമാണുള്ളത്.


ഈ പഞ്ചായത്തിലെ മൃഗസംരക്ഷണത്തിനുള്ള ഏക ആശ്രയം കീപ്പനശ്ശേരിയിലുള്ള മൃഗാശുപത്രിയാണ്.

vi. മനുഷ്യവിഭവം ഏതൊരു നാടിന്റേയും ഏറ്റവും വലിയ വിഭവമാണല്ലോ മനുഷ്യ സമ്പത്ത്. ജനസംഖ്യയടിസ്ഥാനത്തിൽ 4647 പുരുഷന്മാരും 4929 സ്ത്രീകളും 1294 കുട്ടികളുമാണ് ഈ പഞ്ചായത്തിലുള്ളത്. മൊത്തം വീടുകളുടെയെണ്ണം 2869 ആണ്. ശരാശരി വീടൊന്നിന് 4.5 ആളുകം വീതമുണ്ട്. സംസ്ഥാനശരാശരി 5.6 ആണ്. ജനസംഖ്യാവർദ്ധനവ് സംസ്ഥാനശരാശരിയെക്കാം കുറവാണ്. ജനനം മരണത്തെക്കാം കൂടുതലാണ്.


വിദ്യാഭ്യാസത്തിൽ ഇവിടുത്തെ ജനങ്ങം വളരെയേറെ മുന്നോട്ടുപോയിട്ടുണ്ട്. ഭാരതത്തിലെ ആദ്യത്തെ സമ്പൂർണ്ണസാക്ഷരഗ്രാമമാണ് പോത്താനിക്കാട്. 15 വയസ്സിനുമുകളിലുള്ളവർ 70% ആളുകളും SSLC കഴിഞ്ഞിട്ടുണ്ട്. 30% ആളുകം ബിരുദധാരികളാണ്. അതിൽ ബിരുദാനന്തരബിദുദവും സാങ്കേതിക ബിരുദവും ഉള്ളവരുണ്ട്. വിദ്യാഭ്യാസയോഗ്യതയുള്ള സ്ത്രീകളുടെ എണ്ണം പുരുഷന്മാരുടെയെണ്ണത്തെക്കാം കൂടുലാണ്.

വിദ്യാഭ്യാസത്തിൽ മാത്രമല്ല നമ്മുടെ ജനങ്ങം മുന്നിലെത്തിയിരിക്കുന്നത്. കലാകായിക രംഗങ്ങളിലും പ്രതിഭകളായിട്ടുള്ളവർ ഈ നാട്ടിലുണ്ട്. കഴിഞ്ഞ ഏഷ്യൻ ജൂനിയർ മീറ്റിൽ ഇന്ത്യയെ പ്രതിനിധീകരിച്ച പ്രദീപ് മാത്യു പോം ഇവിടുത്തെ മികച്ച കായികതാരമാണ്. ജനങ്ങളുടെ തൊഴിൽ പങ്കാളിത്തം പരിഗണിച്ചാൽ അധികപങ്കും കർഷകത്തൊഴിലാളികളാണ്. കൃഷി, കച്ചവടം,ആടുമാടുകളെ വളർത്തൽ, കരിങ്കൽപ്പണി, കെട്ടിടം പണി, റബർ ടാപ്പിംഗ്, കുട നിർമ്മാണം, മെഴുകുതിരി നിർമ്മാണം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന ധാരാളം പേരുണ്ട്. കൂടാതെ ചുമട്ടുതൊഴിലാളികം, ടാക്സി ഡ്രൈവേഴ്സ്, ചെത്തു തൊഴിലാളികം, തെങ്ങുകയ്യറ്റക്കാർ, തടിപ്പണിക്കാർ, ഇരുമ്പു പണിക്കാർ, എന്നിവരും ഇവിടെയുണ്ട്. അഭ്യസ്തവിദ്യരിൽ ഡോക്ടേഴ്സ്, എൻജിനിയേഴ്സ്, അദ്ധ്യാപകർ, മറ്റുദ്യോഗസ്ഥർ എന്നിവർ ഈ പഞ്ചായത്തിലുണ്ടെങ്കിലും തൊഴിലില്ലായ്മ വേതനത്തിന് അർഹരായവർ ധാരാളം പേരുണ്ടെന്നതാണ് കണക്കുകം കാണിക്കുന്നത്.

ഇവിടെ പ്രവർത്തിക്കുന്ന അന്ധവനിതാ പുനരധിവാസകേന്ദ്രത്തിൽ വിവിധ തൊഴിൽ പരിശീലനം നൽകി വരുന്നുണ്ട്. കുടനിർമ്മാണവും മെഴുകുതിരി നിർമ്മാണവും ഇവിടെ ചെയ്യുന്നുണ്ട്. തയ്യൽ പരിശീലനം നൽകുന്നതിനായി പുതിയ കെട്ടിട സൗകര്യങ്ങം ഒരുക്കികൊണ്ടിരിക്കുന്നു. പഞ്ചായത്തിൽ നിന്നും ഇതിന് വേണ്ടത്ര പ്രോത്സാഹനം നൽകേണ്ടതാണ്.



പോന്നാനിക്കാട് പഞ്ചായത്ത്
TO OONNUKAL
TO CHATHAMATTOM.
TO KOOVALLOOR
TO MYLOOR
TO MAVUDY.
TO KOTHAMANGALAM.
വാരപ്പെട്ടി പഞ്ചായത്ത്
പല്ലാരിമംഗലം പഞ്ചായത്ത്
FROM MUVATTUPUZHA
I
II
III
IV
V
VI
VII
VIII
TO KALIYAR
ആലവന പഞ്ചായത്ത്
TO KULAPPURAM.
RIVER KALIYAR.
= ROADS
= RIVER
= CHIRA
= THODU

ട്രാൻസെക്ട്-1 (പറമ്പഞ്ചേരി-ഇരുട്ടുതോട്)



ഭൂപ്രകൃതി	നിരപ്പ്	പാടം	പള്ളിക്കയറ്റം ചരിഞ്ഞ സ്ഥലം	കുന്നിന്റെ മുകൾ	ചരിവ്	നിരപ്പ്	ചരിവ്	വയൽ
മൺതരം	വെട്ടുകൽ ചേർന്ന ചെങ്കല്ല്	പശിമരാശി മണ്ണ്	ചെങ്കൽ കരിങ്കൽ പാറ	വെട്ടുകൽ ചേർന്ന ചരൽ	വെട്ടുകൽ ചേർന്ന ചരൽ	വെട്ടുകൽ ചേർന്ന ചരൽ	വെട്ടുകല്ല്	പശിമരാശി മണ്ണ്
സസ്യാവരണം	റബർ തെങ്ങ് കന്നാരം വാഴ	റബർ തെങ്ങ് കന്നാരം നെല്ല്	റബർ തെങ്ങ് കൊക്കോ	റബർ തെങ്ങ് കുരുമുളക്	റബർ തെങ്ങ് വാഴ	തെങ്ങ്	റബർ തെങ്ങ്	തെങ്ങ് കമുക് നെല്ല്
പരിസ്ഥിതി പ്രശ്നങ്ങൾ	മണ്ണൊലിപ്പ്	വയലിൽ പുരയിടകൃഷികൾ നടത്തുന്നു.	പാറപൊട്ടിക്കൽ മണ്ണൊലിപ്പ്	മണ്ണൊലിപ്പ്	മണ്ണൊലിപ്പ്	മണ്ണൊലിപ്പ്	മണ്ണൊലിപ്പ്	വയൽ നികത്തുന്നു


ട്രാൻസെക്ട്-2 (ചേലയ്ക്കൽ കടവ് - കൂപള്ളൂർ)




ഭൂപ്രകൃതി	നിരപ്പ്	പാടം	അല്പം ഉയർന്ന പ്രദേശം	ചെറിയ ചരിവും വയലും	ചെറിയ കയറ്റം	ചരിവ്	വയൽ
മൺതരം	എക്കൽ ചേർന്ന പശിമരാശി	വയലിലെ പശിമരാശി	ചെങ്കൽ	ചെങ്കൽ	ചെങ്കൽ	ചെങ്കൽ	ചെങ്കൽ
സസ്യാവരണം	തെങ്ങ് റബർ കൊക്കോ	തെങ്ങ് നെല്ല് കമുക്	റബർ കൊക്കോ തെങ്ങ്	റബർ കൊക്കോ കമുക് തെങ്ങ്	റബർ കമുക് തെങ്ങ് കുരുമുളക്	തെങ്ങ് റബർ വാഴ	തെങ്ങ് നെല്ല് കമുക്
പരിസ്ഥിതി പ്രശ്നങ്ങൾ	മണ്ണൊലിപ്പ്	നിലം നികത്തുന്നു	മണ്ണൊലിപ്പ്	മണ്ണൊലിപ്പ്	മണ്ണൊലിപ്പ്	മണ്ണൊലിപ്പ്	നിലം നികത്തുന്നു

ധ്വനിപ്രതിധ്വനി

ഏപ്പോത്താനിക്കാട് പഞ്ചായത്ത് - ഭൂവിനിയോഗം




പോത്താനിക്കാട് പഞ്ചായത്ത്
N
W
E
S
വാരപ്പെട്ടി പഞ്ചായത്ത്
പല്ലാരിമംഗലം പഞ്ചായത്ത്
കുവയ്യൂർ
ബ്ലോക്ക് 1
പറമ്പഞ്ചേരി
II
III
VI
VII
VIII
പൈങ്ങോട്ടൂർ പഞ്ചായത്ത്
ഇരുമ്പുതോട്ട്
IV
V
ചേലമ്പ്ര കടവ്
ബ്ലോക്ക്-2
അയവന പഞ്ചായത്ത്

ഭാഗം 3

വികസന മേഖലകൾ

A. പ്രാഥമിക മേഖല

കൃഷിയും ജലസേചനവും

മൃഗസംരക്ഷണവും മത്സ്യബന്ധനവും

കൃഷിയും ജലസേചനവും

കൃഷി

മുഖ്യമായും കാർഷികവൃത്തിയിൽ എർപ്പെട്ടിട്ടുള്ള ജനങ്ങളധിവസിക്കുന്ന ഒരു കർഷക ഗ്രാമമാണ് പോത്താനിക്കാട് പഞ്ചായത്തു പ്രദേശം. ഈ നൂറ്റാണ്ടിന്റെ ആരംഭംമുതൽ ഏതാണ്ട് നാല്പതു കാലം വരെ കൃഷിയെന്നാൽ നെൽകൃഷിയെന്നു മാത്രമാണ് വിവക്ഷിച്ചിരുന്നത്. വയലുകളിൽ പരമ്പരാഗതമായരീതിയൽ നെൽകൃഷി നടത്തുകയും പുരയിടങ്ങളിൽ കാട്ടുമരങ്ങളും കുറ്റിച്ചെടികളും വളർന്നുമിരുന്നു. പഞ്ചായത്തിന്റെ തെക്കും പടിഞ്ഞാറും ഭാഗങ്ങളിൽ വൃക്ഷവിളയായി തെങ്ങുകൃഷിയും വളരെ ചുരുക്കമായി നിലവിലുണ്ടായിരുന്നു. കാടുപിടിച്ചുകിടന്നിരുന്ന ബാക്കി സ്ഥലങ്ങളിൽ കുറെ ഭാഗങ്ങളം കാടുവെട്ടി കത്തിച്ച് മോടൻ (മലവിരിപ്പ്) നെൽ കൃഷിയും അതിനു പിന്നാലെ എള്ള് മുതിര മുതലായവയും കൃഷി ചെയ്തുവന്നു. എങ്കിലും പ്രധാനമായും ഈ മലകം വിറക്, പച്ചില എന്നിവ ശേഖരിക്കുന്നതിനും, കന്നുകാലികളെ മേയ്ക്കുന്നതിനും മാത്രമാണ് ഉപയോഗിച്ചുവന്നത്. ഈ പ്രദേശങ്ങളിൽ പ്രത്യേകിച്ച് പഞ്ചായത്തിന്റെ കിഴക്കും, വടക്കും ഭാഗങ്ങളിൽ ജനവാസം തീരെക്കുറവായിരുന്നു.

രണ്ടാം ലോകമഹായുദ്ധകാലഘട്ടത്തിനോടടുപ്പിച്ച്, അന്നത്തെ താരതമ്യേന വികസിത മേഖലകളായ മൂവാറ്റുപുഴ, കൂത്താട്ടുകുളം പിറവം മുതലായ സ്ഥലങ്ങളിൽനിന്നും കൂടുതൽ ചെറുകിട കർഷകർ ഈ ഗ്രാമത്തിലേക്ക് കുടിയേറ്റമാരംഭിച്ചതോടെ ഇവിടുത്തെ കാർഷികരംഗത്തിന്റെ ചിത്രം മാറി. ഇഞ്ചിപ്പുൽ, ഇഞ്ചി, മഞ്ഞം, കച്ചൂലം, മരച്ചീനി എന്നിവയുടെ കൃഷി പ്രചാരത്തിലായി. പുരയിടങ്ങളിൽ സുലഭമായിരുന്ന വിറക്, പുൽതൈലം വാറ്റിയെടുക്കുന്നതിനുപയോഗിച്ചുവന്നു. ഇഞ്ചിപ്പുൽ വാറ്റിയശ്ലേഷം ലഭിക്കുന്ന ചണ്ടി ഒരു നല്ല ജൈവവളമായതിനാൽ അത് മറ്റു കൃഷികൾക്ക് പ്രയോജനപ്പെടുത്തുവാൻ സാധിച്ചു. എന്നാൽ അഴുകിയ ചണ്ടിയിൽ കൊമ്പൻചെല്ലി വർദ്ധിച്ചുപെരുകിയതിനാൽ തെങ്ങുകൃഷി അക്കാലത്തുപരാജയമായിരുന്നു.

പോത്താനിക്കാട് സമീപപ്രദേശങ്ങളായ കാളിയാർ, പരീക്കണ്ണി എന്നിവിടങ്ങളിൽ യൂറോപ്യന്മാരുടെ ആഭിമുഖ്യത്തിൽ അക്കാലത്ത് ആയിരക്കണക്കിനേക്കർ സ്ഥലത്ത് റബർ എസ്റ്റേറ്റുകം നിലവിലുണ്ടായിരുന്നു. ഇതിൽ നിന്നും പ്രചോദനമുൾക്കൊണ്ട് വളരെ ചെറിയ തോതിൽ ഇവിടെ റബർകൃഷിചെയ്യുന്നതിന് ചില കർഷകർ ശ്രമിച്ചു



വെങ്കിലും അക്കാലത്ത് റബർ ലാഭകരമായിരുന്നില്ല. ഒരവസരത്തിൽ റബർകൃഷി നിലനിർത്തുന്നതിനുവേണ്ടി ഇന്ത്യൻറബർബോർഡിൽ നിന്നും റബർ കർഷകർക്ക് കൂപ്പൺ ഏർപ്പെടുത്തി സൗജന്യമായി പണം നൽകിവന്നു.

സ്വാതന്ത്ര്യലബ്ധിക്കുശേഷമുള്ള ആദ്യ ദശകത്തിൽ പഞ്ചായത്തിലെ വിളക്രമത്തിൽ വലിയമാറ്റങ്ങളുണ്ടായി. പ്രധാനവൃക്ഷവിളയായി റബർ പ്രചാരത്തിലായി. അതോടുകൂടി ഇഞ്ചിപ്പുൽകൃഷി ക്രമേണ അപ്രത്യക്ഷമായി. പുൽകൃഷിക്കാവശ്യമായ വിറകിന്റെ അഭാവവും, മണ്ണിന്റെ ഫലഭൂയിഷ്ഠത നഷ്ടപ്പെടുത്തുന്ന ഒരു വിള എന്ന നിലയിലും കർഷകർ ഇഞ്ചിപ്പുല്ലിനെ (തെരുവകൃഷി) കൈവിട്ടു. നെൽകൃഷിക്കുപുറമേ തന്നാണ്ടുകൃഷികളായ ഇഞ്ചി, മഞ്ഞൾ, കച്ചൂലം, മരച്ചീനി, ചേമ്പ്, ചേന,വാഴ എന്നിവ നേർവിളയായും, ഇടവിളയായും തുടർന്നുവന്നു. റബർ, തെങ്ങ്, കമുക്, കുരുമുളക്,എന്നിവയായിരുന്നു അക്കാലത്തെ പ്രധാനവൃക്ഷവിളകൾ.

അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങളുടെ ആവിർഭാവവും, രാസവളം, കീടനാശിനി എന്നിവയുടെപ്രചാരവും നെൽകൃഷിആദായകരമാക്കി. ജലലഭ്യതയുള്ളപ്രദേശങ്ങളെല്ലാം മണ്ണുനിരപ്പാക്കി. ഒരു പൂവും, ഇരുപൂവും നിലങ്ങളാക്കിമാറ്റി. ഒരുപൂമാത്രം കൃഷിയിറക്കുന്ന മ്യാൽ, മാരി എന്നിവ പരമാവധി നെൽകൃഷിക്കുപയുക്തമാക്കി. കുളങ്ങളിൽ നിന്നും തിലാവും തേക്കുകുട്ടയും ഉപയോഗിച്ച് കായികശേഷികൊണ്ട് വെള്ളം ലിഫ്റ്റ് ചെയ്ത് ജലസേചനം നടത്തുന്ന തേക്കുമാരികൾ അക്കാലത്ത് സജീവമായിരുന്നു. വയലുകൾ സ്വന്തമായിട്ടില്ലാതിരുന്ന പരിമിതകർഷകരും കർഷകതൊഴിലാളികളും,താരതമ്യേനവലിയകർഷകരുടെ നിലം പാട്ടത്തിനും പങ്കിനും വാങ്ങി കൃഷിനടത്തി വന്നു. മിക്കവാറും നെൽകർഷകർക്ക് ഉഴവുകാളകൾ സ്വന്തമായുണ്ടായിരുന്നു.

എഴുപതുകളുടെ അവസാനത്തിൽ കർഷകരുടെ ചിന്താഗതിക്ക് വീണ്ടും മാറ്റം സംഭവിച്ചു. പ്രധാനനാണ്യവിളകളായി റബർ, തെങ്ങ്, കൊക്കൊ, കുരുമുളക് എന്നിവസ്ഥാനം പിടിക്കുകയും, മാർക്കറ്റിൽ ഭക്ഷ്യവസ്തുക്കളുടെ ലഭ്യത വർദ്ധിയ്ക്കുകയും, കർഷകതൊഴിലാളിവ്യവസ്ഥിതികളിൽ വന്ന മാറ്റവും,എല്ലാമായപ്പോൾ നെൽകൃഷിമേഖലയ്ക്ക് മാന്ദ്യം അനുവേപ്പെട്ടു. ഒരുകാലത്ത് നിരത്തിയുണ്ടാക്കിയ ഒരുപൂനിലങ്ങൾ റബർ,തെങ്ങ് എന്നീ വൃക്ഷവിളകൾ കൃഷിചെയ്യാൻ ഉപയോഗിച്ചു. സാധ്യമായ ഇരുപുനിലങ്ങളും നികത്തി വൃക്ഷവിളകൾ കൃഷിചെയ്തു. ജൈവവളം ലഭ്യമല്ലാതാകുകയും, രാസവളം മാത്രമുപയോഗിച്ച് നെൽകൃഷി തുടർന്നുവന്നു. ഉഴവുകാഴകൾ ഇല്ലാതായി. പാട്ടവ്യവസ്ഥയും പങ്കുവ്യവസ്ഥയും തീരെയില്ലാതായി. താരതമ്യേനെ ആദായംകുറഞ്ഞ നെൽകൃഷിയോട് കർഷകർക്ക് താൽപ്പര്യം കുറഞ്ഞു വന്നു. കർഷകതൊഴിലാളികൾ നല്ലൊരുഭാഗം കൂലികൂടുതൽ ലഭിക്കുന്ന സംഘടിത മേഖലകളിലേക്ക് (റബർതടിവെട്ടും ലോഡിംഗും, കരിങ്കൽ ലോഡിംഗ്, റബർടാപ്പിംഗ്, തെങ്ങുകയറ്റം മുതലായവ) മാറിയതോടെ സാധാരണ കൃഷിപ്പണികൾക്ക് തൊഴിലാളികൾ വിമുഖരായി. ഇഞ്ചി, വാഴ പച്ചക്കറികൾ,മരച്ചീനി എന്നിവയുടെ കൃഷിയും മേൽ വിവരിച്ച കാരണങ്ങളാൽ കുറഞ്ഞുവന്നു. കൊക്കോ, കാന്നാരം എന്നിവയ്ക്ക് പ്രചാരമേറിവന്നു.

ഇപ്പോൾ പഞ്ചായത്തുപ്രദേശത്ത് കൃഷിചെയ്യുന്ന വിളകൾ എപ്രകാരമെന്ന് ഇനി പരിശോധിക്കാം.

1.	റബർ	1100	ഹെക്ടർ
2.	തെങ്ങ്	190	,,
3.	കമുക്	50	,,
4.	നെല്ല്		
	ഒന്നാംവിള	140	,,
	രണ്ടാംവിള	140	,,
	മൂന്നാംവിള		ഇല്ല
5.	കൊക്കോ	75	,,
6.	കുരുമുളക്	40	,,
7.	വാഴ	200	,,
8.	കന്നാരം	200	,,
9.	കശുമാവ്		
	പ്ലാവ്, മാവ്		
	ജാതി	50	,,
10.	ഇഞ്ചി, മഞ്ഞൾ	50	,,
11.	മരച്ചീനി	10	,,
12.	പച്ചക്കറി, പയർ,		
	എള്ള്	130	,,

നെല്ല്

ഒന്നാം വിളനെൽകൃഷിക്ക് 90 ശതമാനം സ്ഥലത്തും പൊക്കംകുറഞ്ഞതും,ചാഞ്ഞുവീഴാത്തതുമായ അത്യൽപാദനശേഷിയുള്ളവിത്തിനങ്ങളാണ് കൃഷിചെയ്തുവരുന്നത്. ശരാശരിവിളവ് ഹെക്ടറൊന്നിന് 2500 കി.ഗ്രാംആണെന്ന് കണക്കാക്കുന്നു (ജില്ലാശരാശരി2677കി.ഗ്രാം/ഹെക്ടർ.) രണ്ടാംവിളയ്ക്ക് 60ശതമാനം സ്ഥലത്തും നാടൻ വിത്തിനങ്ങംകൃഷിടെയ്യുന്നു.സസ്യസംരക്ഷണപ്രവർത്തനങ്ങം നാടൻഇനങ്ങംക്ക് എളുപ്പമായതിനാലും,വയ്ക്കോൽ കൂടുതൽ ലഭിയ്ക്കുമെന്നതിനാലും വിളവുകുറവാണെങ്കിൽപോലും നാടൻ ഇനങ്ങം കൃഷിചെയ്യുന്നതിനാണ് ഈസീസണിൽ കർഷകർ താല്പര്യം കാണിക്കുന്നത്.രണ്ടാംവിളയ്ക്ക് ഹെക്ടർ ഒന്നിന് 2000 കി.ഗ്രാംമാത്രമാണ് ശരാശരി ഉൽപാദനം (ജില്ലാശരാശരി 2848കി.ഗ്രാം/ഹെക്ടർ).

നെൽകൃഷിയ്ക്ക് ജൈവവളം അപൂർവ്വമായിട്ടേചേർക്കുന്നുള്ളൂ.നിലമുഴുവുന്നതും നിരപ്പാക്കുന്നതും മുഴുവനായും ട്രാക്ടർ, പവർടില്ലർഎന്നിവ ഉപയോഗിച്ചാണ്. പഞ്ചായത്തിൽ നിലവിലുള്ള നാണ്യവിളകളെയപേക്ഷിച്ച് നെൽകൃക്ഷിക്ക് ആദായം കുറവായതിനാലും കർഷകരും കർഷകതെഴിലാളികളും, കൊയ്ത്ത്, മെതിയ്ക്കൽ, അവയുടെ സംസ്ക്കരണം (പ്രത്യേകിച്ച് മഴക്കാലത്ത്) മുതലായ ജോലികളിൽനിന്നും വിട്ടുനിൽക്കുവാനാണ് താൽപര്യം കാണിച്ചുവരുന്നത്. കമ്പോളത്തിൽ അരി സുലഭമായിട്ടുള്ളതും ഒരു കാരണംതന്നെ കറ്റകൊയ്തെടുക്കുന്ന ജോലിക്കാണ് ഏറ്റവുമധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നത്. കൊയ്ത്തിന് ആറിലൊന്ന് പതം നൽകുന്ന ഏർപ്പാടാണ് ഇപ്പോം നിലവിലുള്ളത്. മറ്റു ജോലികംക്ക് പുരുഷത്തൊഴിലാളിക്ക് 8 മണി മുതൽ 5 മണി വരെ സമയത്തിന് ഏകദേശം 90 രൂപായും സ്ത്രീതൊഴിലാളിക്ക് 60 രൂപ കൂലി നിരക്കുമാണ് ഇപ്പോഴുള്ളത്.

അഞ്ചു രജിസ്റ്റേർഡ് നെല്ലുൽപാദക സമിതികളുടെ പരിധിയിൽ വരുന്നതാണ് പഞ്ചായത്തിലെ മൊത്തം പാടങ്ങം കൃഷിഭവൻ വഴി ഇപ്പോം ഹെക്ടറൊന്നിന് 250 രൂപാനിരക്കിൽ രാസവള സ്ബസിഡി കർഷകർക്ക് ലഭിക്കുന്നുണ്ട്.കൂടാതെ മെച്ചപ്പെട്ട വിത്തിനങ്ങം കർഷകർക്ക് നാമമാത്രമായി സൗജന്യ നിരക്കിൽ നൽകുന്നു. ഒരു നെല്ലുൽപ്പാദകസമിതിയ്ക്ക് സൗജന്യ നിരക്കിൽ ഒരു പവർടില്ലറും, ഒരു മെതിയെന്ത്രവും നൽകിയിട്ടുണ്ട്. അനുദിനം ചുരുങ്ങിവരുന്ന നെൽപ്പാടങ്ങളുടെ വിസ്തീർണ്ണം ഇനിയും കുറയാതിരിക്കുന്നതിനും, കർഷകർക്ക് കൃഷി തൊഴിലാളികംക്കും നെൽകൃഷിയോട് ആഭിമുഖ്യം വർദ്ധിപ്പിക്കുന്നതിനും, നെല്ലിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും തീവ്രശ്രമങ്ങം നടത്തേണ്ടിയിരിക്കുന്നു.

ഉൽപ്പന്നത്തിന്റെ വിലവർദ്ധന പ്രായോഗികമായി അസാദ്ധ്യമായതിനാൽ ലക്ഷ്യപ്രാപ്തിക്കായി മറ്റുമാർഗ്ഗങ്ങം അവലംബിക്കേണ്ടതുണ്ട്. നിലവിലുള്ള നെല്ലുൽപ്പാദകസംഘങ്ങളെ സജീവമാക്കി ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം പൂർണ്ണമായും നടപ്പാക്കാവുന്നതാണ്. നെൽകൃഷിയിൽ ഭാഗികമായ യന്ത്രവത്കരണം നടപ്പാക്കണം അതിനായി ഓരോ നെല്ലുൽപ്പാദകസമിതിയ്ക്കും ഒരു പവർടില്ലറും, ഒരു കെയ്ത്തുയന്ത്രവും നാലു മെതിയെന്ത്രങ്ങം എന്നിവയും സൗജന്യമായി നൽകണം.നെൽകൃഷിക്കാവശ്യമായ മുഴുവൻ രാസവളവും സൗജന്യമായി കർഷകർക്ക് നൽകണം. ജൈവവളം വൻതോതിൽ ഉൽപ്പാദിപ്പിക്കുന്നതിനുള്ള സൗകര്യങ്ങം ഏർപ്പെടുത്തണം.

പച്ചക്കറികൾ

നാമമാത്രമായ പച്ചക്കറികൃഷി മാത്രമേ ഇപ്പോം പഞ്ചായത്തു പ്രദേശത്തു നടപ്പാക്കുന്നുള്ളു.നെൽവയലുകളിൽമൂന്നാം വിളയില്ലാത്തതുകാണ്ട് പുഞ്ചസീസണിൽ പാടത്ത് വ്യാപകമായി പയർകൃഷി ചെയ്തുവന്നിരുന്നു. എങ്കിലും അടുത്തകാലത്തായി ഇവയുടെ വിസ്തീർണ്ണം കുറഞ്ഞുവരികയാണ്. ഏകദേശം 320 സെന്റിമീറ്റർ വാർഷീകവർഷപാതം രണ്ടുമൺസൂൺകാലത്തും ഇവിടെ ലഭിക്കുന്നുണ്ട്. കാലവർഷം മൂന്നു നാലു മാസം ദീർഘിക്കുന്നതിനാൽ വർഷകാലപച്ചക്കറികം അത്രകണ്ട് വിളുയിക്കാറില്ല. നല്ല ഉല്പാദനം ലഭിയ്ക്കുന്നത് വയലുകളിലെ വേനൽക്കാലകൃഷിയ്ക്കാണ്. എന്നാൽ ഇവിടത്തെ ഏറ്റവും വലിയ പ്രതിബന്ധം വിപണനരംഗത്തെ പ്രശ്നമാണെന്നു കാണുന്നു. പയർ, വെള്ളരി, കുമ്പളം, മത്തൻ, പാവൽ, പടവലം, വെണ്ട എന്നീ കൃഷികം ജലസേചന സൗകര്യമുള്ള വയലുകളിൽ കൃഷിചെയ്താൽ നല്ല ഉല്പാദനം നേടാമെന്നുള്ളത് ഒരു വസ്തുതയാണ്. വിളവെടുപ്പു സമയത്ത് ഡിമാൻഡില്ലാത്ത ഒരു സാഹചര്യം സാധാരണ കണ്ടുവരാറുള്ളതുകൊണ്ട് ഈ കൃഷിയുടെ വികസനം സാധ്യമാല്ലാതെ വരുന്നു. സഹകരണാടിസ്ഥാനത്തിൽ ഒരു വിപണന സംവിധാനം

പഞ്ചായത്താസ്ഥാനത്ത് ഏർപ്പെടുത്തുവാൻ കഴിഞ്ഞാൽ കർഷകർക്ക് ഒരു മിനിമം വില ഉറപ്പുവരുത്തുവാൻ കഴിഞ്ഞേക്കും. കേരള ഹോർട്ടിക്കൾച്ചറൽ ഡവലപ്മെന്റ് പ്രോഗ്രാം, യൂറോപ്യൻ ഇക്കണോമിക്ക് കമ്മ്യൂണിറ്റി എന്നിവയുടെ ആഭിമുഖ്യത്തിൽ സമീപപ്രദേശങ്ങളായ മൂവാറ്റുപുഴയിലും വാഴക്കുളത്തും രൂപംകൊണ്ടുവരുന്ന മാർക്കറ്റിംഗ് കോംപ്ലക്സ് പഴം, പച്ചക്കറിസംസ്ക്കരണഫാക്ടറി എന്നിവ യാഥാർത്ഥ്യമാകുന്ന മുറയ്ക്ക് ഈ മേഖല കൂടുതൽ സംപുഷ്ടമാകുന്നതാണ്. ഇതിനുപുറമേ പഞ്ചായത്തിലെ ഓരോ വീട്ടുവളപ്പിലും അവരവരുടെയാവശ്യത്തിനുള്ള പച്ചക്കറികൃഷി ഉൽപ്പാദിപ്പിച്ച് ഇക്കാര്യത്തിൽ സ്വയം പര്യാപ്തത നേടുന്നതിനുള്ള യത്നവും നടത്തേണ്ടതാണ്. എളിയതോതിൽ നടത്തുന്ന ഈ കൃഷിക്ക് രാസവളം, കീടനാശിനി എന്നിവ ഒഴിവാക്കിക്കൊണ്ട് ശുദ്ധമായ പച്ചക്കറിയുൽപ്പാദനത്തിനുള്ള പ്രോത്സാഹനം നൽകേണ്ടതാണ്. പച്ചക്കറി കൃഷിയിൽനിന്നുള്ള ആദായത്തിനുപുറമേ, ഈ പരിപാടി മൂലം കൂടുതൽ തൊഴിലവസരങ്ങൾ സംജാതമാകുകയും, മണ്ണു സംപുഷ്ടമാകുകയും, ആഹാരത്തിലെ പോഷകമൂല്യം വർദ്ധിക്കുകയും ചെയ്യുന്നുവെന്നുള്ള വസ്തുത ബോധവൽക്കരണത്തിലൂടെ പ്രചരിപ്പിക്കാവുന്നതാണ്.

തെങ്ങ്

പഞ്ചായത്തുപ്രദേശത്തു തെങ്ങുകൃഷിയുടെ വിസ്തീർണ്ണം 190 ഹെക്ടർ ആണ്. തെങ്ങൊന്നിന് ശരാശരി വാർഷീക ഉൽപാദനം 42 തേങ്ങ എന്ന് കണക്കാക്കുന്നു. ഇത് സംസ്ഥാന ശരാശരിയെക്കാൾ അല്പം കൂടുതലാണെങ്കിലും (സംസ്ഥാന ശരാശരി 38 തേങ്ങ) കുന്നിൻചരുവുകളിലും പറമ്പുകളിലുമുള്ള തെങ്ങിന് ശരാശരി 20 തേങ്ങയേ ലഭിയ്ക്കുന്നുള്ളു. തെങ്ങിന് മഞ്ഞളിപ്പും, കൂമ്പുചീയലും വ്യാപകമായിട്ടുണ്ട്. പാടത്തും, ചാലുകളിലും പുതുകൃഷി നടത്തിയിട്ടുള്ള തെങ്ങിന് പരിചരണം തീരെയില്ല. ജൈവവളങ്ങൾ ഒട്ടും തന്നെ ഉപയോഗിക്കുന്നില്ല. സസ്യസംരക്ഷണപ്രവർത്തനങ്ങളും നാമമാത്രമാണ് ചിട്ടയായ പരിചരണങ്ങളും, സസ്യസംരക്ഷണ പ്രവർത്തനങ്ങളും, ജൈവവളപ്രയോഗവും, ഇടവിള കൃഷിയുടെ വ്യാപനവും സാധിച്ചാൽ, ഈ പ്രദേശത്തെ നാളികേരഉൽപാദനം തെങ്ങൊന്നിന് ശരാശരി 60 തേങ്ങയായി ഉയർത്താവുന്നതാണ്. ഉൽപ്പാദനം തീരെ നിലച്ചുപോയ തെങ്ങുകൾ വെട്ടിമാറ്റി പുതുകൃഷി നടത്തേണ്ടതാണ്.

തെങ്ങുകൃഷി വികസനവുമായി ബന്ധപ്പെട്ട് ഒരു കേരവികസന സമിതി പ്രവൃത്തിക്കുന്നുണ്ട്. കൃഷി വികസനത്തിന്റെ എല്ലാകാര്യങ്ങളും പ്രത്യേകിച്ച് പ്രാദേശിക സന്നദ്ധപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഈ സമിതിയുടെ പ്രവർത്തനങ്ങൾ സജീവമാക്കണം. ആവശ്യത്തിന് സ്പ്രേയറുകൾ തെങ്ങുകയറുന്നതിനുള്ള യന്ത്രം എന്നിവ സമിതിവഴി ലഭ്യമാക്കുണം.

റബർ

പഞ്ചായത്തിന്റെ എല്ലാപ്രദേശങ്ങളിലും ഒരുപോലെ വ്യപകമായിട്ടുള്ളതും, വിസ്തീർണ്ണത്തിൽ പ്രഥമസ്ഥാനത്ത് വരുന്നതുമായതാണ് റബർ കൃഷി. 1100 ഹെക്ടർ സ്ഥലത്ത്ഇപ്പോൾ ഈ കൃഷി ചെയ്തുവരുന്നു. ഉൽപ്പന്നത്തിന് മോശമല്ലാത്ത വില ലഭിക്കുന്നതുകൊണ്ടും റബർബോർഡിൽനിന്നും ലഭിക്കുന്ന സാമ്പത്തിക ആനുകൂല്യങ്ങളും വായ്പ സൗകര്യങ്ങളും മറ്റുമുള്ളതുകൊണ്ടും നടീൽ വസ്തുക്കളുടെ ലഭ്യത അനുയോജ്യമായ ഭൂപ്രകൃതി മുതലായ അനേകം കാരണങ്ങളാൽ കർഷകർക്ക് ഏറ്റവും കൂടുതൽ ആഭിമുഖ്യം റബർകൃഷിയോടാണ്. ഈ പ്രദേശത്തിന്റെ സമ്പത്ത്ഘടനതന്നെ റബർകൃഷിയെയാശ്രയിച്ചിരിക്കുന്നു. റബറിന്റെ ഉൽപ്പാദനക്ഷമത ഹെക്ടർ ഒന്നിന് 1500 കി.ഗ്രാം മാത്രമാണ്. സംസ്ഥാനത്തെ വൻകിട റബർ എസ്റ്റേറ്റുകളിലെ ശരാശരി ഉൽപ്പാദന (3500 കി.ഗ്രാം) വുമായി താരതമ്യപ്പെടുത്തുമ്പോൾ ഇനിയും വിളവിന്റെ തോത് ഉയർത്തേണ്ടിയിരിക്കുന്നു. റബർകൃഷിയിലെ ശാസ്ത്രീയ വശങ്ങൾ അനേകം കർഷകരിൽ ഇനിയും എത്തേണ്ടതുള്ളതിനാൽ റബർ ബോർഡിന്റെ കൃഷിവികസനപ്രവർത്തനങ്ങളിൽ പ്രത്യേകിച്ച് ബോധവത്ക്കരണ പരിപാടികൾക്ക് പിന്തുണ നൽകുന്നതിനുള്ള സന്നദ്ധപ്രവർത്തനം രൂപപെടുത്തേണ്ടതുണ്ട്. റബർ ടാപ്പിംഗ് രംഗത്തേയ്ക്ക് യുവതലമുറ കടന്നുവരുന്നതിനുള്ള ഉത്സാഹം കുറഞ്ഞുവരുന്നതായികാണുന്നു. കൃഷിതൊഴിലാളിയ്ക്ക് കൽപ്പിക്കപ്പെടുന്ന മാന്യതയുടെ കുറവും, ജോലിസ്വഭാവമനുസരിച്ചുള്ള വേതനത്തിന്റെ കുറവും അവരെ സംഘടിതവും അദ്ധ്വാനഭാരം കുറഞ്ഞതുമായ മറ്റു മേഖലകളിലേയ്ക്ക് ആകർഷിക്കപ്പെടുന്നു. കർഷകതൊഴിലാളികൾക്കായി റബർബോർഡിൽ നിന്നും ഇപ്പോൾ അനേകം ക്ഷേമപ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. അതുപോലെതന്നെ റബർടാപ്പിംഗ് പരിശീലനത്തിനുള്ള സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തു പ്രദേശത്ത് ഇപ്പോൾ രണ്ട് റബറുൽപ്പാദകസഹകരണസംഘങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. റബർബോർഡിന്റെ വികസനപ്രവർത്തനങ്ങൾ മിക്കവാറും ഈ സംഘങ്ങളെ കേന്ദ്രീകരിച്ചായതുകൊണ്ട്. ഇവയെ

കൂടുതൽ സജീവമാക്കി, റബർബോർഡും, കർഷകരും കർഷകത്തൊഴിലാളികളും ഉൾപ്പെടുന്ന പ്രവർത്തനമേഖല ഏകോപിപ്പിക്കണം. R.P.S കൾക്ക് ഓരോ മിസ്റ്റുബ്ളോവർ സൗജന്യമായി നൽകുന്നു.

കമുക്

പഴയതലമുറയിലെ കമുകുകൃഷി ഏതാണ്ട് പൂർണ്ണമായും അപ്രത്യക്ഷമായി. മഞ്ഞളിപ്പു രോഗവും,പ്രായാധിക്യവും മൂലം നശിച്ചുപോയ ഈ കൃഷി കഴിഞ്ഞ രണ്ടു ദശകങ്ങൾക്കുള്ളിൽ പലഭാഗങ്ങളിലും വിജയപ്രദമായരീതിയിൽ കൃഷിചെയ്തു തുടങ്ങിയിട്ടുണ്ട്. അത്യുൽപ്പാദനശേഷിയുള്ള പുതിയയിനങ്ങളുടെ ലഭ്യതയും, തന്നാണ്ടു കൃഷികളോടുള്ള താല്പര്യക്കുറവും മൂലം ജലസേചനസൗകര്യമുള്ള ഭാഗങ്ങളിൽ കമുകുകൃഷിയുടെ വിസ്തീർണ്ണം ഏറിവരുന്നു. 50 ഹെക്ടർ സ്ഥലത്ത് ഇപ്പോൾ ഈ കൃഷി ചെയ്തുവരുന്നു. സസ്യസംരക്ഷണമുറകൾക്ക് പ്രാമുഖ്യം നൽകി ശാസ്ത്രീയ കൃഷിമുറകൾ അനുവർത്തിച്ചാൽ ഈ കൃഷിക്ക് ഇനിയും വികസന സാധ്യതകൾ ഏറെയുണ്ട്. അതിനുള്ള ബോധവൽക്കരണവും സാമ്പത്തിക സൗജന്യങ്ങളും ഏർപ്പെടുത്തേണ്ടതുണ്ട്.

ഇടവിളകൾ

ഈ പഞ്ചായത്തിൽ കൃഷിയോഗ്യമായ തരിശു ഭൂമി തീരെയില്ല. പുരയിടകൃഷിക്കായി ആകെ ലഭ്യമായിട്ടുള്ള 1442 ഹെക്ടർ സ്ഥലത്തിൽ 76.2 ശതമാനം സ്ഥലവും വിവിധപ്രായത്തിലുള്ള റബർകൃഷിസ്ഥലമാണ് .റബർ തൈകൾനട്ട് ആദ്യത്തെമൂന്നുവർഷം കന്നാരം, ഇഞ്ചി, വാഴ, എള്ള് മുതലായ ഇടവിളകൾ കൃഷിചെയ്തു വരുന്നു. പിന്നീടുള്ള വർഷങ്ങളിൽ റബർകൃഷിയിൽയാതൊരു ഇടവിളയും സാധ്യമല്ല. എല്ലാവർഷവും ഏതെങ്കിലും ഭാഗങ്ങളിൽ റബർ ആവർത്തനകൃഷിനടക്കുന്നതുകൊണ്ട് റബർകൃഷിയിലെ ഇടവിള വലിയ തടസ്സങ്ങളില്ലാതെനടക്കുന്നു. നെൽവയലിലെ പുഞ്ചസീസൺ ഉൾപ്പെടെ മറ്റു പുരയിടങ്ങളിൽ പ്രത്യേകിച്ച് തെങ്ങിൻതോട്ടങ്ങളിൽ വിളസാന്ദ്രത കുറവായിട്ടാണ് കാണുന്നത്. തെങ്ങിൻതോട്ടഇടവിളകൃഷിയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് ഒരു ബഹുനില കൃഷിസമ്പ്രദായം രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. ഇടവിളകൾ കൃഷിചെയ്യുന്നതുമൂലം തെങ്ങിന് വിളവുവർദ്ധിക്കുമെന്നുമാത്രമല്ല ഒരു നിശ്ചിത സ്ഥലത്തുനിന്നു ലഭിക്കുന്ന ആദായം പല മടങ്ങുകൂടുതലുമായിരിക്കും.

പരമാവധി സൂര്യപ്രകാശം ചൂഷണം ചെയ്തു തെങ്ങിൻതോട്ടത്തിൽ ലാഭകരമായി ചെയ്യാവുന്ന ഒരു ഇടവിളയാണ് കൊക്കോ. പോത്താനിക്കാട് പ്രദേശം ഇതിനനുയോജ്യമാണെന്ന് തെളിഞ്ഞിട്ടുണ്ട്. പെട്ടന്ന് വിളവുലഭിക്കുകയും പരസഹായമില്ലാതെ ചെറുകിടക്കർഷകർക്ക് കൈ കാര്യം ചെയ്യാവുന്നതും വിപണനസൗകര്യങ്ങൾ സാമാന്യം തൃപ്തികരമായതിനാലും ഈ കൃഷിയ്ക്ക് ഇവിടെ നല്ല സാദ്ധ്യതയാണുള്ളത്. നേർവിളയായിട്ടും ഇടവിളയായിട്ടും ഇപ്പോൾ 75 ഹെക്ടർ സ്ഥലത്തുമാത്രമാണ് ഈ കൃഷി നടത്തിട്ടുള്ളത്. ഇവിടെ 190 ഹെക്ടർ സ്ഥലത്തു തെങ്ങുകൃഷിയുള്ള സ്ഥിതിയ്ക്ക് ഇനിയും ഒരു 75 ഹെക്ടർ സ്ഥലത്തുകൂടി കൊക്കോ കൃഷി ചെയ്യുന്നതിനു പ്രയാസമില്ല. ഈ കൃഷിയിലെ ഏകപ്രശ്നം എലി, അണ്ണാൻ എന്നിവയുടെ ശല്യമാണ്. ഏകദേശം 15 ശതമാനം വിളവ് ഇവ നശിപ്പിയ്ക്കുന്നതായി കണക്കാക്കുന്നു. എലി നിയന്ത്രണവും, അണ്ണാൻ നിയന്ത്രണവും പഞ്ചായത്തടിസ്ഥാനത്തിൽ സന്നദ്ധസംഘടനകളുടെ സഹായത്തോടെ ഏറ്റെടുക്കേണ്ടിയിരിക്കുന്നു.

സൂര്യപ്രകാശം ലഭിക്കുന്നതിന് സൗകര്യമുള്ള തെങ്ങിൻ തോട്ടങ്ങളിൽ കുരുമുളക് വളർത്താവുന്നതാണ്. രണ്ടു നിരത്തെങ്ങുകൾക്കിടയിൽ ശീമക്കൊന്ന നട്ട് കുരുമുളക് കൃഷി ചെയ്യാവുന്നതാണ്. പച്ചില മറ്റുവിധത്തിൽ ലഭ്യമല്ലാത്തതിനാൽ നമ്മുടെ കാലാവസ്ഥയ്ക്ക് ഏറ്റവും അനുയോജ്യമായ ശീമക്കൊന്ന വ്യാപകമായി നടുന്നതിന് പ്രോത്സാഹനം നൽകേണ്ടിയിരിക്കുന്നു. ഇങ്ങനെയായൽ തെങ്ങിൻ തോട്ടത്തിലെ പച്ചിലയുടെ കാര്യത്തിൽ ഓരോ കർഷകനും സ്വയംപര്യാപ്തതയിലെത്താനാകും. ഇവ അതിരുകളിലും നടാവുന്നതാണ് മുരിക്കിനെക്കാൾ വിശ്വാസയോഗ്യമായ ഒരു താങ്ങുമരമാണ് ശീമക്കൊന്ന എന്നത് ശ്രദ്ധേയമാണ്. കൂടാതെ തെങ്ങിൽത്തന്നെ കുരുമുളക് പടർത്തിക്കയറ്റി കുരുമുളകുൽപ്പാദനം വർദ്ധിപ്പിക്കാൻ സാധിക്കും. കുരുമുളകു കൃഷിയ്ക്ക് ഏറ്റവും വലിയ ഭീഷണി ദ്രുതവാട്ടം എന്ന മാരകരോഗമാണ്. ഇത് മുൻകൂട്ടികണ്ട് പ്രതിരോധ നടപടികൾ ശാസ്ത്രീയമായും സംഘടിതമായും നടക്കേണ്ടതാണ്. ഇപ്പോൾ 40 ഹെക്ടർ സ്ഥലമാണ് കുരുമുളകു കൃഷിയ്ക്ക് വേണ്ടി ഉപയോഗിക്കുന്നത്. ഇത് ഇനിയും മറ്റൊരു 40 ഹെക്ടർ സ്ഥലത്തേയ്ക്കുകൂടി വ്യാപിപ്പിച്ചിരിയ്ക്കുവാൻ കഴിയും.

ഇടവിളയുടെ കൂട്ടത്തിൽ വിവിധയിനം വഴക

ളുടെ, പ്രത്യേകിച്ച് പാളയങ്കോടൻ വാഴ കൃഷിയെപ്പറ്റി ചിന്തിക്കേണ്ടതാണ്. എല്ലാക്കാലത്തും വിപണിയുള്ളതും, താരതമ്യേന പരിചരണം എളുപ്പമായതും കുറുനാമ്പുരോഗം വലിയ ഗൗരവമായി ഇതിനെ ബാധിക്കാത്തതിനാലും പുതിയതായി ഈ കൃഷി 25 ഹെക്ടർ സ്ഥലത്തേയ്ക്കുകൂടി വ്യാപിപ്പിക്കേണ്ടതാണ്. തടതുരപ്പൻപുഴുവിനെ നിയന്ത്രിക്കുന്നതിന് സംഘടിതമായ ശ്രമവും വേണ്ടി വരും

പശുവളർത്തൽ രംഗത്തെ ഏറ്റവും വലിയ പ്രതിസന്ധിയായ കാലിത്തീറ്റ പ്രശ്നം പരിഹരിക്കുന്നതിന് തീറ്റപ്പുൽകൃഷി വിപുലപ്പെടുത്തിയെ മതിയാകു. ഇപ്പോഴും തീറ്റപ്പുൽകൃഷി ഈ പഞ്ചായത്തിൽ നാമമാത്രമായേനിലവിലുള്ളു. ഈർപ്പത്തിന്റെയും സൂര്യപ്രകാശത്തിന്റെയും ലഭ്യതയനുസരിച്ച് ഇടവിളയായും കൃഷിയടത്തിന്റെയരുകുകളിലായി ഈ കൃഷിയേറ്റെടുത്തു നടത്താവുന്നതാണ്. നല്ലയിനം തീറ്റപ്പുല്ലിന്റെ കാനികാം വിതരണം നടത്തുവാനുള്ള സംവിധാനമുണ്ടാക്കണം.

ജൈവവളങ്ങൾ

നടപ്പു ദശകത്തിൽ കാർഷീക രംഗത്തു സംഭവിച്ച മാന്ദ്യതയുടെ ഒരു പ്രധാനകാരണം ജൈവവളങ്ങളുടെ ഉപയോഗത്തിൽ വന്ന കുറവാണെന്നുള്ളത് ഇന്ന് പരക്കേ അംഗീകരിക്കപ്പെട്ടിട്ടുള്ള വസ്തുതയാണ്. നെൽ വയലുകളിൽ പച്ചക്കറി, എള്ള് മുതലായവ കൃഷി ചെയ്യാൻ കഴിയാത്ത സ്ഥലങ്ങളിൽ നിർബന്ധമായും വെള്ളപ്പയർ, സൺഹെമ്പ് തുടങ്ങിയ പച്ചിലവളച്ചെടികാം വളർത്തി നെൽകൃഷിക്കാവശ്യമുള്ള പച്ചിലവളം ഉൽപ്പാദിപ്പിച്ചേമതിയാകു. ഒരുകാലത്ത് ഈസമീപനം കർഷകർ അംഗീകരിച്ചുനടപ്പാക്കിയിട്ടുള്ളതാണ്. കഴിഞ്ഞകുറേവർഷങ്ങളായിമുടങ്ങിക്കിടക്കുന്ന ഈ കാർഷികമുറ നെൽകൃഷിയുടെ പുനരുദ്ധാരണത്തിന് ഒഴിച്ചുകൂടാൻവയ്യാത്തതാണ്. തെങ്ങിൻതോട്ടത്തിലെ പച്ചിലയുടെയാവശ്യത്തിന് ധാരാളംശീമക്കൊന്ന നടുന്നതിനുള്ളസാഹചര്യം സൃഷ്ടിക്കണം. കൂടാതെ ജൈവവളം ഉൽപാദിപ്പിയ്ക്കുന്നതിനുള്ള പുരാതനസങ്കേതമായ കമ്പോസ്റ്റുനിർമ്മാണം ഓരോകർഷകനും ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഇതിനായി ഒരു തീവ്രയജ്ഞപരിപാടി തന്നെ സന്നദ്ധസേവനത്തിലൂടെ ആവിഷ്കരിക്കണം. ഈ പഞ്ചായത്തിൽ ആകെയുള്ള രണ്ടായിരത്തിൽപരം കർഷകകുടുംബങ്ങളിലും ശരാശരി ഒരുവീടിന് രണ്ട് കമ്പോസ്റ്റ്കുഴികാം എന്നതോതിലെങ്കിലും കമ്പോസ്റ്റ്നിർമ്മാണം ശാസ്ത്രീയമായിനടപ്പിലാക്കണം. ഇതുവഴി ഏകദേശം 1200 ലോറി ലോഡ്കമ്പോസ്റ്റ് എങ്കിലുംപ്രതിവർഷം ഉൽപാദിപ്പിക്കാവുന്നതാണ്.

എലിനശീകരണം

മരച്ചീനി, കൊക്കോ, തെങ്ങ്, കന്നാര, നെല്ല് മുതലായ മിക്ക വിളകാംക്കും സാരമായനഷ്ടം വരുത്തുന്നതാണ് എലികാം. അടുത്തകാലത്തായി എലികളുടെ വർദ്ധനക്രമാതീതമായിട്ടുണ്ട്. ഈ പഞ്ചായത്തിൽ, പഞ്ചായത്തുമൊത്തമായി ചിട്ടയായ രീതിയിൽ സന്നദ്ധപ്രവർത്തകരുടെ മേൽനോട്ടത്തിൽ ഒരു തീവ്രയത്നപരിപാടികാം സംഘടിപ്പിയ്ക്കേണ്ടിയിരിക്കുന്നു. ഇതിനാവശ്യമായ ബോധവത്ക്കരണവും, സാധനസാമഗ്രികളും ലഭ്യമാക്കണം.

മണ്ണും ജലവും സംരക്ഷണം

തിമേനാന്നതങ്ങളും, ചരിവുകളും, ചാലുകളും നിറഞ്ഞ ഈ പ്രദേശത്ത് പ്രതിവർഷം 320 സെ.മീറ്റർ വർഷപാതം ലഭിക്കുന്നുണ്ട്. മുൻകൊല്ലങ്ങളിൽ ഇഞ്ചി, മരച്ചീനി മുതലായ കൃഷികാം നിരന്തരമായി ചെയ്തു നമുക്ക് ഏറെ മേൽമണ്ണ് നഷ്ടപ്പെട്ടിട്ടുണ്ട്. ജലസേചനത്തിനും, ഗാർഹികാവശ്യങ്ങാംക്കുമായി മിക്കവാറും കുളങ്ങളിൽ നിന്നും വെള്ളം പമ്പുചെയ്തുവരുന്നു. റബർകൃഷിയുടെ വ്യാപനവും, ചിറകളും വലിയ കുളങ്ങളും സംരക്ഷിക്കാത്തതുമൂലവും ഭൂഗർഭജലവിതാനം താഴ്ന്നുകൊണ്ടിരിയ്ക്കുകയാണ്. അതുകൊണ്ട് ചരിവുകളിൽ കല്ലുകൈയ്യാലവച്ചും, എല്ലാ ഭാഗങ്ങളിലും നീർക്കുഴികാം സൃഷ്ടിച്ചും മണ്ണും ജലവും സംരക്ഷിയ്ക്കേണ്ടതുണ്ട്. ഇതിനു വരുന്ന സാമ്പത്തിക ബാദ്ധ്യതയുടെ പകുതിയെങ്കിലും കർഷകർക്ക് സൗജന്യമായി നൽകണം നീർമറിപ്രദേശങ്ങളുടെ വികസനത്തിനായി നടീൽ വസ്തുക്കളും ലഭ്യമാക്കണം.


വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഇവിടെയുള്ള കർഷകരുടെ വിവരം ഇപ്രകാരമാണ്.

ഒരു ഹെക്ടർ ഭൂമിയിൽ താഴെയുള്ള കർഷകർ	1297
ഒരു ഹെക്ടറിനും രണ്ടു ഹെക്ടറിനുമിടയിൽ ഭൂമിയുള്ള കർഷകർ	805
രണ്ടു ഹെക്ടറിൽ കൂടുതൽ ഭൂമിയുള്ള കർഷകർ	130
ആകെ	2232

ഭൂരിഭാഗം കർഷകരും ചെറുകിട, പരിമിത വിഭാഗത്തിൽപ്പെടുന്നവരായതുകൊണ്ട്, പ്രകൃതി ക്ഷോഭം മൂലം കൃഷിനാശം സംഭവിക്കുന്നത് പതിവായതുകൊണ്ട് പഞ്ചായത്തുമുൻ നിന്നു എല്ലാവിളകൾക്കും ഇൻഷ്വറൻസ് ഏർപ്പെടുത്തുകയും മുഴുവൻ കർഷകരേയും അതിലുൾപ്പെടുത്തുന്നതിനും കഴിയണം. ഇതിനു സന്നദ്ധപ്രവർത്തകരുടെ സഹായം ലഭ്യമാക്കണം. കൃഷിഭവൻ വഴിയും കാലാകാലങ്ങളിൽ

സാമ്പത്തീക ആനുകൂല്യങ്ങൾ പലപ്പോഴും അർഹപ്പെട്ടവർക്ക് ലഭിയ്ക്കാതെ വരികയും ലഭിക്കുന്നതു തന്നെ പൂർണ്ണമാകാതെ വരികയും ചെയ്യാറുണ്ട്. ഇതൊഴിവാക്കി വിതരണം കുറ്റമറ്റതാക്കുവാൻ തെരഞ്ഞെടുത്തജനപ്രതിനിധികളെ കൂടാതെ ഓരോ വാർഡിൽനിന്നും കർഷകപ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിയ്ക്കണം.

ജലസേചനം



ജലസേചന സൗകര്യം തീരെക്കുറവുള്ള ഒരു പ്രദേശമാണ് പോത്താനിക്കാട്. പഞ്ചായത്തിന്റെ തെക്കേ അതിർത്തിയിലൂടെ കാളിയാർ പുഴയൊഴുകുന്നു. 5,4,2,1 വാർഡുകൾക്ക് പുഴയുടെ സാമീപ്യം ലഭിക്കുന്നുണ്ട്. ചെറുകിട ജലസേചനത്തിനുവേണ്ടി ലിഫ്റ്റിറിഗേഷൻ പദ്ധതികളൊന്നും നിലവിലില്ല. വൻകിട ജലസേചനപദ്ധതിയായ മൂവാറ്റുപുഴ നദീതടപദ്ധതിയിൻ കീഴിൽ അതിന്റെ വലതുകര മെയിൻ കനാൽ നിർമ്മാണത്തിന്റെ ആരംഭഘട്ടത്തിലാണ്. പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തുകൂടി 5,6,3 എന്നീ വാർഡുകളിൽകൂടി ഈ കനാൽകടന്നുപോകുന്നു. പുളിന്താനം ഭാഗത്തേയ്ക്ക് ഒരു ബ്രാഞ്ച് കനാലും ലിഫ്റ്റിംഗ് സംവിധാനത്തോടുകൂടി വാക്കത്തിപ്പാറ, വെളിച്ചെണ്ണക്കണ്ടം, കൂവള്ളൂർ എന്നിവിടങ്ങളിലേയ്ക്കു ഓരോ ബ്രാഞ്ചു കനാലും നിർമ്മിച്ചാൽ മാത്രമേ ഏകദേശം ഏല്ലാവിളകൾക്കും ജലസേചനസൗകര്യം ലഭിക്കുകയുള്ളു.

കാളിയാർ പുഴയിൽ പുതുവേലിക്കടവിലും, 1,4,5 വാർഡുകളിലും ലിഫ്റ്റിറിഗേഷൻ നടപ്പാക്കുവാൻ നല്ല സാദ്ധ്യതകളാണുള്ളത്. കൃഷിയിടങ്ങളിൽ വ്യക്തിപരമായ നിലയിൽ ജലസേചനസൗകര്യം ഏർപ്പെടുത്തുവാൻ ഏല്ലാ വാർഡുകളിലും സൗകര്യങ്ങളുണ്ട്. ഇതിനായി കുളം നിർമ്മിക്കുന്നതിനും പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിനും വൈദ്യുതി കണക്ഷനും സാരമായ സാമ്പത്തിക സഹായം നല്കണം. ഏകദേശം 100 കുളങ്ങൾ കുഴിക്കുന്നതിനും അത്രയും പമ്പുസെറ്റുസ്ഥാപിക്കുന്നതിനും സാധിച്ചാൽ ഇപ്പോഴുള്ള വിളകൾക്ക് ജലസേചനം ഉറപ്പാക്കാവുന്നതാണ്. വൈദ്യുതിയില്ലാത്ത പ്രദേശങ്ങളിൽ മണ്ണെണ്ണ ഉപയോഗിച്ചുള്ള പമ്പുസെറ്റുകളും ഇക്കൂട്ടത്തിലുൾപ്പെടുത്താം. മണ്ണെണ്ണ ലഭിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തണം. പാടശേഖരങ്ങളുടെ സംരക്ഷണബണ്ടുകൾ വളരെ തുഛമായിട്ടെ നിർമ്മിച്ചിട്ടുള്ളു. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അഞ്ചു നെല്ലുൽപ്പാദകസമിതികളുടെ പരിധിയിൽ വരുന്ന പാടശേഖരങ്ങളിലും സംരക്ഷണബണ്ടുകൾ നിർമ്മിക്കേണ്ടതുണ്ട്. കണിക ജല

സേചന രീതിയിവിടെ ഒരു സ്ഥലത്തുപോലും പ്രാബല്യത്തിലായിട്ടില്ല. ജലദൗർലഭ്യം ഏറെയുള്ള ഈ പഞ്ചായത്തിന് ഏറ്റവും അനുയോജ്യമായ ജല സേചന രീതിയാണിത്. ഇതിലേയ്ക്കുവേണ്ടിവരുന്ന മുതൽമുടക്കിന്റെ മുക്കാൽഭാഗവും മറ്റു സാങ്കേതികസൗകര്യങ്ങളും കർഷകർക്ക് എർപ്പെടുത്തിക്കൊടുക്കണം.

കൃഷി ജലസേചനമേഖലകളെ വിശകലനം ചെയ്തതിൽ ഇവയുടെ പ്രശ്നങ്ങളും സാധ്യതകളും ഇപ്രകാരം സംഗ്രഹിയ്ക്കാം.

പ്രശ്നങ്ങൾ

1. നെല്ല് കൃഷി ചെയ്യുന്നതിന് കർഷകർക്ക് താൽപ്പര്യം കുറയുന്നു.

2. ഒരു കൃഷിയ്ക്കും ജൈവവളം ആവശ്യത്തിന് ചേർക്കുന്നില്ല.

3. വേനൽക്കാലപച്ചക്കറികൃഷിക്ക് സാധ്യതയുണ്ടെങ്കിലും വിപണി ശരിയല്ല.

4. ഇടവിളകൾ കുറവാണ്.

5.എലിശല്യം വളരെ കൂടുതലാണ്.

6. ജലസേചന സൗകര്യം തീരെക്കുറവാണ്.

7. മണ്ണൊലിപ്പുകൂടുതലായിയുണ്ട്.

8. വിളകൾക്ക് ഇൻഷുറൻസ് പരിരക്ഷ നാമമാത്രമാണ്.

9. കർഷകർക്കുള്ള ആനുകൂല്യങ്ങൾ മുഴുവനായും, അർഹതയനുസരിച്ചും പലപ്പോഴും എത്തുന്നില്ല.

സാധ്യതകൾ

1. നെൽകൃഷിയിൽ ഭാഗികമായ യന്ത്രവൽക്കരണം വേണം. നെല്ലുൽപ്പാദകസമിതികളുടെ പ്രവർത്തനം ഊർജ്ജിതമാക്കി ഗ്രൂപ്പ്ഫാമിംഗ് സമ്പ്രദായം ശക്തിപ്പെടുത്തണം. രാസവളത്തിന്റെ വില സൗജന്യമാക്കണം.

2. വയലുകളിൽ പച്ചിലവളച്ചെടികൾ കൃഷി ചെയ്തും, പുരയിടങ്ങളിൽ ശീമക്കൊന്ന കൂടുതലായി നട്ടും പച്ചിലവളമുൽപ്പാദിപ്പിക്കണം. പയറും വേനൽക്കാല പച്ചക്കറികളും പുഞ്ചസീസണിൽ പാടങ്ങളിൽ കൃഷിചെയ്യണം. കമ്പോസ്റ്റുനിർമ്മാണം വ്യാപകമാക്കണം.

3. പച്ചക്കറികൃഷിക്കുവേണ്ടി ഒരു വിപണന സഹകരണസംഘം രൂപീകരിക്കണം. ഈ സംഘം ഉൽപ്പാദനമേഖലയിലും പ്രവർത്തിക്കണം.

4. കൊക്കോ, കുരുമുളക്, വാഴ, തീറ്റിപ്പുൽ എന്നിവയുടെ കൃഷി വ്യാപകമാക്കണം.

5. എലി നശീകരണത്തിന് പഞ്ചായത്തു പ്രദേശം മുഴുവൻ ഉൾപ്പെടുത്തി ഒരു തീവ്രയത്നപരിപാടി ആസൂത്രണം ചെയ്യണം.

6. കാളിയാർ പുഴയിൽനിന്നും ലിഫ്റ്റിറിഗേഷനും മറ്റു സ്ഥലങ്ങളിൽ കുളങ്ങൾ നിർമ്മിച്ച് പമ്പുസെറ്റുകളും വ്യാപകമായി സ്ഥാപിക്കുക. കണിക ജലസേചനരീതിയിൽ വ്യാപകമാക്കണം.

7. നീർമറി പ്രദേശങ്ങളിൽ കല്ലുകൈയ്യാല പ്രോത്സാഹിപ്പിക്കണം.

8.എല്ലാ വിളകൾക്കും ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തണം.


9. വാർഡുകൾക്ക് പ്രാതിനിധ്യം നൽകി ഒരു കർഷക കമ്മിറ്റിയെ നിയോഗിച്ച് കൃഷിഭവന്റെ പ്രവർത്തനം കുറ്റമറ്റതാക്കണം.

മൃഗസംരക്ഷണവും മത്സ്യബന്ധനവും

മൃഗസംരക്ഷണം

1950 കളുടെയാരംഭത്തിൽ ഈ പ്രദേശത്തുള്ള മുഴുവൻ വസതികളോടും ചേർന്ന് ഒരു തൊഴുത്തും അതിനകത്തു നിറയെ കന്നുകാലികളും ഉണ്ടായിരിക്കുകയെന്നത് നിർബന്ധമായ ഒരു ശീലമായിരുന്നു. വീടിനു മുന്നിലിരുന്നാൽ തൊഴുത്തിലെ എല്ലാ വിവരങ്ങളും അറിയത്തക്കവിധം പ്രധാന കവാടത്തിനു ചേർന്നുതന്നെയാണ് തൊഴുത്തിന്റെ സ്ഥാനം നിശ്ചയിച്ചിരുന്നത്. കാലിത്തൊഴിത്തിൽ പ്രാമുഖ്യം ഉഴവുകാളകൾക്കായിരുന്നു. നാടൻ കലപ്പയും ഞവരിയുമുപയോഗിച്ച് ഉഴവും നിലം നിരത്തും നടത്തുന്നതിനും കെൽപ്പുള്ള കാളകൾ സ്വന്തമായിട്ടുള്ളത് അന്ന് കർഷകന്റെ അന്തസായിരുന്നു. റോഡുകളുടെയഭാവവും ഭൂപ്രകൃതിയുടെ പ്രത്യേകതയും കാരണം കാളവണ്ടികൾ അത്ര പ്രചാരത്തിലായിരുന്നില്ല. അക്കാലത്ത് ആകെ ഈ പഞ്ചായത്തുപ്രദേശത്തുണ്ടായിരുന്നത് വാടകയ്ക്ക് ഓടിക്കുന്നതും മറ്റുമായി പത്തോളം കാളവണ്ടികൾ മാത്രമായിരുന്നു. സാധാരണ ആഹാരക്രമത്തിൽ അന്നു പാലിന് യാതൊരു പരിഗണനയുമില്ലായിരുന്നു. നാടൻ പശുക്കൾമാത്രമുണ്ടായിരുന്ന അക്കാലത്ത് ശരാശരി പാലുൽപ്പാദനം ഒരു ലിറ്ററിലധികം വരില്ല. പാടത്തും പറമ്പിലുമായി കന്നുകാലികളെ യഥേഷ്ടം അഴിച്ചുവിട്ടു മേയ്ക്കുന്നതിനു തടസ്സമില്ലായിരുന്നു. കൂട്ടത്തിൽ തന്നെ മൂരികൾ ഉണ്ടായിരുന്നതിനാൽ വംശവർദ്ധനയെപ്പറ്റി കർഷകർക്ക് പ്രത്യേകം ശ്രദ്ധിക്കേണ്ടതില്ലായിരുന്നു. ആട്, എരുമ, പോത്ത് എന്നിവയെ വളർത്തുന്ന കൃഷിക്കാരും കുറവല്ലായിരുന്നു.

ഒരു ദശകത്തിനുശേഷം കാർഷികരംഗത്തുവന്നുകൊണ്ടിരുന്ന മാറ്റത്തിനനുസരിച്ച് ഉഴവുകാളകളുടെ എണ്ണത്തിൽ കുറവുവന്നു. നാടൻ കലപ്പക്കുപകരം ബോസ് കലപ്പകൾ പ്രചാരത്തിലായി കർഷകതൊഴിലാളികളിൽ പലരും സ്വന്തം കാളകളെ സംരക്ഷിച്ചു നിലമുടമകൾക്ക് ഏർക്കൂലിക്ക് ഉഴുതുകൊടുക്കുന്ന രീതി നിലവിൽ വന്നു. കൃത്രിമബീജസങ്കലനവും സങ്കരയിനങ്ങളുടെയാവിർഭാവവുമായപ്പോൾ പാലുൽപ്പാദനം ഗണ്യമായി വർദ്ധിച്ചു. ക്രമേണ ഉഴവുകാളകളും, കാളവണ്ടിയും തീർത്തും അപ്രത്യക്ഷമായി നിലമുഴുന്നതിന് ട്രാക്ടറും ടില്ലറും പ്രചാരത്തിലായി. പശു, എരുമ എന്നിവയെ സംരക്ഷിക്കുന്ന ചെറുകിട കർഷകരും, കർഷകത്തൊഴിലാ



ളികളും വർദ്ധിച്ചു.

ഇപ്പോഴുള്ള വളർത്തുമൃഗസംഖ്യ പരിശോധിച്ചു നോക്കാം

നാടൻ പശുക്കൾ	585
സങ്കരയിനം	1239
എരുമ	72
ആട്	399

സങ്കരയിനം പശുക്കളെ പാൽ വില്പന നടത്തുന്ന കർഷകത്തെഴിലാളികളും പരിമിത ചെറുകിട കർഷകരും അത് അവരുടെ വരുമാനമാർഗമായി കണക്കാക്കുന്നു. നല്ലയിനം പശുക്കൾ ലഭിക്കുവാൻ പ്രയാസമില്ല. ശരാശരിയുൽപ്പാദനം അഞ്ചു ലിറ്ററിൽ കൂടുതലാണ്. 15 ലിറ്ററിലധികം പാൽ ലഭിക്കുന്ന ഹോൾസ്റ്റിൻ ഫ്രീഷൻ സങ്കരയിനങ്ങളും വിരളമല്ല. പഞ്ചായത്തുപ്രദേശത്ത് 5 കേന്ദ്രങ്ങളിൽ പാൽ സംഭരണം നടക്കുന്നു. പുളിന്താനത്ത് ഒരു വനിതാ ക്ഷീരവ്യവസായ സഹകരണസംഘവും നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. മിൽമ, പി.ഡി.ഡി.പി, കെ.ഡി.എസ്സ്, നിർമ്മൽ മിൽക്ക് എന്നിവയുടെ ആഭിമുഖ്യത്തിൽ സംഭരണം നടക്കുന്നതുകൊണ്ട് വിപണനം ഒരു പ്രശ്നമല്ല. ക്ഷീരവ്യവസായത്തിലെ ഏറ്റവും പ്രധാനപ്രശ്നം കാലിത്തീറ്റ, വൈക്കോൽ എന്നിവയുടെ ഭാരിച്ച വിലയാണ്. പാലിന്റെ വിലയുമായി താരതമ്യപ്പെടുത്തുമ്പോൾ ക്ഷീരവ്യവസായം ഒട്ടും ആദായകരമല്ലാത്ത സ്ഥിതിയിലാണിപ്പോൾ. കാലിത്തീറ്റയുടെ പകുതിവിലയെങ്കിലും സഹകരണസംഘങ്ങൾ വഴി ഉൽപ്പാദകർക്ക് നൽകുവാനുള്ളസംവിധാന മുണ്ടായാൽ ഈ രംഗത്തെ മാന്ദ്യത ഒരുപരിധിവരെ മാറ്റുന്നതിന് സാധിക്കും. പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയും രണ്ടു സബ്സെന്ററുകളും അനുവദിച്ചിട്ടുണ്ടെങ്കിലും ഇവയുടെ സേവനം തീർത്തും അപര്യാപ്തമാണ്. ഇവയുടെ സേവനം നിരന്തരം വേണ്ടിവരുന്നതിനാൽ എല്ലാ വാർഡുകളിലും ഓരോ സബ്സെന്റർ ആവശ്യമാണ്. ആത്യുൽപ്പാദന ശേഷിയുള്ള ആട് കോഴിയെന്നിവ ആവശ്യാനുസരണം ലഭ്യമാക്കുകയും കൂടാതെ താറാവ്, പന്നി, മുയൽ, കാട, എന്നീവയുടെ കുഞ്ഞുങ്ങളെയും വിതരണം നടത്തണം. ബ്രോയിലർ കോഴിയും, മുട്ടക്കോഴിയും വളർത്തുന്നതിന് സഹകരണമേഖലയിൽ നല്ല സാദ്ധ്യതകളുണ്ട്.

വളർത്തുനായ്കളെ പേ വിഷബാധയിൽ നിന്നും സംരക്ഷിക്കുന്നതിനായുള്ള പ്രതിരോധകുത്തിവെയ്പ്പിനെപ്പറ്റി സന്നദ്ധപ്രവർത്തകരുടെ സഹകരണത്തോടെ ബോധവൽക്കരണവും മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തണം .

തേനീച്ച വളർത്തൽ

നാലഞ്ചുവർഷം മുമ്പു വരെ തേനീച്ച വളർത്തൽ ഈ പ്രദേശത്ത് ആദായകരമായി നടത്തിവന്നു. 200 ൽപരം തേനീച്ചപ്പെട്ടികൾ ഇവിടെ സ്ഥാപിച്ചിട്ടുണ്ടായിരുന്നു. തേനീച്ചകൾ രോഗംവന്ന് കൂട്ടമായി നശിച്ചു പോയതിനാൽ ഈ പരിപാടി നിലച്ചു പോയി. റബർകൃഷി വ്യാപകമായിട്ടുള്ളതിനാൽ ഇപ്പോഴും ഇതിനുള്ള സാധ്യതകൾ നിലവിലുണ്ട്. രോഗപ്രതിരോധശേഷിയുള്ള ഇറ്റാലിയൻ തേനിച്ചകളെ ലഭ്യമാക്കിയാൽ തേനീച്ച വളർത്തൽ പുനരാരംഭിക്കുവാൻ കഴിയും


മത്സ്യബന്ധനം

മത്സ്യകൃഷി തീരെക്കുറവുള്ള ഒരു പ്രദേശമാണിത്. പഞ്ചായത്ത് അതിർത്തിയിലൂടെ ഒഴുകുന്ന കാളിയാർപുഴയിൽ ഒരു തടയണനിർമ്മിച്ചിട്ടുള്ളതിനാൽ ആ ഭാഗം മത്സ്യകൃഷിയ്ക്ക് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. പുഴയുടെ മറുഭാഗം ആയവന പഞ്ചായത്തായതുകൊണ്ട് രണ്ടു പഞ്ചായത്തുകളും യോജിച്ച് ഇവിടെ മത്സ്യകൃഷിയ്ക്കുള്ളസംവിധാനം ഏർപ്പെടുത്താവുന്നതാണ്. കൂടാതെ പഞ്ചായത്ത് അധീനതയിലുള്ള സാമാന്യം വലിയ മൂന്നുചിറകളും മത്സ്യകൃഷിക്ക് അനുയോജ്യമാണെന്നു കാണുന്നു. മത്സ്യകൃഷിയ്ക്ക്വേണ്ടി ഒരു സഹകരണസംഘം രൂപീകരിച്ച് ഈ ചിറകളും ലഘുവായ വ്യവസ്ഥയിൽ ഈ സംഘങ്ങളെ ഏതാനുംവർഷത്തേക്ക് ഏൽപ്പിക്കാവുന്നതാണ്. ഇതിനുംപുറമെ പഞ്ചായത്തവക കുളങ്ങളിലും സ്വകാര്യവ്യക്തികളുടെ അനുയോജ്യമായകുളങ്ങളിലും മത്സ്യം വളർത്തുന്നതിനുസാധ്യതയുണ്ട്. ഈ മേഖലകളിലെ ഉൾനാടൻ മത്സ്യകൃഷി ആരംഭിയ്ക്കുന്നതിന് ആവശ്യമായ സാങ്കേതിക വിവരങ്ങളും, മത്സ്യക്കുഞ്ഞുങ്ങളുംപ്പെടെയുള്ള മറ്റു സംവിധാനങ്ങളും കർഷകർക്ക് ലഭ്യമാക്കണം.

മൃഗസംരക്ഷണം, മത്സ്യകൃഷി, തേനിച്ചവളർത്തൽ എന്നിവയുടെ വിശകലനം ഇപ്രകാരം സംഗ്രഹിക്കാം.

പ്രശ്നങ്ങൾ

1. പാലിന്റെ വിലക്കുറവും കാലിത്തീറ്റയുടെ വിലകൂടുതലും ക്ഷീരവ്യവസായം ആദായകരമല്ലാ



താക്കി.

2. തീറ്റ പുല്ല് ആവശ്യമായ അളവിൽ ലഭിക്കുന്നില്ല.

3. മൃഗാശുപത്രിയുടെ സേവനം എല്ലായിടത്തും എത്തുന്നില്ല.

4. ഉഴംനാടൻ മത്സ്യകൃഷിയുടെ സാങ്കേതിക വശം അറിയില്ല.

5. തേനിച്ചകൾ രോഗം വന്നു നശിച്ചുപോയതിനാൽ ഈ വ്യവസായം നിലച്ചു പോയി.

സാധ്യതകൾ

1.കാലിത്തീറ്റ ക്ഷീരവ്യവസായ സഹകരണ സംഘങ്ങൾ വഴി പകുതിവിലയ്ക്കു വിതരണം നടത്തണം

2. തീറ്റപുൽകൃഷി വ്യാപകമാക്കണം

3. എല്ലാ വർഡുകളിലും മൃഗാശുപത്രിയുടെ ഉപകേന്ദ്രങ്ങൾ തുടങ്ങണം

4. മത്സ്യകൃഷിയ്ക്ക് ബോധവൽക്കരണ പരിപാടി ആവിഷ്കരിക്കണം.

5. ഇറ്റാലിയൻ തേനീച്ചകളെ ലഭ്യമാക്കണം.

B. ദ്വിതീയ മേഖല


വ്യവസായം

ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

പാർപ്പിടം

പ്രാഥമികാന

വ്യവസായം



കേരളത്തിന്റെ വ്യവസായിക ഭൂപടത്തിൽ നമ്മുടെ പഞ്ചായത്തിന് പറയത്തക്കസ്ഥാനമില്ലെന്നുതന്നെപറയാം. നമ്മുടെ പഞ്ചായത്തിന്റെ സമീപകാല വ്യവസായചരിത്രവും തീർത്തും ആശവഹമല്ല. നൂറ്റാണ്ടുകാംക്കുമുമ്പ് തൃക്കാവ് സംസ്കാരത്തിന്റെ കാലഘട്ടത്തിൽ നമ്മുടെ നാട് വ്യാവസായികമായി മുന്നോക്കം നിന്നിരുന്നുവെന്ന് വിശ്വസിക്കപ്പെടുന്നു. ഇരുമ്പയിർ ഉംപ്പെടെയുള്ള വസ്തുക്കളുടെ ഖനനസംസ്കരണ വ്യവസായങ്ങളിൽ നമ്മളേറെ മുന്നിലായിരുന്നുവെന്നതിന് ഇവിടെ കാണപ്പെടുന്ന ഖനിക്കുഴികളും മറ്റും സാക്ഷ്യം വഹിക്കുന്നു. 19-ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ ചില പരമ്പരാഗത കുടിൽ വ്യവാസായങ്ങം മാത്രമേ നമുക്ക് വ്യവാസായങ്ങളായിയുണ്ടായിരുന്നുള്ളൂ. 50കളുടെ ആരംഭത്തിൽ ഇവിടെയൊരു വൻകിട തീപ്പെട്ടിനിർമ്മാണശാല സ്ഥാപിക്കപ്പെട്ടു. രണ്ടുപതിറ്റാണ്ടോളം നല്ലരീതിയിൽ പ്രവർത്തിച്ച ഈ സ്ഥാപനം കേരളത്തിലെ മറ്റു പല സ്ഥാപനങ്ങളേയും പോലെ തൊഴിൽപ്രശ്നങ്ങളിൽപ്പെട്ടുലഞ്ഞ് വിസ്മൃതിയിലാണ്ടു. പരമ്പരാഗതകുടിൽവ്യവസായങ്ങളെക്കൂടാതെ എടുത്തുപറയാവുന്ന രീതിയിൽ അക്കാലത്തുണ്ടായിരുന്ന മറ്റു വ്യവസായയൂണിറ്റുകം ഒരു ക്രീപ്പുമില്ലുമാത്രമായിരുന്നു.

ഇന്നും പഞ്ചായത്തിലെ മുഖ്യവ്യവസായത്തുറയെന്നുപറയാവുന്നത് ചില പരമ്പരാഗതവ്യവസായങ്ങംമാത്രമാണ്. വിരലിലെണ്ണാവുന്ന ആധുനിക വ്യവസായങ്ങംമാത്രമേ നമുക്കുള്ളൂ. സ്വകാര്യകുടിൽവ്യവസായങ്ങളായി ഒരു ഓട്ടുപാത്രനിർമ്മാണയൂണിറ്റ്, ചില വട്ടി, കുട്ട, പനമ്പ് തുടങ്ങിയ ബാംബൂ ഉൽപ്പന്നയൂണിറ്റുകം തുടങ്ങിയവയാണ് നിലവിലുള്ളത്. ഇരുമ്പുല്പന്നങ്ങളായ റബർറോളർ, ഗേറ്റ്, ഗ്രില്ല്, ജനലുകം, തുടങ്ങിയവ നിർമ്മിക്കുന്ന നാലു സ്വകാര്യയൂണിറ്റുകം, ജനലുകം, വാതിലുകം,ഹോളോബ്രിക്സ് തുടങ്ങിയ കോൺക്രീറ്റുൽപ്പന്നങ്ങം നിർമ്മിക്കുന്ന രണ്ടു സ്വകാര്യയൂണിറ്റുകം, രണ്ടു സ്വകാര്യതടിമില്ലുകം, രണ്ടു സ്വകാര്യ ക്രീപ്പുമില്ലുകം, ഒരു സോഡാനിർമ്മാണയൂണിറ്റ്, ഓയിൽമിൽ, ഫ്ളവർമിൽ, റൈസ്മിൽ എന്നീ മേഖലകളിൽ 20 സ്വകാര്യ യൂണിറ്റുകം ഒരു ചെറുകിട സ്വകാര്യ തീപ്പെട്ടിക്കമ്പനി, ഒരു സ്വകാര്യ മെറ്റൽ ക്രഷർ തുടങ്ങിയവയാണ് സ്വകാര്യമേഖലയിൽ പഞ്ചായത്തിലുള്ള വ്യവസായങ്ങം.

ഇവ കൂടാതെ പഞ്ചായത്തിലുള്ള ശ്രദ്ധേയമായ ആധുനിക വ്യവസായങ്ങളിൽ ഒന്നാണ് പെരുനീരിലുള്ള സഹകരണമേഖലയിലെ റബർ പ്ലാന്റേഴ്സ് സഹകരണസംഘം നടത്തുന്ന റബർ ഉല്പന്ന വ്യവസായം. 372 അംഗങ്ങളും 63240/ രൂപ ഓഹരിമൂലധനവും മൂന്നുലക്ഷം രൂപയോളം ഡെപ്പോസിറ്റുമുള്ള ഈ സഹകരണസംഘത്തിന് റബർ ബോർഡിൽ നിന്നും 15800/ രൂപ വായ്പയായി ലഭിച്ചിട്ടുണ്ട്. റബർബാന്റ്, വിരലുറകം, കൈയ്യുറകം എന്നിവ ഉൽപാദിപ്പിക്കുന്ന ഈ യൂണിറ്റിൽ 5 സ്ഥിരം ജീ

വനക്കാരും ഏഴോളം ദിവസക്കുലിക്കാരും പണിചെയ്യുന്നുണ്ട്. രണ്ടുലക്ഷത്തോളം രൂപ മുതൽമുടക്കുള്ള ഈ നിർമ്മാണ യൂണിറ്റ് ഏറെ ലാഭമില്ലെങ്കിലും മോശമാല്ലാത്ത നിലയിലാണ് പ്രവൃത്തിക്കുന്നത്. ഉൽപാദനത്തിന് പുറമേ ഈ സഹകരണസംഘം കർഷകരിൽനിന്നും റബർപാൽ, ഷീറ്റുകറ എന്നിവ ശേഖരിക്കുകയും കർഷകർക്ക് റബർബോർഡിൽ നിന്നുമുള്ള സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുകയും ചെയ്യുന്നു. സഹകരണമേഖലയിലുള്ള ഈ സ്ഥാപനത്തിന് തങ്ങളുടെ ഉൽപാദന മേഖല വികസിപ്പിക്കുവാനും മറ്റും ധനസഹായം ലഭ്യമാക്കുവാൻ പഞ്ചായത്ത് മുൻകൈയെടുക്കേണ്ടതാണ്.

ഇവ കൂടാതെ പഞ്ചായത്തിൽ അന്ധവനിതാ പുനരധിവാസകേന്ദ്രത്തോടനുബന്ധിച്ച് മെഴുകുതിരി, കുട, പ്ലാസ്റ്റിക്ബാഗ് എന്നിവ നിർമ്മിക്കുന്നതിന് ഒരു യൂണിറ്റ് പ്രവർത്തിച്ചു വരുന്നു. സാമൂഹ്യക്ഷേമം എന്ന ലക്ഷ്യം മുൻനിർത്തിക്കൊണ്ട് ഇത് പ്രോത്സാഹിപ്പിക്കുവാനും ധനസഹായം ലക്ഷ്യമാക്കുവാനും പഞ്ചായത്ത് മുൻകൈയെടുക്കേണ്ടതാണ്.

സമീപപ്രദേശങ്ങളെ അപേക്ഷിച്ചു നോക്കുമ്പോൾ സാങ്കേതികവിദ്യാഭ്യാസം ലഭിച്ചവരുംപ്പെടെ അഭ്യസ്ഥവിദ്യർ ഏറെയുള്ള നാടാണ് നമ്മുടെത്. ഗതാഗതസൗകര്യങ്ങളും അസംസ്കൃതവസ്തുക്കളും ഏറെയുണ്ട്. എന്നിട്ടും പുതിയവ്യവസായ സംരംഭങ്ങളൊന്നും ഉണ്ടാകുന്നില്ലായെന്നത് പ്രത്യേക പഠനമർഹിക്കുന്ന വിഷയം തന്നെയാണ്. വ്യാവസായികോൽപ്പാദനമില്ലായ്മ കേരളത്തിന്റെ മൊത്തം പ്രത്യേകതയാണെങ്കിൽതന്നെയും നമ്മുടെ നാട്ടിലതേറെയാണെന്നതാണ് വാസ്തവം. നാട്ടിലുള്ള പരമ്പരാഗതവ്യവസായങ്ങളാകട്ടെ മുരടിപ്പിന്റെ വക്കിലുമാണ്. പുതിയ വ്യവസായങ്ങൾ ഉണ്ടാകുന്നില്ലാത്തതെന്തെന്നും വ്യവസായസംരംഭകർ നേരിടുന്ന പ്രശ്നങ്ങൾ എന്തെന്നുമുള്ളതിനെപ്പറ്റി നമ്മുടെ പഞ്ചായത്തിൽ യാതൊരു വിധ പഠനങ്ങളും ഇതുവരെ നടത്തിയിട്ടില്ലെന്നതാണ് സത്യം. വ്യവസായയൂണിറ്റുകൾ തുടങ്ങേണ്ടതും നിലനിൽക്കേണ്ടതും തുടങ്ങുന്ന വ്യക്തിയുടെ മാത്രം ആവശ്യമാണെന്ന സമീപനം മാറ്റി സമൂഹത്തിന്റെ മൊത്തം ആവശ്യമാണെന്ന സത്യം നാം അംഗീകരിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. അടിസ്ഥാനപരമായ സൗകര്യമില്ലായ്മ, സാമൂഹ്യമായ ഉത്തേജനമില്ലായ്മ, മാർഗ്ഗനിർദ്ദേശത്തിന്റെ അഭാവം തുടങ്ങിയവ താൽപ്പര്യമുള്ള സംരംഭകരെപ്പോലും യഥാർത്ഥത്തിൽ പുറോകോട്ടു വലിക്കുകയാണ്. പഞ്ചായത്തു തലത്തിൽ ഒരു വ്യവസായ വികസനസമിതി രൂപീകരിച്ച് വ്യവസായസാദ്ധ്യതകളെയും സംരംഭകർ നേരിടുന്ന പ്രശ്നങ്ങളെയും കുറിച്ച് പഠിക്കുകയും താൽപ്പര്യമുള്ള വ്യക്തികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും വായ്പകളും മറ്റ് അടിസ്ഥാനസൗകര്യങ്ങളും ലഭ്യമാക്കാൻ സഹായിക്കുകയും തുടർ പ്രവർത്തനങ്ങളിലും വിപണനരംഗത്തും സഹായസഹകരണങ്ങൾ നൽകുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

പ്രശ്നങ്ങൾ

പഞ്ചായത്തിലെ വിവിധ ഗ്രാമസഭകളിൽ നടന്ന പഞ്ചായത്തുതലവ്യവസായവികസനം നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചുള്ള ചർച്ചകളെ താഴെ പറയുന്ന പ്രകാരം ക്രോഡീകരിച്ചിരിക്കുന്നു.

1. സ്ഥലത്തിന്റെ പരിമിതിയും വിലക്കൂടുതലും

2. ഊർജ്ജം ലഭ്യമാക്കുന്നതിലുള്ള താമസവും പ്രായോഗികവിഷമതകളും

3. വ്യവസായത്തെ പ്രോത്സാഹിപ്പിക്കുവാൻ രൂപീകരിച്ചിട്ടുള്ള ഏജൻസികളുടെ ആത്മാർത്ഥതക്കുറവും.

4. വിപണനത്തെ സംബന്ധിച്ചുള്ള ആശങ്ക.

5. വിദഗ്ധ തൊഴിലാളികളെ വേണ്ടത്ര കിട്ടാനില്ല.

6. മലിനീകരണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള സാങ്കേതികജ്ഞാനക്കുറവ്.

സാധ്യതകളും പരിഹാരനിർദ്ദേശങ്ങളും

1. കാർഷിക മേഖലയായ ഈ പഞ്ചായത്തിൽ മുഖ്യവിളയായ റബർ, നാളികേരം, പൈനാപ്പിൾ എന്നിവ അടിസ്ഥാന അസംസ്കൃതവസ്തുവായിട്ടുള്ള ചെറുതും വലുതുമായ വ്യവസായങ്ങൾ ആരംഭിക്കാൻ കഴിയും.

2. അഭ്യസ്ഥവിദ്യരായ തൊഴിലില്ലാത്ത ചെറുപ്പക്കാരും, ഇടത്തരം സാമ്പത്തികശേഷിയുള്ളവരും ധാരാളമുള്ളതിനാൽ അവരെ കമ്പനിഗ്രൂപ്പുകളായും സഹകരണസംഘങ്ങളായും സംഘടിപ്പിച്ച് വ്യവസായങ്ങൾ ആരംഭിക്കാവുന്നതാണ്.

3. തൽപ്പര്യമുള്ള സംരംഭകർക്ക് ആവശ്യമുള്ള പരിശീലന സൗകര്യങ്ങൾ ലഭ്യമാക്കാൻ പഞ്ചായത്ത് മുൻകൈയെടുക്കണം

4. റബർ അധിഷ്ഠിതവ്യവസായയൂണിറ്റുകളും, നാളികേരത്തിന്റെ സംഭരണം, സംസ്ക്കരണം, വിതരണം തുടങ്ങിയവ ഏറ്റെടുത്ത് നടത്തുന്നതിനുള്ള സ്ഥാപനങ്ങളും സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കാവുന്നവയാണ്. ഇതിന്റെ സംഘടനപ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് നേതൃത്വം കൊടുക്കണം.

5. നിലവിലുള്ള കുടിൽവ്യവസായങ്ങളെ ശക്തിപ്പെടുത്തുന്നതിനും ആധുനീകരിക്കുന്നതിനും സഹായപദ്ധതികൾ പ്രഖ്യാപിക്കണം.

6. വനിതാസംരംഭകരെ കണ്ടെത്തി വാർഡടിസ്ഥാനത്തിലോ മറ്റോ സഹകരണസംഘങ്ങൾ രൂപീകരിച്ച് വ്യവസായയൂണിറ്റുകൾ തുടങ്ങാനാവശ്യമായ സഹായസഹകരണങ്ങൾ നൽകണം

7. നിലവിലുള്ള ചകിരിനാരു വ്യവസായമുൾപ്പെടെയുള്ളവ പീഡിത വ്യവസായങ്ങളായി മാറുവാനുള്ള കാരണങ്ങൾ പരിശോധിച്ച് അടിയന്തിരമായി പരിഹാരം കാണുകയും പ്രവർത്തനം വിപുലമാക്കുവാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും വേണം.

8. വ്യവസായികോൽപാദനവർദ്ധനവിന്റെ ആവശ്യകതയെക്കുറിച്ച് ബോധവൽക്കരണം നടത്തണം.

9. വ്യവസായസംരംഭകരുടെ സൗകര്യാർത്ഥം പഞ്ചായത്തിൽ ഒരു വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കേണ്ടതാണ്. ഇതിനാവശ്യമായ സ്ഥലവും വൈദ്യുതിയും മറ്റ് അടിസ്ഥാനസൗകര്യങ്ങളും ലഭ്യമാക്കുന്നതിന് പഞ്ചായത്ത് മുൻകൈ എടുക്കണം. ഇതിനാവശ്യമായ പ്രോജക്ടറിപ്പോർട്ട് എത്രയും വേഗം തയ്യാറാക്കണം. അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തി, വ്യവസായസംരംഭകരുടെ പട്ടിക തയ്യാറാക്കി മാർക്കറ്റ് സർവ്വേ നടത്തി വിപണന സാധ്യതയേറിയ ഉൽപ്പന്നങ്ങളുടെ വിവരം ശേഖരിച്ച് അതിനാവശ്യമായ സാങ്കേതിക വിദ്യ ലഭ്യമാക്കി, സാമ്പത്തിക സഹായസ്ഥാപനങ്ങളെ കണ്ടെത്തി വ്യവസായയൂണിറ്റുകൾ ആരംഭിക്കുന്നതിനാവശ്യമായ എല്ലാ ഉത്തരവാദിത്വങ്ങളും പഞ്ചായത്ത് ഏറ്റെടുക്കേണ്ടതാണ്. വ്യവസായങ്ങളുടെ തുടർപ്രവർത്തനങ്ങളെ സഹായിക്കുകയും വിപണനസൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യേണ്ട ചുമതല പഞ്ചായത്തേറ്റെടുക്കേണ്ടതാണ്. ഇതിനായി ജനപ്രതിനിധികൾ, വ്യവസായസംരഭകർ, ഉദ്യോഗസ്ഥർ മറ്റു വിദഗ്ധർ എന്നിവരെ ഉൾക്കൊള്ളിച്ച് ഒരു വ്യവസായവികസനസമിതി രൂപികരിക്കേണ്ടതാണ്.

ഓട്ടോ മൊബൈൽ റബർ കംപോണന്റ്സ്, ലാറ്റക്സ് ഫോം ആൻഡ് ഫോം മിക്സിംഗ്സ്, എലാസ്റ്റിക്ക് ത്രെഡ്, ലാറ്റക്സ് പശ, റബർ ബാന്റ് & ഗ്ലൗസ്സ്, നാളികേരത്തിന്റെ സംസ്കരണ ഫാക്ടറി, വനിതാസംരംഭകർക്കായി കറിപൗഡർ, അച്ചാറുകൾ ജാമുകൾ തുടങ്ങിയവ തയ്യാറാക്കുന്ന യൂണീറ്റുകൾ, സോപ്പു നിർമ്മാണം, ചെരുപ്പ് നിർമ്മാണം, റെഡിമേയ്ഡ് വസ്ത്ര നിർമ്മാണം, വുഡ് ക്രാഫ്റ്റ് യൂണിറ്റുകൾ, റബർത്തടി സംസ്കരണഫാക്ടറി, സഹകരണാടിസ്ഥാനത്തിൽ മോഡേൺ റൈസ് മില്ലുകൾ, പാൽ സംഭരണം, ശീതികരണം, വിപണനം മുതലായവ ഈ പഞ്ചായത്തിൽ ലാഭകരമായി നടത്തുവാൻ കഴിയുന്ന വ്യവസായങ്ങളാണ്. ഇവയ്ക്കാവശ്യമായ സംരംഭകരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം.

11. പുതിയ വ്യവസായങ്ങൾ തുടങ്ങുമ്പോൾ പരിസ്ഥിതി മലിനീകരണമുണ്ടാകാത്ത വിധത്തിലുള്ള സംരക്ഷണനടപടികൾ കൈക്കൊള്ളുന്നുവെന്ന് പഞ്ചായത്തുറപ്പുവരുത്തണം. നിലവിലുള്ളവയിൽ പരിസ്ഥിതിസംരക്ഷണനടപടികൾ കൈക്കൊള്ളുവാൻ കർശന നടപടികൾ എടുക്കണം

ഗതാഗതം

റോഡ് ഗതാഗതത്തെ സംബന്ധിച്ചിടത്തോളം തീരെ മോശമല്ലാത്ത ഒരു സ്ഥിതിയാണ് നമ്മുടെത്. സ്വന്തമായി ബസ് സ്റ്റാൻഡുള്ള ചുരുക്കം പഞ്ചായത്തുകളിലൊന്നാണ് പോത്താനിക്കാട്.

ഈ നൂറ്റാണ്ടിന്റെ ആദ്യ പാദത്തിൽ നടപ്പുവഴികളും മാത്രമേ പഞ്ചായത്തിന് സ്വന്തമായി ഉണ്ടായിരുന്നുള്ളു. നാൽപ്പതുകളുടെ ആരംഭത്തോടെ പോത്താനിക്കാടിനെ കോതമംഗലവുമായി ബന്ധിപ്പിക്കുന്ന ഒരു മൺറോഡ് വെട്ടിത്തുറക്കുകയും പിന്നീട് കോഴിപ്പിള്ളിപ്പാലം പണി തീരുകയും ചെയ്തതോടെ വാഹനഗാതാഗതത്തിനുള്ള സാധ്യത കൈവന്നു. തുടക്കത്തിൽ ഈ പ്രദേശത്ത് വിരലിലെണ്ണാവുന്ന സൈക്കിളുകളും, കാളവണ്ടികളും മാത്രമാണ് വാഹനങ്ങളുടെ പട്ടികയിലുണ്ടായിരുന്നത്. കാളവണ്ടികളും ചരക്കുകളും കയറ്റിയിറക്കുന്നതിനും പ്രമാണിമാർക്ക് സവാരിക്കും വേണ്ടിയുപയോഗിച്ചിരുന്നു. പിന്നീട് കക്കാടാശ്ശേരി - നെടുവക്കാട് റോഡ്, പോത്താനിക്കാട് - ചാത്തമറ്റം റോഡ് തുടങ്ങിയ പ്രാദേശിക റോഡുകളും നിർമ്മിക്കപ്പെട്ടു. ഇതോടെ 'ഫൈവ്സീറ്റർ' എന്നറിയപ്പെടുന്ന കാറുകളും ഗ്രാമത്തിലെത്തി. നാൽപ്പതുകളുടെയവസാനത്തിലൂടെ കരിയുപയോഗിച്ച് വെള്ളം തിളപ്പിച്ചോടിക്കുന്ന ഒരു കരിവണ്ടി പോത്താനിക്കാട് - കോതമംഗലം റൂട്ടിൽ സർവ്വീസ് ആരംഭിച്ചതോടെ പോത്താനിക്കാടിന്റെ ഗതാഗതചരിത്രത്തിൽ പുത്തനോരദ്ധ്യായം ആരംഭിച്ചു. ഇപ്പോൾ ഈ പഞ്ചായത്താസ്ഥാനത്ത് 1991 ൽ 67 സെന്റ് സ്ഥലത്ത് പണിതീർത്ത പഞ്ചായത്തു ബസ്സ്റ്റാൻഡിൽ ദിനംപ്രതി ഇരുപത്തിയാറോളം ബസുകൾ വന്നുപോകുന്നുണ്ട്.

ഇന്ന് പഞ്ചായത്തിൽ ഏഴു P.W.D റോഡുകളും 58 പഞ്ചായത്ത് റോഡുകളും റേഡ് രജിസ്റ്ററിൽ പെടാത്ത ഏതാനും പൊതുവഴികളും ചില സ്വകാര്യ വഴികളുമുണ്ട്. പഞ്ചായത്തിൽ P.W.D റോഡുകളുടെ ആകെ നീളം 20 കി.മീ പഞ്ചായത്ത് റോഡുകളുടെത് 57.45 കി.മീറ്ററും ആണ്. പുതുതായി P.W.D ഏറ്റെടുത്ത വെളിച്ചെണ്ണക്കണ്ടം വാക്കത്തിപ്പാറ, കീപ്പനശ്ശേരി വാക്കത്തിപ്പാറ, നത്തുകണ്ണി കുറുപ്പും കണ്ടം, മാവുടി കുറുപ്പും കണ്ടം എന്നീ പഞ്ചായത്തുറോഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന മാവുടി ഉപ്പുകുഴി റോഡ് വീതികൂട്ടി ടാർ ചെയ്യാനാവശ്യമായ നടപടികളും പുരോഗമിച്ചുവരികയാണ്. മറ്റുള്ള ആറ് P.W.D റോഡുകളും ടാർ ചെയ്തവയാണെങ്കിലും ആവശ്യമായ ഡ്രെയിനേജ് സൗകര്യങ്ങളില്ലാത്തവയും അറ്റകുറ്റപ്പണികളും ആവശ്യമായവയും ആണ്. 58 പഞ്ചായത്ത് റോഡുകളുണ്ടെങ്കിലും പൂർണ്ണമായി ടാർ ചെയ്തത് 2100 മീറ്റർ നീളമുള്ള ആനത്തുകുഴി വാക്കത്തിപ്പാറ റോഡ് മാത്രമാണെന്നത് റോഡുകളുടെ ശോചനീയാവസ്ഥ വെളിവാക്കുന്നു. മറ്റ് 11 പഞ്ചായത്ത് റോഡുകളിൽ ആകെ8.25 കി.മീറ്റർ ദൂരം മാത്രം ടാർ ചെയ്തിട്ടുണ്ട്. രണ്ട് റോഡുകളും ഭാഗികമായി മെറ്റൽ ചെയ്തിട്ടുമുണ്ട്. മുകളിൽ പറഞ്ഞ 13 റോഡുകളിൽ ഏറിയഭാഗവും മറ്റ് റോഡുകളും പൂർണ്ണമായും മൺ റോഡുകളായിത്തന്നെ കിടക്കുന്നു.

ഗ്രാമസഭയിൽനിന്നുയർന്നുവന്ന പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും

1. എല്ലാ P.W.D റോഡുകളിലും അടിയന്തിരമായി അറ്റകുറ്റണികളും ചെയ്യിക്കുകയും ഡ്രെയിനേജ് സൗകര്യങ്ങളും മെച്ചപ്പെടുത്തുവാൻ ഓടകളും നിർമ്മിക്കുകയും ചെയ്യണം.

2. P.P റോഡിൽ തൃക്കേപ്പടി പൊന്തിക്കോസ്ത് പള്ളിയ്ക്ക് സമീപവും കുരിശുകവലയ്ക്ക് വടക്കുവശം മടത്തുപടി ഭാഗത്തും മാവുടി ഷാപ്പും പടിയ്ക്ക് സമീപവും ഉള്ള വളവുകളും വീതി കൂട്ടി നേരെയാക്കി അവിടങ്ങളിലെ വാഹന അപകടങ്ങൾക്കുള്ള സാധ്യത ഒഴിവാക്കണം.

3. P.Pറോഡിൽ ചുള്ളപ്പിള്ളി പീടികയ്ക്ക് കിഴക്കുവശം കലുങ്കും സൈഡ് ഡ്രെയിനും നിർമ്മിച്ച് റോഡിന്റെ ശോച്യാവസ്ഥ പരിഹരിക്കണം.

4. കക്കടാശ്ശേരി കാളിയാർ റോഡിനെ ചേലച്ചുവട് ഇടുക്കി കുമളിയുമായി ബന്ധിപ്പിച്ച് സ്റ്റേറ്റ് ഹൈവേ ആക്കി പ്രഖ്യാപിക്കണം.

5. K.Kറോഡിൽ പുളിന്താനം പാലത്തിന്റെ വീതികൂട്ടി റോഡിന്റെ വളവ് നേരെയാക്കി അവിടെയുള്ള അപകടസാധ്യത ഒഴിവാക്കണം.



ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ സന്ദേശമുൾക്കൊണ്ട് പ്രാദേശിക വിഭവ സമാഹരണത്തിലൂടെ പള്ളിപ്പടി ചെറുളി റോഡ് വീതികൂട്ടി നന്നാക്കുന്നു.

6. K.Kറോഡിൽ സെന്റ് സേവ്യേഴ്സ് ചർച്ച് ബസ്സ്റ്റോപ്പിന് പടിഞ്ഞാറുഭാഗത്തുള്ള രണ്ടുവളവുകളും. വീതികൂട്ടി റോഡ് നേരെയാക്കണം.

7. പോത്താനിക്കാട് ചാത്തമറ്റം റോഡിൽ പെരുനീർ കിഴക്കേകരയിലെ കൊടും വളവ് വീതിയെടുത്ത് നിവർത്തുകയും പെരുനീർ പാടത്തെ കലുങ്ക് വീതികൂട്ടി ബലപ്പെടുത്തുകയും വേണം.

8. പോത്താനിക്കാട് കൂവള്ളൂർ പൈങ്ങോട്ടൂർ ഡീവിയേഷൻ റോഡിൽ തൃക്കേപ്പടി കുരിശ് കവലയ്ക്ക് സമീപം ഒരു കലുങ്ക് നിർമ്മിക്കണം.

9. എല്ലാ P.WD. റോഡുകളിലും വീതി കുറവുള്ള ഭാഗങ്ങളിൽ വീതി കൂട്ടുകയും സംരക്ഷണഭിത്തി ആവശ്യമുള്ളയിടങ്ങളിൽ അവ നിർമ്മിക്കുകയും ഡ്രെയിനേജ് സൗകര്യങ്ങൾ ഏർപ്പെടുത്തുകയും വേണം.

10. P.W.Dഏറ്റെടുത്ത മാവുടി ഉപ്പുകുഴി റോഡ് എത്രയും വേഗം വീതികൂട്ടി ടാർ ചെയ്യാനാവശ്യമായ നടപടികൾ സ്വീകരിക്കണം.

11. ഗ്രാമീണ റോഡുകളിൽ വീതി കുറഞ്ഞ റോഡുകൾക്ക് ജനകീയ സഹകരണത്തോടെ വീതി കൂടുവാൻ പഞ്ചായത്ത് നേതൃത്വം കൊടുക്കണം.

12. താഴെക്കാണിച്ചിട്ടുള്ള ഗ്രാമീണറോഡുകൾ എത്രയും വേഗം വീതികൂട്ടി, ഓടകളും കലുങ്കുകളും സംരക്ഷണഭിത്തികളും നിർമ്മിച്ച്, ലെവലിംഗ് മേഖലകളും മറ്റ് സംരക്ഷണജോലിയും തീർത്ത് ടാർ ചെയ്യാനാവശ്യമായ നടപടികൾ സ്വീകരിക്കണം

1.പറമ്പൻചേരി അത്തിമറ്റം റോഡ്

2.തച്ചാലിൽ മാത്യു വൈദ്യൻ മെമ്മോറിയൽ റോഡ്

(പറമ്പൻചേരി ആയവന സ്ക്കൂൾ റോഡ്)

3.പറമ്പൻചേരി പള്ളി കാളിയാർപുഴ റോഡ്

4.പറമ്പൻചേരി അടിവാട് റോഡ്

5.മൈലുത്തടം പെട്ടിത്തറ സൗത്ത് നോർത്ത് റോഡ്

6.ആര്യമറ്റം മഞ്ഞളാംപാറ ഹരിജൻ കോളനി റോഡ്

7.പുളിന്താനം പുതുവേലികടവ് റോഡ്

8.പുളിന്താനം ലക്ഷംവീട് ഹരിജൻ കോളനി റോഡ്

9.മാനിക്കപീടിക താണികുന്നേൽചിറവെട്ടിത്തറ റോഡ്

10.ചീങ്കല്ലും പാറ മാനിക്ക പീടിക റോഡ്

11.നോർത്ത് - സൗത്ത് റോഡ്

12.പുളിന്താനം യാക്കോബായ പള്ളി - പുൽപ്പറ പീടിക റോഡ്

13. തൃക്കേപ്പടി - ചീങ്കല്ലു പാറ ഹരിജൻ കോളനി റോഡ്
14. ഉമ്മിണിക്കുന്ന് - തൃക്കേപ്പടി റോഡ്
15. മാവുടി - കുറുപ്പും കണ്ടം റോഡ്
16. ചുള്ളപ്പിള്ളി പീടിക - തൃക്കേപ്പടി റോഡ്
17. പുളിന്താനം - മാറാച്ചേരികടവ് റോഡ്
18. പള്ളിപ്പടി - ചെറുളി റോഡ്
19. പള്ളിപ്പടി - കല്ലടപൂതപ്പാറ ഹരിജൻ കോളനി റോഡ്
20. പള്ളിക്കുന്ന് - കുഴിക്കാട്ടുകണ്ടം റോഡ്
21. മഠം പടി കല്ലടപൂതപ്പാറ ചെറുളി ഹരിജൻ കോളനി റോഡ്
22. പോത്താനിക്കാട് - ചേലയ്ക്കൽ കടവ് റോഡ്
23. പോത്താനിക്കാട് - കാളീയാർ പുഴ ചപ്പാത്ത് അപ്രോച്ച് റോഡ്
24. തായ്മറ്റം പൂണംകാവ് കടവ് റോഡ്
25. പോലീസ് സ്റ്റേഷൻ തായ്മറ്റം O.L.H ഹരിജൻ കോളനി റോഡ്
26. പോത്താനിക്കാട് - കുളപ്പുറം റോഡ്
27. കുളപ്പുറം കോന്തമ്പാറ ഹരിജൻ കോളനി റോഡ്
28. പോത്താനിക്കാട് കോന്തമ്പാറ ഹരിജൻ കോളനി റോഡ്
29. ഗവ. ആശുപത്രി അയ്യൻകോവിൽ റോഡ്
30. ഗവ. ആശുപത്രി പെരുകൈത റോഡ്
31. പെരുകൈത പുതുമുളപ്പാടം ഹരിജൻ കോളനി റോഡ്
32. പെരുംനീർ പതിക്കുടി ഹരിജൻ കോളനി റോഡ്
33. ജനതാ റോഡ്
34. കീപ്പനശ്ശേരി പെരുംനീർ റോഡ്
35. പോലീസ് സ്റ്റേഷൻ പടി - നെടുംചാലിപാടം റോഡ്
36. തൃക്കേപ്പടി അമ്പലം റോഡ്
37. നത്തുകണ്ണി - കുറുപ്പുംകണ്ടം റോഡ്
38. കീപ്പനശ്ശേരി പീടിക- വാക്കത്തിപ്പാറ റോഡ്
39. ഈറ്റക്കൊമ്പിൽ - പള്ളിക്കുന്ന് റോഡ്
40. ആനത്തൊഴി - വാക്കത്തിപ്പാറ റോഡ്
41. ആനത്തൊഴി -വെളിച്ചെണ്ണക്കണ്ടം റോഡ്
42. ബ്രദർ ഹാശം ജംഗ്ഷൻ ഹൈസ്ക്കൂൾ റോഡ്

43. വാക്കാത്തിപ്പാറ - വെളിച്ചെണ്ണക്കണ്ടം റോഡ്
44. കനാൽ അക്വഡക്ട് അപ്രോച്ച് റോഡ്
45. ചുളളപ്പിളളി പീടിക സതേൺ റോഡ്
46. മണിമരുതുംപാലം പൈങ്ങോട്ടൂർ ടെമ്പിൾ റോഡ്
47. കൂരംകുന്ന് പെരുനീർ റോഡ്
48. കീപ്പനശ്ശേരി കണ്ണമംഗലം റോഡ്
49. കുറുപ്പുംകണ്ടം തൃക്കേപ്പടി
50. മാറാച്ചേരികടവ് - കൊല്ലറയ്ക്ക പീടിക റോഡ്
51. കല്ലുങ്കൽപ്പടി വെളിച്ചെണ്ണക്കണ്ടം റോഡ്
52. എരപ്പുപാറ ചിറ റോഡ്
53. കല്ലിരിക്കൽ കണ്ടം - കണിയാംകുന്ന് റോഡ്
54. കോന്തൻപാറ ഡീവിയേഷൻ റോഡ്
55. നറുക്കി കോളനി പഴയിടത്തുപാടം റോഡ്
56. കോത്തൻപാറ കണ്ണാംപറമ്പിൽ റോഡ്
57. തായ്മറ്റം കോന്തൻപാറ റോഡ്
58. പെരുംകുഴി കവല - നർക്കിക്കുന്ന് റോഡ്
59. പോത്താനിക്കാട് ഉമ്മിണിക്കുന്ന് പള്ളി കൂമുളളും കുന്ന് റോഡ്
60. ആര്യമറ്റം പുളിന്താനം ലക്ഷംവീട് കോളനി റോഡ്
61. കണ്ണാപറമ്പൻപടി റോഡ്
62. നർക്കിക്കുന്ന് ചകിരിഫാക്ടറി റോഡ്
63. തായ്മറ്റം കോളനി - മുകളേൽപ്പാടം - കോന്തൻപാറ റോഡ്
64. കോന്തൻപാറ - കണ്ണാപറമ്പൻപടി ഇല്ലിക്കപ്പടി റോഡ്
65. കോന്തൻപാറ - ആരാകുന്നിപ്പടി കണ്ണാപറമ്പൻപടി റോഡ്
66. കോന്തൻപാറ - കാക്കാലൻകുഴി റോഡ്
67. കോന്തൻപാറ - പട്ടണംകാവ് കടവ് ലിങ്ക് റോഡ്
68. അഞ്ചേരിപ്പടി - താഴത്തേക്കുടിപടി റോഡ്
69. പാറയ്ക്കപീടിക - തായ്മറ്റം കോളനി റോഡ്
70. വളവടിച്ചാൽ ചിറ റോഡ്
71. ഈറയ്ക്കൽപടി മുസ്ലിംപള്ളി റോഡ്

72. ആയുർവേദാശുപത്രി - ഹരിജൻ ശ്മശാന റോഡ്

73. കൂരംകുന്ന് നത്തുകണ്ണി പാടം റോഡ്

13. റോഡ് സംരക്ഷണത്തിന് പ്രാദേശിക ജനകീയ സമിതികളും രൂപീകരിക്കുകയും വിഭവസമാഹരണം നടത്തി പുതിയ റോഡുകളും നിർമ്മിക്കാനും റോഡുകൾക്ക് ഓടകളും നിർമ്മിക്കാനും സംരക്ഷിക്കാനും മറ്റ് അറ്റകുറ്റപണികളും സമയാസമയങ്ങളിൽ ചെയ്യുവാനുമുള്ള നടപടികളും സ്വീകരിക്കണം.

14. പഞ്ചായത്തിന്റെ ബസ്റ്റാൻഡ് എത്രയും പെട്ടെന്ന് നന്നാക്കുവാനുള്ള നടപടികളും സ്വീകരിക്കണം ബസ്റ്റാൻഡിൽ കക്കൂസ് ,മൂത്രപ്പുര എന്നിവ എത്രയും പെട്ടെന്ന് നിർമ്മിക്കണം

15. പഞ്ചായത്തിൽ ഓട്ടോറിക്ഷ, ടാക്സികളും, മറ്റു വാഹനങ്ങളും എന്നിവയ്ക്കാവശ്യമായ സ്റ്റാൻഡുകളും ഏർപ്പെടുത്തണം.

16.റോഡുകളിൽ ആവശ്യമായ ഇടങ്ങളിൽ വെയിറ്റിംഗ് ഷെഡുകളും സ്ഥാപിക്കണം.

17. റോഡുകളിൽ പ്രാധാന ജംഗ്ഷനുകളിൽ സോഡിയം വേപ്പർലാമ്പുകളും, അമോണിയം വേപ്പർലാമ്പുകളും മറ്റിടങ്ങളിൽ സാധാരണ ബൾബുകളും ഇടുകയും അവ തെളിയുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാനാവശ്യമായ നടപടികളും സ്വീകരിക്കുകയും വേണം

18. റോഡുകളുടെ വശങ്ങളിലുള്ള ഓടകളും വ്യക്തികളും വീടുകളിലേയ്ക്കുകയറുവാൻ മണ്ണിട്ടുനികത്തുന്ന പ്രവണത കണ്ടുവരുന്നു. ഇതു റോഡുകളിൽ വെള്ളം കെട്ടിക്കിടക്കുവാനും റോഡുകളും താറുമാറാകാനും ഇടയാക്കുന്നതിനാൽ ഇവ തടയുവാനാവശ്യമായ കർശ്ശനനടപടികളും സ്വീകരിക്കണം


19. റോഡതിർത്തിയിൽ നിന്നും മൂന്നു മീറ്റർ മാറിയെ കെട്ടിടങ്ങളും നിർമ്മിക്കാവു എന്ന വ്യവസ്ഥ കർശ്ശനമായി പാലിക്കപ്പെടുവാനാവശ്യമായ നടപടികളും സ്വീകരിക്കണം. ചില കെട്ടിടങ്ങൾക്ക് വ്യവസ്ഥ ലംഘിച്ച് നിർമ്മാണങ്ങളും നടത്തുവാനനുവാദം കൊടുക്കുന്ന പ്രവണത തീർത്തും ഒഴിവാക്കണം

20. കോതമംഗലം അടിമാലി വഴി കടന്നുപോകത്തക്കവിധം പദ്ധതി തയ്യാറാക്കപ്പെട്ടിട്ടുള്ള നിർദ്ദിഷ്ട കൊച്ചി - മധുര നാഷണൽ ഹൈവേ, 42 കി.മീ. യോളം ദൂരക്കുറവുള്ളതും കോടിക്കണക്കിനു രൂപ ചിലവുകുറവുള്ളതും ഹരിതവനഷ്ടം ഒഴിവാക്കാനാകുന്നതും ജനലക്ഷങ്ങൾക്ക് ഉപകാരപ്പെടത്തവണ്ണം ജനനിവാസമേഖലയിൽക്കൂടി കടന്നുപോകുന്നതും ഹൈയർപ്പിൻ വളവുകളും കുറവുള്ളതുമായ മൂവാറ്റുപുഴ - പോത്താനിക്കാട് - വണ്ണപ്പുറം - ഇടുക്കി - കട്ടപ്പന - കമ്പംമെട്ട് വഴിയായിരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പോത്താനിക്കാട് പഞ്ചായത്തുപ്രസിഡൻഡ് ചെയർമാനായി 21 പഞ്ചായത്തുകളിൽ നിന്നുള്ള ജനപ്രതിനിധികളും ഉൾപ്പെടെ ഒരു ആക്ഷൻ കൗൺസിൽ രൂപീകരിക്കുകയും ബഹു കേരള ഹൈക്കോടതിയിൽ റിട്ട് ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഹൈവേക്കെടുത്തനടപടികളും ബഹു. കോടതി സ്റ്റേ ചെയ്യുകയും ഇരുറൂട്ടുകളെയും താരതമ്യപഠനം നടത്തുന്നതിന് സാറ്റലൈറ്റ് ഇൻവസ്റ്റിഗേഷന് ഉത്തരവാകുകയും ചെയ്തിട്ടുള്ളതുമാണ്. എന്നാൽ ആക്ഷൻ കൗൺസിൽ ഇപ്പോൾ മൃതാവസ്ഥയിലാണ്. പോത്താനിക്കാട് പഞ്ചായത്ത് മുൻകൈയ്യെടുത്ത് ആക്ഷൻ കൗൺസിൽ പ്രവർത്തനം ശക്തിപ്പെടുത്തുകയും കോടതിവഴി നീതി നേടിയെടുക്കാനാവശ്യമായ നടപടികളും സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

21. ഏറെക്കാലമായി പരിഗണനയിലുണ്ടെന്നുപറയുന്ന രണ്ടു റെയിൽവേ ലൈനുകളാണ് എറണാകുളം ജില്ലയിലെ പോത്താനിക്കാട് ഉൾപ്പെടെയുള്ള കിഴക്കൻ മേഖലകളുടെയും ഇടുക്കി ജില്ലയുടെയും വികസനത്തെ ത്വരിതപ്പെടുത്തുന്ന കൊച്ചി മധുര റെയിലും പിൽഗ്രിംസ് റെയിൽ എന്ന അങ്കമാലി ശബരിമല റെയിലും പിൽഗ്രിംസ് റെയിൽ കാലടി, മലയാറ്റൂർ, ഭൂതത്താൻകെട്ട്, കോതമംഗലം, പോത്താനിക്കാട്, നാഗപ്പുഴ, തൊടുപുഴ, പാല, ഭരണങ്ങാനം, ഈരാറ്റുപേട്ട, പമ്പ എന്നീ സ്ഥലങ്ങളെ സ്പർശിക്കപ്പെട്ട് നിർമ്മിക്കപ്പെടേണ്ടതാണ്. നമ്മുടെ പ്രദേശത്തെ കാർഷീക, വ്യവസായിക വളർച്ചക്ക് ഏറെ പ്രയോജനപ്പെടുന്ന മേൽപ്പറഞ്ഞ റെയിൽവേ ലൈനുകളും യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടി പഞ്ചായത്തുസമിതിയുടെ നേതൃത്വത്തിൽ കഠിനശ്രമം നടത്തേണ്ടതാണ്.

22. ഇപ്പോൾ നിർമ്മാണം നടന്നുവരുന്ന ധസ്സഫസ്സ കനാൽ പഞ്ചായത്തു റോഡുകളെ മുറിച്ച് കടന്നുപോകുന്ന ഭാഗങ്ങളിലെല്ലാം വാഹനഗതാഗതയോഗ്യമായ പാലങ്ങളും നിർമ്മിക്കുവാനാവശ്യമായ നടപടികളും സ്വീകരിക്കണം

ഊർജ്ജം



നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചതോളം ഊർജ്ജോൽപാദന സാധ്യകകം കാര്യമായൊന്നുമില്ലെന്നുതന്നെ പറയാം.ഊർജ്ജോൽപാദനത്തോളം തന്നെ പ്രാധാന്യമുള്ള കാര്യമാണ് ഊർജ്ജസംരക്ഷണം.ഊർജ്ജസംരക്ഷണപ്രവർത്തനങ്ങം ഊർജ്ജിതമാക്കുന്നതിലൂടെ നാടിന്റെ ഊർജ്ജപ്രതിസന്ധി പരിഹരിക്കുന്നതിൽ നമുക്കും പങ്കു ചേരാം.

നമ്മുടെ നാട്ടിൽ ഉപയോഗിക്കുന്ന പ്രധാന ഊർജ്ജസ്രോതസ്സുകം സൗരോർജ്ജം, വിറക്, തെങ്ങുല്പന്നങ്ങം, ചപ്പുചവറുകം, വൈദ്യുതി, ബയോഗ്യാസ്, മണ്ണെണ്ണ, ഡീസൽ, പെട്രോം, L.P.G തുടങ്ങിയവയാണ്. കാർഷിമേഖലയായതുകൊണ്ട്വൃക്ഷങ്ങളേറെയുള്ളതിനാൽ വിറകു ശേഖരിക്കാൻ കഴിയുന്നു. തെങ്ങിൽ നിന്നും ലഭിക്കുന്ന തെങ്ങോല, മടൽ, ചകിരി തുടങ്ങിയവ ധാരാളമായി ഉപയോഗിക്കപ്പെടുന്നുണ്ട്. റബറേറെയുള്ളതിനാൽ റബർത്തടി, റബർക്കായ് തുടങ്ങിയവയും ഉപയോഗിക്കുന്നുണ്ട്. കാലിവളർത്തൽ ഉപതൊഴിലായതുകൊണ്ട് ചുരുക്കം വീടുകളിലെങ്കിലും ബയോഗ്യാസ് പ്ലാന്റുകം നിർമ്മിച്ചിട്ടുണ്ട്. ഗ്രാമത്തിൽ 70% ത്തോളം വൈദ്യുതീകരിച്ചിട്ടുള്ളതു കൊണ്ട് പ്രധാന സ്രോതസ്സ് വൈദ്യുതി തന്നെ ബാക്കി വീടുകളിൽ ഇപ്പോഴും മണ്ണെണ്ണ തന്നെ ഉപയോഗിക്കുന്നു. ചുരുക്കം വീടുകളിൽ (5%) പാചകഗ്യാസ് ലഭ്യമായിട്ടുണ്ട്. ഗ്രാമത്തിൽ പമ്പുകം ഇല്ലാത്തതിനാൽ വാഹനമുപയോഗിക്കുന്നവർക്ക് പെട്രോം, ഡീസൽ തുടങ്ങിയവയ്ക്ക് കോതമംഗലത്തെയോ മൂവാറ്റുപുഴയെയോ ആശ്രയിക്കേണ്ടി വരുന്നു.

മണ്ണെണ്ണ പ്രധാനമായും റേഷൻകടകളിൽനിന്നാണ് ലഭിക്കുന്നത്. പഞ്ചായത്തിൽ പൊതുവിതരണകേന്ദ്രങ്ങളിൽ നിന്നും 131 മണ്ണെണ്ണ പെർമ്മിറ്റുകളാണുള്ളത്. 1995-96 ൽ പെർമിറ്റുകം വഴി 17844 ലിറ്ററും കാർഡുകം വഴി 55272 ലിറ്ററും മണ്ണെണ്ണയാണ് വിതരണം ചെയ്തിട്ടുള്ളത്.

പട്ടണത്തിലെ L.P.G ഏജൻസിയിൽനിന്നും കണക്ഷൻ ലഭിക്കാൻ ഇപ്പോം സാധ്യതയില്ലാത്തതിനാൽ പുതിയ കണക്ഷനുകം ലഭ്യമല്ല. ശാസ്ത്രസാഹിത്യപരിക്ഷത്തിന്റെയും അനർട്ടിന്റെയുമൊക്കെ അടുപ്പുകം ചുരുക്കമായേ ഗ്രാമത്തിൽ ഉപയോഗിക്കപ്പെടുന്നുള്ളു.

വൈദ്യുതവിതരണശൃംഖല ശക്തമല്ലാത്തതിനാൽ വോംട്ടേജ് ക്ഷാമം ഉംപ്പെടെ പല ബുദ്ധിമുട്ടുകളും ഈ രംഗത്തുണ്ട്. പഞ്ചായത്തിൽ തെരുവുവിളക്കുകളായി ഇപ്പോം നാല് സോഡിയം വേപ്പർ ലാപുകളും 14 ഫ്ലൂറസെന്റ് ട്യൂബുകളും 256 ബംബുകളുമാണുള്ളത്. പഞ്ചായത്തിൽ നിന്നും തന്നാണ്ടിൽ വൈദ്യുതി ചാർജ്ജിനത്തിൽ ചിലവഴിച്ച തുക 40914 ആണ്. ഇത് പഞ്ചായത്തിന്റെ മെത്തം വരുമാ

നത്തിന്റെ 9.8% ത്തോളം വരും. പഞ്ചായത്തിൽ ആകെ 3740 ഗാർഹികകണക്ഷനുകളും 230 വാണിജ്യകണക്ഷനുകളുമാണുള്ളത്. 3-8-96 വരെയുള്ള എല്ലാ അപേക്ഷകർക്കും കണക്ഷനുകം നൽകിയിട്ടുണ്ട്. ഇനി സാധാരണ കണക്ഷനിനത്തിൽ 465 ഉം O.T.P യിൽ 17 ഉം O.Y.E.C യിൽ 72 ഉം അപേക്ഷകളാണ് കണക്ഷൻ നൽകാനായുള്ളത്. തന്നാണ്ടിൽ 32 സാധാരണ കണക്ഷനുകളും 7 O.T.Pകണക്ഷനുകളും 300 O.Y.E.C കണക്ഷനുകളും നൽകിയിട്ടുണ്ട്.

പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും

1.ഗ്രാമീണമേഖലയിൽ പുതുതായി പാചക വാതക കണക്ഷനുകം കൊടുക്കുന്നില്ലയെന്നത് തികച്ചും പ്രതിഷേധാർഹമാണ്. ആവശ്യമെങ്കിൽ നിയമഭേദഗതി വരുത്തി ഇവിടെ ഒരു L.P.G ഏജൻസിയനുവദിക്കണം. ആവശ്യമുള്ളവർക്ക് കണക്ഷൻ കൊടുക്കുവാനുമുള്ള സംവിധാനം ഉണ്ടാകണം

2. മെച്ചപ്പെട്ട വൈദ്യുതി വിതരണത്തിനും വോംട്ടേജ്ക്ഷാമം പരിഹരിക്കുന്നതിനും ഇവിടെ ഒരു K.S.E.B സബ് സ്റ്റേഷനും കൂടുതൽ ട്രാൻസ്ഫോർമറുകളും സ്ഥാപിക്കണം

3. ഊർജ്ജസംരക്ഷണ നടപടി എന്ന നിലവിൽ ദക്ഷതകൂടിയ വിറകടുപ്പുകം, പ്രഷർകുക്കർ, പമ്പുസെറ്റുകളിൽ ഘർഷണരഹിതമായ ഫുട്വാൽവുകം, ഇലക്ട്രോണിക് ചോക്കുകം, സോളാർ വിളക്കുകം, കോമ്പാക്ട് ഫ്ളൂറസെന്റ് ലാംപുകം എന്നിവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കണം.

4. കാലിവളർത്തൽ ഉള്ളതുകൊണ്ടും കാർഷികമേഖലയായതുകൊണ്ടും ബയോഗ്യസ് പ്ലാന്റുകംക്ക് സാധ്യതയേറെയുണ്ടിവിടെ. ബയോഗ്യസ് പ്ലാന്റുകം സ്ഥാപിക്കുന്നതിന് സഹായപദ്ധതികം പ്രഖ്യാപിച്ച് നടപ്പാക്കണം.

5.സൗരോർജ്ജ അടുപ്പുകളും വിളക്കുകളും കൂടുതൽ സൗജന്യനിരക്കിൽ വിതരണം ചെയ്യണം.

6. വൈദ്യുതിപ്രസാരണ നഷ്ടം ഒഴിവാക്കുന്നതിന് വൈദ്യുതലൈനിൽ ആവശ്യമായ ശ്രദ്ധയും പരിചരണവും ഉണ്ടാകണം

7.എല്ലാ ഗ്രാമീണറോഡുകളിലും വഴിവിളക്കുകം സ്ഥാപിക്കണം. ഗ്രാമസഭയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ എല്ലാ പ്രധാന കേന്ദ്രങ്ങളിലും സോഡിയം വേപ്പർ ലാമ്പുകം സ്ഥാപിക്കണം.

8.പോത്താനിക്കാട് നിവാസികംക്ക് ഡീസൽ, പെട്രോം എന്നിവയ്ക്ക് കോതമംഗത്തേയോ മൂവാറ്റുപുഴയെയോ ആശ്രയിക്കേണ്ടതായ സ്ഥിതിയാണുള്ളത്. കോതമംഗലം, മൂവാറ്റുപുഴ, കാളിയാർ, ചാത്തമറ്റം എന്നീ ഭാഗങ്ങളിലേയ്ക്കും ധാരാളം ബസുകം കടന്നുപോകുകയും പാർക്കുചെയ്യുവാനാവശ്യമായ ബസ് സ്റ്റാന്റും ഉള്ള സ്ഥലമെന്ന നിലയയിലും, അനവധി ഓട്ടോറിക്ഷകം, ടാക്സികം, മറ്റ് ചരക്കുവണ്ടികം, ഏറെ സ്വകാര്യവാഹനങ്ങം എന്നിവയുള്ള ടൗണെന്ന നിലയിലും പോത്താനിക്കാട്ട് ഒരു ഡീസൽ, പെട്രോം പമ്പ് അത്യാവശ്യമാണ്. അത് അനുവദിച്ചുകിട്ടുന്നതിനുള്ള നടപടികം സ്വീകരിക്കണം.

9. ഊർജ്ജ സംരക്ഷണ നടപടികംക്കുള്ള പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കരിക്കാനാവശ്യമായ നടപടികം സ്വീകരിക്കണം.

10. റേഷൻ കടകംവഴി മണ്ണെണ്ണവിതരണം ചെയ്യുന്നതിൽ കൃത്രിമമുണ്ടാവാതിരിക്കാൻ പഞ്ചായത്ത് തലത്തിൽ പരിശോധനയ്ക്കായി ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തണം. ❑



വിപണി (Market)

കർഷകരായ ഗ്രാമവാസികൾ ഉല്പാദിപ്പിക്കുന്ന മുഖ്യ വിളകളായ റബ്ബർ, കാപ്പി, കൊക്കോ, ജാതിക്കാ, പൈനാപ്പിൾ, കുരുമുളക്, കാപ്പി, ഇഞ്ചി, മഞ്ഞൾ, കച്ചോലം തുടങ്ങി എല്ലാ കാർഷിക വിളകളും വിറ്റഴിക്കുവാൻ പല പ്പോഴും പ്രയാസം നേരിടാറില്ല. ഇവയിൽ ഭക്ഷ്യ വസ്തുക്കളായ നെല്ല്, പൈനാപ്പിൾ ഇവ ഒഴിച്ചാൽ മറ്റു ഭക്ഷ്യവിളകൾ പരിമിതമായ തോതിൽ മാത്രമാണ് ഇവിടെ ഉല്പാദിപ്പിക്കപ്പെടുന്നതു്. അതുകൊണ്ട് ഇവയുടെ വിപണനം ഒരു പ്രശ്നമായിത്തീരാറില്ല. നെല്ല് ഗ്രാമത്തിൽ തന്നെ വ്യക്തികളും ചില റൈസ് മില്ലുടമകളും വാങ്ങി അരിയാക്കി ഉപയോഗിക്കുകയോ വിറ്റഴിക്കുകയോ ചെയ്യുന്നു. പൈനാപ്പിൾ ഇപ്പോൾ ഇവിടുത്തെ ഭക്ഷ്യാവശ്യത്തേക്കാൾ വളരെക്കൂടുതൽ വ്യാപകമായി ഉൽപ്പാദിപ്പിക്കപ്പെടുന്നതുകൊണ്ട് ലോക്കൽ ഏജൻസികൾ വഴിയും വാഴക്കുളംപൈനാപ്പിൾ മാർക്കറ്റ് വഴിയും വിറ്റ് മറ്റു സംസ്ഥാനങ്ങളിലേയ്ക്ക് കയറ്റിഅയക്കുന്നു. എല്ലാ കാലങ്ങളിലും വിളവെടുപ്പ് മുടങ്ങാതെ നടക്കുന്നുണ്ടെങ്കിലും ചിലസമയങ്ങളിൽ കൂടുതൽ ചരക്ക് മാർക്കറ്റിൽ എത്തുമ്പോൾ കച്ചവടക്കാർ ചരക്കിന് വില ഇടിക്കുകയും കൃഷിക്കാരന് ന്യായമായ വില ലഭിക്കാതെ പോവുകയും ചെയ്യുന്നു. അതുകൊണ്ട് പൈനാപ്പിളിന് സ്റ്റെഡിവില ഒരിക്കലും ലഭ്യമാകുന്നില്ല.

നാണ്യവിളകളിൽ ഇന്നിവിടെ ഏറ്റവും പ്രധാനമായത് റബർ തന്നെ. റബ്ബർ ഉൾപ്പെടെ എല്ലാ നാണ്യവിളകളും വിറ്റഴിക്കുവാൻ കഴിയുന്ന സ്ഥിതി യാണുള്ളത് . മുഖ്യമായും കൊച്ചിൻ മാർക്കറ്റിലൂടെയുള്ള വില്പന നടത്തുന്ന ട്രേഡിംഗ് ഏജൻസികൾ ഈ ഗ്രാമത്തിലും ഉണ്ട്. ചില ട്രേഡേഴ്സ് നേരിട്ട് വൻകിട ടയർ കമ്പനികൾ ഉൾപ്പെടെയുള്ള റബ്ബർ കമ്പനികൾക്ക് നേരിട്ട് ശേഖരിക്കുന്നുണ്ട്. റബ്ബർഷീറ്റുകൾ കെട്ടിഅയക്കുന്ന രീതിയും ഉണ്ട്. അതുകൊണ്ട് കൊച്ചി വിപണിയുമായി ബന്ധപ്പെടുത്തി വലിയകുറവില്ലാതെ ആഭ്യന്തര വിപണി വിലയ്ക്ക് കർഷകർക്ക് വിൽക്കുവാൻ കഴിയുന്നു. നാളികേരത്തിന്റെ ഉല്പാദനം കുറഞ്ഞ കാല ങ്ങളിൽ ന്യായമായ വില ലഭിക്കാറുണ്ടെങ്കിലും , കൂടിയ സീസണിൽ എണ്ണ വിപണി യ്ക്ക് മാന്ദ്യം അനുഭവപ്പെടുകയും നാളികേര ത്തിന്റെ വില യിടിയുകയും കർഷകന് ന്യായമായ വില ലഭിക്കാതെ വരുമെന്ന് മാത്രമല്ല ചിലപ്പോൾ തേങ്ങ വിറ്റഴിക്കുവാൻ ബുദ്ധിമുട്ട് ഉണ്ടാവുകയും ചെയ്യുന്നു. ഈ കാരണങ്ങളാൽ തന്നെ പലപ്പോൾ വില ലാഭകരമല്ലാതാകുന്നു ഇതിന് പുറമേ തെങ്ങുരോഗം മൂലം ഉണ്ടാകുന്ന വിള നാശവും പ്രശ്നമായി തീരുന്നു. കൊപ്രായ്ക്ക് ഉയർന്ന തറവില നിശ്ചയിച്ച് നാളികേരത്തിന് ഒരു നിശ്ചിതവില നിലവാരം നിലനിർത്തുവാൻ കഴിയണം. കൂടാതെ വെളിച്ചെണ്ണയുടെ വ്യാപക മായ ഉപയോഗം പ്രോത്സാഹിപ്പിക്കുകയും വേണം .

ഗ്രാമീണരുടെ ദൈനംദിന ഉപഭോഗ വസ്തുക്കളുടെ കാര്യത്തിൽ ഇപ്പോൾ ലഭ്യതയുടെ പ്രശ്നം ഉണ്ടാകാറില്ല. വലിയ കൺസ്യൂമർ മാർക്കറ്റ് പ്രവർത്തിക്കുന്നില്ലെങ്കിലും, മിക്കവാറും എല്ലാ നിത്യോപയോഗ സാധനങ്ങളും ഗ്രാമത്തിലെ ചെറുതും വലുതുമായ ഷോപ്പുകളിലൂടെ ലഭ്യമാണ്. ടെക്സ്റ്റൈൽസും മരുന്നുകളും ലാഭേച്ഛയിൽ വിറ്റഴിക്കുന്ന കച്ചവടക്കാർ വഴിയും ലഭ്യമാണ്. അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ തുടങ്ങിയവ റേഷൻകടകൾ വഴിയുള്ള പൊതു വിതരണ സമ്പ്രദായത്തിലൂടെ ലഭ്യമാകുന്നു. മത്സ്യം, മാംസം, മുട്ട എന്നിവ വില്പന നടത്തുന്ന സ്ഥിരം വിപണനകേന്ദ്രങ്ങൾ ഇല്ലെങ്കിലും ചില വില്പനകേന്ദ്രങ്ങളും കശാപ്പു ശാലകളും ഗ്രാമത്തിൽ പ്രവർത്തിക്കുന്നു. എന്നാൽ പഴവർഗ്ഗങ്ങൾ, പച്ചക്കറിസാധനങ്ങൾ എന്നിവ ഇവിടെ ധാരാളമായി ഉല്പാദിപ്പി ക്കുന്നില്ലാത്ത തിനാൽ തമിഴ്പാട് ഉൾപ്പെടെയുള്ള മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യേണ്ടതുണ്ട്. അതിനാൽ ഇവയ്ക്ക് വർദ്ധാച്ച വില നൽകേണ്ടിവരുന്നു. ഇതും ധാരാളമായി ലഭ്യമാകത്തക്കവണ്ണം വലിയ വിപണനകേന്ദ്രങ്ങളുടെ കുറവുണ്ട്.

നിത്യോപയോഗ സാധനങ്ങളാകെ വാങ്ങുവാൻ കഴിയുന്ന സൂപ്പർ മാർക്കറ്റുകളും മത്സ്യം, മാംസം, പച്ചക്കറികൾ ഇവയുടെ വിപണന കേന്ദ്രങ്ങൾ അടങ്ങിയ ഒരു പൊതു മാർക്കറ്റും പഞ്ചായത്തു കേന്ദ്രത്തിൽ ആവശ്യമാണ്.അവശ്യവസ്തുക്കൾ മിതമായ വിലയ്ക്ക് വാങ്ങുന്ന തോടൊപ്പം അധികം ഉല്പാദിപ്പിക്കുന്നവ മെച്ചപ്പെട്ട വിലയ്ക്ക് വിറ്റഴിയ്ക്കുവാനും അതുപകരിയ്ക്കും.

മൃഗസംരക്ഷണത്തിലേർപ്പെട്ടിരിക്കുന്ന കർഷകർ ഉല്പാദിപ്പിക്കുന്ന പാൽ വാങ്ങുന്നതിന് മിൽമ പോലുള്ള സ്ഥാപനങ്ങളും സഹകരണ സംഘങ്ങളും പ്രവർത്തിക്കുന്നതുകൊണ്ട് ക്ഷീര വ്യവസായത്തിന്റെ ഒരുഭാഗം ഇവിടെ കുറഞ്ഞതോതിലെങ്കിലും നടക്കുന്നു. എങ്കിലും കർഷകർക്ക് ലാഭവില ലഭിക്കുന്നില്ല. എന്നാൽ പാലും പാലുല്പന്നങ്ങളും വിൽക്കുന്ന സ്ഥാപനങ്ങളൊന്നും ഗ്രാമത്തിലില്ല. അതുകൊണ്ട് ആവശ്യക്കാർക്ക് പാൽ വാങ്ങുന്നതിന് സഹായിക്കുന്ന മുഴുസമയം പ്രവർത്തിക്കുന്ന വിപണന കേന്ദ്രങ്ങളുടെ ആവശ്യം ഉയരുന്നു. പാൽ വാങ്ങുകയും സംസ്കരിക്കുകയും വിൽക്കുകയും ചെയ്യുന്ന സ്ഥാപനങ്ങൾ ഉണ്ടായാൽ ഉല്പാദകർക്ക് മെച്ചപ്പെട്ട വില ലഭ്യമാകുന്നതിനിടയാകുകയും ചെയ്യുന്നതാണ്.

വാഹനങ്ങൾ വ്യാപകമായി ഉപയോഗിക്കുന്ന സാഹചര്യമായതിനാൽ സ്പെയർ പാർട്സുകൾ ലഭ്യമായ ഷോപ്പുകളും പെട്രോൾ, ഡീസൽ എന്നിവ ലഭിക്കുന്ന ബങ്കും ഗ്രാമത്തിലാവശ്യമാണ്. ഇലക്ട്രോണിക് മാധ്യമങ്ങളുടെ ഉപയോഗം സർവ്വസാധാരണമായിക്കഴിഞ്ഞതിനാൽ അവയുടെ വില്പന കേന്ദ്രവും ഇവിടെ ഉണ്ടാകണം .അങ്ങനെ ജീവിതാവശ്യങ്ങൾ നിറവേറ്റാനുതകുന്ന എല്ലാതരം വിപണന കേന്ദ്രങ്ങളും കാർഷിക ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുവാൻ സഹായിക്കുന്ന മാർക്കറ്റിംഗ് സൗകര്യങ്ങളും ഈ പഞ്ചായത്തിൽ ഉണ്ടാവുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകണം .

പാർപ്പിടം

ഭവനനിർമ്മാണം ദരിദ്രർക്ക് സ്വപ്നവും ധനികർക്ക് ആർഭാടവുമായി മാറികൊണ്ടിരിക്കുന്ന കാലമാണല്ലോ ഇത്. നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം കൂടുതലും ഇടത്തരക്കാരായതുകൊണ്ട് ഇടത്തരം വീടുകളാണ് അധികവും. മുമ്പുണ്ടായിരുന്ന തടിയുപയോഗിച്ചുള്ള ഓടുമേഞ്ഞ വീടുകൾക്ക് പകരം ഇപ്പോളുയരുന്നത് കോൺക്രീറ്റ് കൂടാരങ്ങളാണ്. വീടുകൾ മോടിപ്രകടിപ്പിക്കാനുള്ള ഒരു ഉപാധിയെന്നനിലയിലെക്ക് സാമൂഹ്യധാരണ മാറുന്നതുകൊണ്ട് കടം വാങ്ങിയും വീടുകളിലേക്ക്പണം മുടക്കുവാനുള്ള പ്രവണത കൂടുതലായി വളർന്നുവരുന്നു. കൂലികൂടുതലും സാധനങ്ങളുടെ വിലവർദ്ധനവും വിദഗ്ദ്ധ തൊഴിലാളികളുടെ ലഭ്യതക്കുറവും സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം വീടു സ്വപ്നമാക്കി മാറ്റുന്നു.

പോത്താനിക്കാട് പാർപ്പിട നിർമ്മാണത്തിന് സാമ്പത്തികസഹായം നൽകുന്ന ഒരു ഭവനനിർമ്മാണ സഹകരണസംഘം പ്രവർത്തിക്കുന്നുണ്ട്. അതിൽനിന്നും 154 പേർക്ക് ഭവന വായ്പ വിതരണം ചെയ്തിട്ടുണ്ട്. 5344500 ഇതിനായി ചിലവഴിച്ചിട്ടുണ്ട്. സർക്കാരിന്റെ വിവിധ ഭവന നിർമ്മാണ സഹായ പദ്ധതികൾക്ക് പുറമേ ചില സന്നദ്ധസംഘടനകളും ഈ രംഗത്ത് പ്രവർത്തിക്കുണ്ട്. പഞ്ചായത്തുവഴി നൽകുന്ന സഹായപദ്ധതികളും കൂടുതലും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തെ ലക്ഷ്യമാക്കിയായതുകൊണ്ട് മറ്റു വിഭാഗത്തിൽപ്പെടുന്ന ദരിദ്രർക്ക് അവഗണന അനുഭവിക്കേണ്ടി വരുന്ന സ്ഥിതിവിശേഷം നിലവിലുണ്ട്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചില ബാങ്കുകളും ഭവനനിർമ്മാണത്തിന് ലോൺ നൽകിവരുന്നുണ്ട്.

പ്രശ്നങ്ങൾ

1. നിർമ്മാണവസ്തുക്കളുടെ അമിതമായ വിലവർദ്ധന.
2. തടിയുടെ ലഭ്യതക്കുറവ്.
3. ആർഭാടത്തിനും പ്രൗഡിക്കും വേണ്ടി വലിയ വീടുകൾ നിർമ്മിക്കാനുള്ള ഭ്രമം.
4. വിദഗ്ദ്ധ തൊഴിലാളികളുടെ കുറവും കൂലിക്കൂടുതലും
5. കെട്ടിടനിർമ്മാണ രംഗത്തുള്ള പരിജ്ഞാനക്കുറവ്
6. വായ്പ കൃത്യമായി ലഭ്യമാക്കുന്നതിനുള്ള ബുദ്ധിമുട്ട്.
7. കോളനികളിൽ ഇപ്പോഴും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ലാത്ത സ്ഥിതിവിശേഷം.

വാർഡ്	കുടിൽ	ഓട്	കോൺക്രീറ്റ്	ആകെ
1.	34	275	80	389
2.	38	252	48	338
3.	117	205	118	440
4.	74	165	223	462
5.	83	217	56	356
6.	84	182	73	339
7.	140	102	34	276
8.	115	73	81	269
ആകെ	685	1471	713	2869

സാധ്യതകൾ

1. ചിലവു കുറഞ്ഞ നിർമ്മാണ രീതികൾ പ്രോത്സാഹിപ്പിക്കണം.

2. ദുർവ്യയം ഒഴിവാക്കി ആവശ്യമായ സൗകര്യങ്ങളുള്ള വീടുകളുടെ മാതൃക പ്രചരിപ്പിക്കണം.

3. കെട്ടിട നിർമ്മാണ സാമഗ്രികൾ കൂടുതൽ ലഭ്യമാക്കി വില കുറക്കുവാനുള്ള നടപടികൾ സ്വീകരിക്കണം.

4. ദുർബലജനങ്ങൾ, വിധവകൾ, വികലാംഗർ തുടങ്ങിയ ഭവനരഹിതർക്ക് സൗജന്യമായി വീട് നിർമ്മിച്ചു കൊടുക്കുവാൻ ഒരു ഭവനനിർമ്മാണ പദ്ധതിക്ക് പഞ്ചായത്തുതലത്തിൽ രൂപം നൽകണം. ഇതിനായി ഈ രംഗത്തു പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെയും സന്നദ്ധസംഘടനകളുടെയും സഹായം സ്വീകരിക്കണം.

5. വിവിധ സർക്കാർ ഏജൻസികളിൽ നിന്നും മറ്റു സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കുന്നതിനുള്ള തടസങ്ങളും താമസവും ഒഴിവാക്കുവാൻ നടപടി വേണം.

6. വീടുവയ്ക്കാൻ സ്ഥലമില്ലാത്തവർക്കും പുറമ്പോക്ക് നിവാസികൾക്കും വേണ്ടി സ്ഥലം ഏറ്റെടുത്ത് വീട് നിർമ്മിച്ച് പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

7. കക്കൂസ് ഇല്ലാത്ത മുഴുവൻ വീടുകൾക്കും ശുചിത്വപരിപാലനത്തിനുതകുന്ന കക്കൂസുകൾ നിർമ്മിക്കുന്നതിന് പ്രത്യേക സഹായപദ്ധതി വേണം.

8. കോളനികൾ ഉൾപ്പെടെ വൈദ്യുതിയും കുടിവെള്ളവും എത്തിയിട്ടില്ലാത്ത മുഴുവൻ വീടുകളിലും അവയെത്തിക്കുന്നതിന് സത്വര നടപടി വേണം.

9. തൊഴിൽ വൈദഗ്ദ്ധ്യം പരിപോഷിപ്പിക്കുന്നതിനായി പഞ്ചായത്തുതലത്തിൽ പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കണം.

10. പഞ്ചായത്തിൽ കെട്ടിടങ്ങളുടെ ലൈസൻസിങ്ങിനുള്ള നടപടികൾ സുതാര്യമാക്കുവാനും ഏകീകരിക്കുവാനുമുള്ള നടപടികൾ സ്വീകരിക്കണം.



B. തൃതീയ മേഖല

ആരോഗ്യം

കുടിവെള്ളം

വിദ്യാഭ്യാസം

സംസ്കാരം

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

വനിതാ ക്ഷേമം

സാമൂഹ്യ ക്ഷേമം

സഹകരണ മേഖല

വിഭവസമാഹരണം

ആരോഗ്യം

ഏതൊരു സമൂഹത്തിന്റെയും പുരോഗതിയുടെ മാനദണ്ഡങ്ങളിൽ ഏറ്റവും പ്രധാനമായത് ആ സമൂഹത്തിലെ അംഗങ്ങളുടെ ആരോഗ്യമാണ്. ഉയർന്ന പ്രതീക്ഷിത ആയുസ്സ്, കുറഞ്ഞ ശിശുമരണ നിരക്ക്, കുറഞ്ഞ ജനനനിരക്ക്, കുറഞ്ഞരോഗാതുരതകുറഞ്ഞ മരണനിരക്ക് ഇവയൊക്കെയാണ് ഒരു സമൂഹത്തിന്റെ പൊതു ആരോഗ്യസ്ഥിതി കണക്കാക്കാനുള്ള സൂചികകം. അവികസിതി രാജ്യങ്ങം പൂർണ്ണമായും വികസിത രാജ്യങ്ങം പൊതുവേയും ഈ ഓരോ സൂചികയുടെ കാര്യത്തിലും പിന്നിലാണ്. പ്രതിശീർഷവരുമാനത്തിൽ ഏറെ പിന്നിലായിട്ടുപോലും നമ്മുടെ സംസ്ഥാനം രോഗതുരതയുടെ കാര്യത്തിലൊഴികെ മറ്റെല്ലാ സൂചികകളിലും ഏതാണ്ട് ഏതൊരു വികസിത രാജ്യത്തോടും കിടപിടിക്കാവുന്ന തലത്തിലേക്ക് ഉയർന്നുകഴിഞ്ഞിരിക്കുന്നു. ഉയർന്ന വിദ്യാഭ്യാസവും പ്രത്യേകിച്ച് സ്ത്രീകളുടെയിടയിൽ പൊതുവായി ഉയർന്ന ബോധനിലവാരവുമാണ് ഇതിനു പ്രധാനകാരണം.

സൂഷ്മതലത്തിൽ വിശകലനം ചെയ്താൽ ഈ നേട്ടങ്ങം നിലനിർത്താൻ നാം ഒട്ടേറെ പരിശ്രമിക്കേണ്ടിവരും എന്നുമനസ്സിലാകുന്നു. സമൂഹത്തിലെ രോഗതുരതകുറക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. കുട്ടികളിൽ ഗണനീയമായ തോതിൽ പോഷണക്കുറവിന്റെ പ്രശ്നമുണ്ടാകാറുണ്ട്. പോഷകാഹാരക്കുറവുകൊണ്ടുണ്ടാവുന്ന നീരവധി രോഗങ്ങം നമ്മുടെയിടയിലുണ്ട്. ശുദ്ധമായ കുടിവെള്ളത്തിന്റെ അപര്യാപ്തതമലിനമായ പരിസരം എന്നിവ ഛർദ്ദി, അതിസാരം, കോളറ മുതലായ രോഗങ്ങംക്ക് കാരണമാകുന്നു. നമ്മുടെ പൊതുജനരോഗ്യം നിലനിർത്തുവാൻ ആവശ്യം വേണ്ട ഒന്നാണ് പരിസരാരോഗ്യം. താരതമ്യേനെ ഉയർന്ന ശുചിത്വബോധമുള്ളവരാണ് നമ്മം, വ്യക്തിപരമായും വീടിനകത്തും, ഇത് ശരിയാണെങ്കിൽപോലും നമ്മുടെ ചുറ്റുപാടിനെ ശുചിയാക്കി സൂക്ഷിക്കുന്ന കാര്യത്തിൽ അത്രതന്നെ താല്പര്യം കാണുന്നില്ല. ഖരമാലിന്യങ്ങം അടിഞ്ഞു ദുർഗന്ധം വമിക്കുന്നത് ചിലയിടങ്ങളിൽ കാണാൻ കഴിയുന്നുണ്ട്. പൊതു നിരത്തുകളിലും റോഡുവക്കുകളിലും മലമൂത്ര വിസർജ്ജനം ചെയ്യേണ്ടിവരുന്നത് ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്നുണ്ട്. സമഗ്രമായ ഒരു പരിസരാരോഗ്യപരിപാടി ജനപങ്കാളിത്തത്തോടെ ആസൂത്രണം ചെയ്തു നടപ്പാക്കിയാൽ പ്രശ്ന പരിഹാരമാകുന്നതാണ്.

പൊതുസ്ഥലങ്ങളിലും റോഡരികുകളിലും മറ്റുകൂട്ടിയിടുന്ന ചപ്പുചവറുകം, ആശുപത്രികളിൽ നിന്നുള്ള വിഷമയമായതും അല്ലാത്തതുമായ മാലിന്യങ്ങം, കക്കൂസ്, കുളിമുറി, അടുക്കള ഇവയിൽനിന്നുള്ള മലിനജലം തുടങ്ങിയ മാലിന്യങ്ങം എന്നിവ പരിസ്ഥിതി പ്രശ്നങ്ങംക്ക് കാരണമാകുന്നുണ്ട്. ആസൂത്രണമില്ലാതെയുള്ള റോഡുനിർമ്മാണം, കെട്ടിട നിർമ്മാണം, നിലം നികത്തൽ എന്നിവ മലിനജലമൊഴുക്കുന്നതിന് തടസ്സമാകുന്നു. വ്യാപകമായ ബോധവൽക്കരണ പരിപാടിയിലൂടെ ശുചീകരണ പ്രവർത്തനങ്ങളും മാലിന്യനിർമ്മാർജനവും നടപ്പാക്കാൻ കഴിയും.

ഈ പഞ്ചായത്തിൽ ആരോഗ്യപ്രവർത്തനങ്ങംക്കുള്ള സൗകര്യങ്ങം താഴെ പറയുന്നവയാണ്. പോത്താനിക്കാട് സർക്കാർ ആശുപത്രി ഗവ. ആയുർവേദ ഡിസ്പ്പൻസറിയെന്നിവ ഇവിടെ പ്രവർത്തിക്കുന്ന ചികിത്സാകേന്ദ്രങ്ങളാണ്. കൂവള്ളൂരുള്ള പ്രൈമറി ഹെൽത്ത് സെന്ററിന്റെ കീഴിലാണ് മറ്റ് പ്രവർത്തനങ്ങളുള്ളത്. കൂടാതെ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന സെന്റ്. തോമസ്സ് ആശുപത്രി, സെന്റ്. മേരീസ് ആശുപത്രി എന്നിവ കൂടതെ തച്ചാലിൽ വിഷവൈദ്യചികിത്സാകേന്ദ്രവുമുണ്ട്. ഇതിനെല്ലാം പുറമേ ഒരു ദന്താശുപത്രിയും ആയുർവേദമേഖലയിൽ നാടൻചികിത്സാസമ്പ്രദായങ്ങളും പ്രകൃതിചികിത്സകളും നമ്മുടെ നാട്ടിൽ ഉള്ളതായിക്കാണുന്നു.

ഇവിടത്തെ സർക്കാർആശുപത്രിക്ക് സ്വന്തമായി കെട്ടിടമുണ്ട്. രോഗികളെകിടത്തി ചികിത്സിക്കുന്നതിന് വാർഡുകളുമുണ്ട്. ഏന്നാൽ ഒരു ഓപ്പറേഷൻ തീയറ്റർ ഇവിടെയില്ല. ശുദ്ധജലം ആവശ്യത്തിനു ലഭിക്കുന്നതിനുള്ള സൗകര്യം കുറവാണ്. ചുറ്റു മതിലില്ല. ഒരു ഫ്രിഡ്ജുള്ളത് കേട് വന്നിരിക്കയാണ്. അത് നന്നാക്കാനുള്ള സംവിധാനമുണ്ടാക്കണം. കൂടുതൽ സൗകര്യങ്ങളോടുകൂടിയ വാർഡുകം ഉണ്ടാവുകയും ഇത് ഒരു പ്രൈമറി ഹെൽത്ത് സെന്ററിന്റെറായിമാറുകയും വേണം. 1952 ൽ സ്ഥാപിതമായ ഈ ആശുപത്രി

യുടെ ശോചനീയവസ്ഥ മാറ്റുന്നതിന് പഞ്ചായത്ത് പുതിയ സ്കിമുകൾ ഉണ്ടാക്കേണ്ടിയിരിക്കുന്നു. നിലവിലുള്ള ഉദ്യോഗസ്ഥരുടെ എണ്ണം പതിനഞ്ചാണ്. കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിനും സംവിധാനമുണ്ടാക്കണം. കീപ്പനശ്ശേരി കേന്ദ്രമാക്കി ഒരു ഫാമിലി വെൽഫെയർ സെന്ററും, ഹരിജൻ കോളനി, വാക്കത്തിപ്പാറ എന്നിവിടങ്ങളിൽ P.H സബ് സെന്ററുകളും ആരംഭിക്കേണ്ടതാണ്.

1983 ഫെബ്രുവരി മാസം പോത്താനിക്കാട് ഫ്രൺസ് ക്ലബു കെട്ടിടത്തിൽ ആരംഭിച്ച സർക്കാർ ആയുർവേദ ഡിസ്പ്പെൻസറിയാണ് മറ്റൊരു ചികിത്സാകേന്ദ്രം. ധാരാളം ആളുകൾ ആയുർവേദ ചികിത്സക്കായി ഇവിടെയെത്തുന്നുണ്ട്. എല്ലാത്തരത്തിലുമുള്ള ചികിത്സകളും നടത്താനുള്ള സൗകര്യം ഇപ്പോൾ ഇവിടെയില്ല. കെട്ടിടം അപര്യാപ്തമാണ്, ചുറ്റുമതിലില്ല. വെള്ളവും വെളിച്ചവും നൽകേണ്ടതുണ്ട്. അറ്റകുറ്റപ്പണികൾ നടത്തണം. ഡിസ്പ്പെൻസറി ഒരു ആശുപത്രിയാക്കിയുയർത്തണം. എല്ലാവിധ ആയുർവേദചികിത്സകളും നടത്താൻ സൗകര്യമുള്ള സ്ഥാപനമായി മാറ്റുവാൻ വേണ്ട നടപടികൾ ഉണ്ടാക്കണം.

ഈ പഞ്ചായത്തിൽ ഇന്നിപ്പോൾ ഹോമിയോ ചികിത്സാസൗകര്യം ഒന്നുമില്ല. ഇവിടെയൊരു ഹോമിയോ ആശുപത്രി സ്ഥാപിക്കേണ്ടത് വളരെ അത്യാവശ്യമായ ഒരു കാര്യമാണ്. അതിനു വേണ്ട പദ്ധതികൾ ഉണ്ടാകണം.

ആരോഗ്യസ്ഥിതി വിവരങ്ങൾ

(ആരോഗ്യ വകുപ്പ് ദ്വീതീയ സ്ഥിതിവിവരകണക്കുകളിൽ നിന്ന്)

1.	ആകെ വീടുകൾ	2849
	a. കോൺക്രീറ്റ്	713
	b. ഓടിട്ടത്	1451
	c. കുടിൽ	685
2.	ജനസംഖ്യ	10870
	a. പുരുഷന്മാർ	4647
	b. സ്ത്രീകൾ	4929
	c. കുട്ടികൾ	1294
3.	പ്രായാടിസ്ഥാനത്തിൽ ദമ്പതിമാർ	

(സ്ത്രീയുടെ പ്രായക്രമം)

	a. 20-24	204
	b. 25-29	392
	c. 30-34	347
	d. 35-39	293
	e. 40-44	196

ഔട്ട് പേഷ്യന്റ്

വർഷം	
92 -93	5639
93 -94	5942
94 -95	6115
95 -96	6480

4. അമ്മമാരുടെ എണ്ണം (ജീവിച്ചിരിക്കുന്ന കുട്ടികളുടെയെണ്ണത്തിന്റെ അടിസ്ഥാനത്തിൽ)

a.	ഒരു കുട്ടി	511
b.	രണ്ടു കുട്ടി	740
c.	രണ്ടിൽ കൂടുതൽ കുട്ടികൾ	1095
	ആകെ	2346

5. കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ച അമ്മമാർ (ജീവിച്ചിരിക്കുന്നകുട്ടികളുടെയെണ്ണത്തിന്റെ അടിസ്ഥാനത്തിൽ)

a.	ഒരു കുട്ടി	249
b.	രണ്ടു കുട്ടി	509
c.	രണ്ടിൽ കൂടുതൽ കുട്ടികൾ	943

6. അംഗവൈകല്യമുള്ളകുട്ടികൾ

a.	അന്ധർ	71
b.	ബധിരർ	15
c.	മൂകർ	15
d.	ബധിര മൂകർ	14
e.	ചലനവൈകല്യങ്ങൾ	50
	ആകെ	165

7.	മന്ദബുദ്ധികൾ	13
8.	a. ഒരു വയസ്സിനുതാഴെ പ്രായമുള്ള കുട്ടികളുടെ എണ്ണം	516
	b. പ്രതിരോധ കുത്തിവെപ്പു നടത്തിയവർ	516
9.	കക്കൂസുള്ള വീടുകളുടെ എണ്ണം	
	a. സെപ്റ്റിക്ക് ടാങ്ക്	708
	b. ഇ.സി.പി	1440
	c. മറ്റുള്ളവ	201
10.	കുടിവെള്ള ശ്രോതസ്സ്	
	a. സാനിറ്ററിവെൽ	252
	b. സാധാരണ കിണർ	1280
	c. കുളം	96
	d. പൈപ്പ്	144
	e. പൊതു വിതരണം	440
11.	തൊഴുത്ത്	
	a. വീടിനോട് ചേർന്ന്	448
	b. പ്രത്യേകിച്ച്	1136
12.	കമ്പോസ്റ്റ് കുഴി	480
13.	വൈദ്യുതീകരിച്ച വീടുകൾ	1920
14.	സ്ഥായിയായ രോഗമുള്ളവർ	
	a. രക്ത സമ്മർദ്ദം	208
	b. പ്രമേഹം	224
	c. ഹൃദ്രോഗം	32



പോളിയോനിർമാർജ്ജന ദിനം-നവ.7

പ്രശ്നങ്ങൾ

1. രോഗാതുരത കുറയ്ക്കാൻ കഴിഞ്ഞിട്ടില്ല.
2. കുട്ടികളിൽ പോഷണക്കുറവ് അനുവേപ്പെടുന്നതുകൊണ്ടുള്ള രോഗങ്ങൾ
3. ശുദ്ധമായ കുടി വെള്ളത്തിന്റെ അപര്യാപ്തത
4. മലിനമായ പരിസരം
5. പൊതു നിരത്തുകളിലെ മലമൂത്ര വിസർജ്ജനം
6. പൊതു സ്ഥലങ്ങളിൽ കൂട്ടിയിടുന്ന ചപ്പു ചവറുകൾ
7. കക്കൂസ്, കുളിമുറി, എന്നിവയിലെ മലിനജലവും മറ്റ് മാലിന്യങ്ങൾ
8. പ്രൈമറി ഹെൽത്തുസെന്ററിന്റെ അഭാവം
9. ഫാമിലി വെൽഫയർ സെന്ററിന്റേയും അഭാവം സ്റ്റേല സബ് സെന്ററുകളുടേയും അഭാവം
10. ആയുർവ്വേദ ചികിത്സാ സൗകര്യക്കുറവ്
11. ഹോമീയോ ചികിത്സാ സൗകര്യങ്ങളില്ല.


സാധ്യതകൾ

1. കുട്ടികളിൽ പോഷ്കാഹാരം ലഭിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കണം
2. ശുദ്ധമായ കുടിവെള്ളം എല്ലാവർക്കും ലഭിക്കണം
3. പരിസര ശുചീകരണത്തിന് വേണ്ട നടപടികൾ ഉണ്ടാകണം
4. മാലിന്യ നിർമ്മാജ്ജന പരിപാടികൾ വേണം.
5. കക്കൂസില്ലാത്ത മുഴുവൻ ആളുകൾക്കും അവ നിർമ്മിച്ചു നൽകണം
6. ഡ്രൈനേജ് സമ്പ്രദായം പൂർണ്ണമായും നടപ്പാക്കണം
7. വിവിധ ചികിത്സാരീതികൾക്കുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണം.

കുടി വെള്ളം

ഭൂമി, ജലം,ജീവജാലങ്ങം, ജീവന്റെ ഉൽപത്തിയോളം പഴക്കമുള്ളതാണീ ബന്ധങ്ങം. ജീവജാലങ്ങളുടെ നിലനിൽപ് ജല ലഭ്യതയെ ആശ്രയിച്ചിരിക്കുന്നു. ഇതര ജീവ്ജാലങ്ങം ജീവിത പ്രക്രിയക്ം, നിലനിർത്തക്കൊണ്ടുപോകുന്നതിനുമാത്രമാണ് വെള്ളം ഉപയോഗിക്കുന്നത്. മനുഷ്യനോ? കുടിക്കാനും കുളിക്കാനും ഭക്ഷണം പാകംചെയ്യാനും വസ്ത്രങ്ങം അലക്കാനും കൃഷിക്കും വ്യവസായത്തിനും എല്ലാം വെള്ളം വേണ്ടിയിരിക്കുന്നു. ലോക നാഗരികതകളുടെ ഉത്ഭവ വികാസ പരിണാമങ്ങം പരിശോധിച്ചാൽ ജലലഭ്യതയും കാലാവസ്ഥാമാറ്റങ്ങളും ഇവയ്ക്ക് പിന്നിലുള്ള സജീവഘടകങ്ങം ആയിരിന്നു എന്നു കാണുവാൻ കഴിയും. മാനവരാശിയുടെ സാമൂഹിക സാമ്പത്തിക,സാംസ്ക്കാരിക നിമ്നോന്നതികം ജലലഭ്യതയുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് സൂഷ്മനിരീക്ഷണത്തിൽ മനസ്സിലാകും.

ഭൂമിയിൽ ജലം സുലഭമാണ്. എന്നാൽ ഈ വെള്ളമത്രയും ഉപയോഗ്യക്ഷമമല്ല. ഭീമിയിൽ ഉള്ള വെള്ളം മൊത്തത്തിൽ ഒരു ഗാലൻ (4.1 ലിറ്റർ) ഭരണിയിൽ ഉംക്കൊള്ളിക്കാമെങ്കിൽ അതിൽ രണ്ടു സ്പൂൺ വെള്ളം മാത്രമാണ് പാനയോഗ്യമായിട്ടുള്ളത്. ആളോഹരി ശുദ്ധജല ഉപയോഗത്തോത് വികസനത്തിന്റെ അളവുകോലായി കണക്കാക്കപ്പെടുന്നു. ജീവൻ നിലനിർത്തുവാനായി ഒരു മനുഷ്യന് ഒരു ക്യൂബിക് മീറ്റർ ശുദ്ധജലം ആവശ്യമുണ്ട്. എല്ലാ ആവശ്യങ്ങംക്കും കൂടി ഒരു വർഷം വേണ്ടിവരുന്നത് 28 ക്യൂബിക് മീറ്റർ ജലമാണ്. അതായത് ഒരാംക്ക് ഒരു ദിവസം ഏകദേശം 75 ലിറ്റർ ജലമാവശ്യമായിവരുന്നു. നമ്മുടെ നാടിന്റെ പൊതുസ്ഥിതി പരിശോധിച്ചാൽ നമ്മുടെ പഞ്ചായത്തിന്റെ ഒരറ്റം മുതൽ മറ്റേയറ്റം വരെ ഒഴുകുന്ന കാളിയാർ പുഴ ചെറുതും വലുതുമായ അരുവികളും, തോടുകളും, ചിറകളും, കുളങ്ങളും ഏറ്റവും കൂടുതൽ കിണർസാന്ദ്രതയുള്ള പ്രദേശം, വർഷത്തിന്റെ പകുതിയിലേറെ ജലം നിറഞ്ഞുനിൽക്കുന്ന പാടശേഖരങ്ങം, ഏറെ വ്യത്യാസമില്ലാതെ വർഷങ്ങളായി മഴ ലഭിച്ചുകൊണ്ടിരിക്കുന്ന പ്രദേശം എവിടെ നോക്കിയാലുംഹരിതാഭയും ജലസാമീപ്യവും, പക്ഷേ ഈ നാട്ടിലെ ഉയർന്ന പ്രദേശങ്ങം മുഴുവൻ ഫെബ്രുവരി മാർച്ചാകുന്നതോടെ വരംച്ചയുടെ പിടിയിലകപ്പെടുന്നു.



പഞ്ചായത്തിലെ മുഖ്യകുടിവെള്ള സ്രോതസ്സ് കിണറുകളാണ്. പഞ്ചായത്തിൽ 17 പൊതു കിണറുകളും 5 കുഴൽക്കിണറുകളും ഉണ്ട്. പൊതു കിണറിൽ നിന്നും 200 റോളം കുടുംബങ്ങം കുടിവെള്ളം ഉപയോഗിക്കുന്നു. ചില കിണറുകം മാർച്ച് ഏപ്രിൽ മാസങ്ങളിൽ വറ്റാറുണ്ട്.

പൈപ്പ് വഴിയുള്ള കുടിവെള്ളവിതരണ പദ്ധതികം 3 എണ്ണമുണ്ട്. ഒന്ന് ഏനാനെല്ലൂർ വില്ലേജിൽ നിന്നും പഞ്ചായത്തിന്റെ 1,2 വാർഡുകളിൽ ജലവിതരണം നടത്തുന്നു. 4-ാം വാർഡിൽ കുളത്തിൽ നിന്നും ശേഖരിക്കുന്ന വെള്ളം വിതരണം ചെയ്യുന്ന പദ്ധതി കാളിയാർ പുഴയിൽനിന്നും വെള്ളം ശേഖരിച്ച് വിതരണം നടത്തുന്ന പോത്താനിക്കാട് വില്ലേജ് ഓക്സിലറേറ്റഡ് റൂറൽ വാട്ടർ സപ്ലൈ സ്കീം. പൈപ്പുവെള്ളം നൽകുന്നതിന് സ്ഥാപിച്ചിട്ടുള്ള മൊത്തം ടാപ്പുകളുടെ എണ്ണം 316. 196 ഹൗസ് കണക്ഷനുകളും നിലവിലുണ്ട്. ഒരു ടാപ്പിൽനിന്നും ശരാശരി 15 കുടുംബങ്ങം വെള്ള മുപയോഗിക്കുന്നു ഇവയിൽ എല്ലാ സമയവും വെള്ളം കിട്ടാറില്ല.

ഈ പഞ്ചായത്തിലെ മറ്റു സ്രോതസ്സുകളാണ കുളങ്ങളും ചിറകളും പഞ്ചായത്തിലെ കുഴൽക്കിണറുകളിൽ പൊതുവേ രുചിഭേദം അനുഭവപ്പെടുന്നുണ്ട്. ഒന്നാം വാർഡിലെ മഞ്ഞളാം പാറകോളനി, രണ്ടാം വാർഡിലെ ഹരിജൻ കോളനി, നാലാം വാർഡിലെ കല്ലട പൂതപ്പാറ, അഞ്ചാം വാർഡിലെ കോന്തംപാറ, ആറാം വാർഡിലെ കുറവക്കാട്ടു തൊട്ടികൂരംകുന്ന് ഏഴാം വാർഡിലെ കൂരംകുന്ന് എട്ടാം വാർഡിലെ നർക്കിക്കുന്ന് കണിയാംകുത്ത് എന്നിവിടങ്ങളിൽ ജലക്ഷാമമുള്ള പ്രദേശങ്ങളാണ്. ഏകദേശം 400 കുടുംബങ്ങൾക്ക് 3 മാസക്കാലത്തേക്ക് കുടിവെള്ളക്ഷാമം നേരിടുന്നുവെന്ന് കണക്കാക്കപ്പെടുന്നു. പഞ്ചായത്തിലെ ആകെ ടാപ്പുകളുടെ അറ്റകുറ്റപ്പണി നടത്തുക അത്യാവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ ടാപ്പുകൾ സ്ഥാപിക്കുക. പൈപ്പുലൈൻ എത്താത്ത സ്ഥലങ്ങളിൽ പൈപ്പിട്ട് ജലമെത്തിക്കേണ്ടതാണ്. മുഴുവൻ കിണറുകളും ചെളി നീക്കി വൃത്തിയാക്കുക, കുഴൽക്കിണറുകളുടെ അറ്റകുറ്റപ്പണി നടത്തുക. നിലവിലുള്ള സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും ശേഷി വർദ്ധിപ്പിക്കുന്നതിനും ഫലപ്രദമായി വിതരണം ചെയ്യുന്നതിനുവേണ്ട പരിപാടികൾ തയ്യാറാക്കുക.


വിദ്യാഭ്യാസം

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിനു മുമ്പ് കാര്യമായ വിദ്യാഭാസ സൗകര്യങ്ങളം ഒന്നും തന്നെ ഇവിടെയുണ്ടായിരുന്നില്ല. ആശാൻ കളരികളിൽ വിരിച്ച മണലിലും പനയോലകളിലും അക്ഷരങ്ങളെഴുതിപ്പഠിക്കുന്ന സമ്പ്രദായം മാത്രമാണുണ്ടായിരുന്നത്. കൊല്ലവർഷം 1092 ൽ (A.D.1924) ഉമ്മിണിക്കുന്ന് വി. മർത്തമറിയം പള്ളി സ്ഥലമുംപ്പെടെ ഇഷ്ടദാനമായി നൽകിയ കെട്ടിടത്തിൽ ഒരു ഗവ. L.P.S ആരംഭിച്ചതോടെയാണ് ഈ പ്രദേശത്തും സമീപപ്രദേശങ്ങളിലുള്ളവർക്കും സ്ക്കൂളം വിദ്യാഭാസ സൗകര്യം ആദ്യമായിയുണ്ടാകുന്നത്.

1925 ൽ മർത്തോമ സഭയുടെ മാനേജുമെന്റിൽ സ്ഥാപിതമായ M.T L.P സ്ക്കൂളം പിന്നീടുണ്ടായതാണ് 1937 ൽ ആയങ്കരയിൽ ഒരു ഇംഗ്ലീഷ് മിഡിൽ സ്ക്കൂളം ആരംഭിച്ചു. 1948 ൽ ഹൈസ്ക്കൂളായി ഉയർത്തപ്പെട്ട സെന്റ് ജോർജ്ജസ് ഹൈസ്ക്കൂളായിരുന്നു അക്കാലത്ത് പോത്താനിക്കാട്ടും പരിസരപ്രദേശങ്ങളിലുമുള്ള വിദ്യാർത്ഥികംക്ക് ഹൈസ്ക്കൂളം വിദ്യാഭ്യാസത്തിനുള്ള ഏക അവലംബം. യശ്ശ:ശരീരനായ തോലാനിക്കുന്നേൽ ബഹു. ആദായി കത്തനാരായിരുന്നു ഇതിന്റെ സ്ഥാപകൻ. എന്നാൽ 1948 ൽ ഉമ്മിണിക്കുന്ന് വി. മർത്തമറിയം പള്ളി വകയായി സ്ഥാപിക്കപ്പെട്ട M.M സ്ക്കൂളം 1953 ൽ ഹൈസ്ക്കൂളായി ഉയർത്തപ്പെട്ടു. ഈ സെന്റ് മേരീസ് ഹൈസ്ക്കൂളം ഈ പ്രദേശത്തിന്റെ വിദ്യാഭ്യാസപരമായ വളർച്ചയിൽ കേന്ദ്രബീന്ദുവായി പരിലസിച്ചു വരുന്നു.

ഈ പഞ്ചായത്തിൽ നിലവിലുള്ള മറ്റു വിദ്യാഭ്യാസസ്ഥാപനങ്ങളം പുളിന്താനം ഗവ. U.P. സ്ക്കൂളം, പുളിന്താനം സെന്റ് ജോൺസ് ഹൈസ്ക്കൂളം, പറമ്പൻചേരി സെന്റ് സ്റ്റീഫൻ L.P. സ്ക്കൂളം എന്നിവയാകുന്നു. കൂടാതെ ഗവ. കോമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് എന്ന ഒരു സാങ്കേതിക വിദ്യാഭ്യാസസ്ഥാപനവും, സമാന്തരവിദ്യാഭ്യാസ മേഖലയിൽ ഒരു കോളേജ്, ഒരു ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയും ഇപ്പോളം നാല് നേഴ്സറി സ്ക്കൂളുകളും പ്രവർത്തിക്കുന്നുണ്ട്.

ഈ പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും എണ്ണം A യിൽ കൊടിത്തിട്ടുണ്ട്. ഇതിനു പുറമേ ധാരാളം വിദ്യാർത്ഥികംം സമീപപഞ്ചായത്തിലെയും മുനിസിപ്പൽ പ്രദേശങ്ങളിലെയും വിദ്യാലയങ്ങളിൽ പഠിക്കുന്നുണ്ട്. കഴിഞ്ഞകൂറെ വർഷത്തെ കണക്കുകളം



പരിശോധിച്ചാൽ മിക്ക വിദ്യാലയങ്ങളിലും കുട്ടികൾ കുറഞ്ഞുവരുന്നതായി കാണാം. ഇതിനു കാരണങ്ങളായിക്കാണുന്നത് ജനനനിരക്കിലുള്ള കുറവ്, മറ്റുപ്രദേശങ്ങളിലെ കൂടുതൽ മെച്ചപ്പെവിദ്യാലയങ്ങളുടെ ആകർഷണം, ഇംഗ്ലീഷ് ഭ്രമം എന്നിവയാണ്.

നിലവിലുള്ള സ്ക്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണം കുറയാതിരിക്കാൻ അയൽപക്ക വിദ്യാലയസമ്പ്രദായത്തിന് വേണ്ടിയുള്ളബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കണം. സ്ക്കൂൾ കോംപ്ലക്സുകൾ ആരംഭിക്കുകയും അദ്ധ്യാപകർക്കായി ഇൻസർവ്വീസ് കോഴ്സുകൾ നടത്തുകയും വേണം. വിദ്യാലയങ്ങളിലെ പ്രാഥമിക, ഭൗതിക പഠനസൗകര്യങ്ങൾ മെച്ചപ്പെടുത്തണം കൂടുതൽ ബാലവാടികളും നേഴ്സറി സ്ക്കൂളുകളും അനുവദിക്കാവുന്നതാണ്. P.T.A പ്രവർത്തനവും മാതൃസംഗമങ്ങളും ഫലപ്രദമായി സംഘടിപ്പിക്കേണ്ടതാണ്.

ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഒരു ഹയർസെക്കന്ററി സ്ക്കൂളും ഒരു ആട്സ് സയൻസ് കോളേജും സ്ഥാപിക്കണമെന്ന് അഭിപ്രായമുണ്ട്. സാങ്കേതിക വിദ്യാഭ്യാസമേഖലയിൽ ഒരു ടെക്നിക്കൽ ഹൈസ്ക്കൂൾ, പോളി ടെക്നിക്ക് എന്നിവ ആവശ്യമാണ്. മേൽപ്പറഞ്ഞ ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾക്കായി വിദ്യാർത്ഥികൾ വളരെ ദൂരെ പോകേണ്ടിവരുന്നതും ആവശ്യത്തിനു സീറ്റുകൾ ലഭിക്കാതെ വരുന്നതും ഈ രംഗത്ത് പ്രധാനപ്രശ്നങ്ങളാണ്.

അനൗപചാരിക വിദ്യാഭ്യാസമേഖലയിൽ വായനശാലകൾ, ഗ്രന്ഥശാലകൾ, കലാസമിതികൾ എന്നിവയും സാക്ഷരത പ്രസ്ഥാനവുമാണുള്ളത്. എറണാകുളം ജില്ലയിൽ നടന്ന സമ്പൂർണ്ണ സാക്ഷരതായജ്ഞത്തിന്റെ ഭാഗമായി ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണസാക്ഷരഗ്രാമം എന്ന അതുല്യ ബഹുമതികരസ്ഥമാക്കിയത്. അനൗപചാരിക വിദ്യാഭ്യാസത്തിന് ഘനപ്പെട്ട സംഭാവനയാണിത്.

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള അംഗൻവാടികളൊന്നും ഈ പഞ്ചായത്തിലില്ലാത്തതുകൊണ്ട് ആ കുറവു പരിഹരിക്കേണ്ടതാണ്.

പഞ്ചായത്ത് വിദ്യാഭ്യാസ കോംപ്ലക്സ്

പൊതു വിദ്യാലയങ്ങളിലെ ഗുണനിലവാരക്കുറവ് വിദ്യാഭ്യാസരംഗത്തെ മുഖ്യചർച്ചാ വിഷയങ്ങളിൽ ഒന്നാണ്. ഭൗതികസാഹചര്യങ്ങളും സേവനവ്യവസ്ഥയും മെച്ചപ്പെടുത്തുന്നതിനുള്ള പോരാട്ടത്തോടൊപ്പം വിദ്യാലയങ്ങളിലെ അക്കാദമിക് നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളെ ഒരു സമരരീതിയായിത്തന്നെ കാണണമെന്നുള്ള അഭിപ്രായവും പ്രബലമായിത്തീർന്നിട്ടുണ്ട്. പ്രായോഗികമായി ഇതിനെന്തു വഴി എന്ന ചോദ്യത്തിനുത്തമാണ് പഞ്ചായത്തു സ്ക്കൂൾ കോംപ്ലക്സ് എന്ന പരിപാടി. പ്രാഥമിക വിദ്യാലയങ്ങളുടെ നീയന്ത്രണാധികാരം ഗ്രാമപഞ്ചായത്തുകൾക്കും മറ്റുള്ളവയുടെത് ജില്ലാപഞ്ചായത്തുകൾക്കും കൈവന്ന സാഹചര്യത്തിൽ ഈ പരിപാടി കൂടുതൽ പ്രസക്തവും പ്രായോഗികവുമായിത്തീർന്നിട്ടുണ്ട്. എന്താണിതിന്റെ പരിപാടി പഞ്ചായത്തിന്റെ നേതൃത്വത്തിൽ പഞ്ചായത്ത് പരിധിയിലെ മുഴുവൻ വിദ്യാലയങ്ങളുടെയും പങ്കാളിത്തത്തോടുകൂടി ഇവിടത്തെ വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്തുവാനുള്ള പൊതുസമ്മതമായ ഒരു പരിപാടി രൂപപ്പെടുത്തുകയും ചെയ്യുക, അത്രതന്നെ.

ഇതിനായി പഞ്ചായത്തുതലത്തിൽ കോംപ്ലക്സ് സമിതി, അക്കാദമിക സമിതിയെന്നിവയും സ്ക്കൂൾതല കോംപ്ലക്സ് സമിതിയും ക്ലാസ്സുതലം വരെ എത്തിനിലനിൽക്കുന്ന മാതൃസംഗമങ്ങൾ എന്നിങ്ങനെയുള്ള വിവിധ സംവിധാനങ്ങളുമുണ്ട്. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും നാട്ടുകാർക്കും രക്ഷകർത്താക്കൾക്കും പഞ്ചായത്തിനും എല്ലാം അവരവരുടെ പങ്കു നിർവ്വഹിക്കാനുണ്ട്.

കോംപ്ലക്സിന്റെ വാർഷീക പ്രവർത്തനപരിപാടികൾ രൂപപ്പെടുത്തുന്നത് അതാത് പഞ്ചായത്തിലെ അദ്ധ്യാപകരും വിദ്യാഭ്യാസപ്രവർത്തകരും തന്നെ. പഞ്ചായത്തു നേതൃത്വം നൽകുകയും ചെയ്യണം.

കായിക വിദ്യാഭ്യാസം

നമ്മുടെ പഞ്ചായത്തിൽ ഇന്നത്തെ സാഹചര്യത്തിൽ ഒരു പുതിയ കായിക സംസ്കാരം വളർത്തിയെടുക്കേണ്ടതുണ്ട്. ചിട്ടയോടുകൂടിയ കായിക പരിശീലനവും കുട്ടികൾക്ക് നല്കണം. കായിക പ്രതിഭകളെ കണ്ടുപിടിക്കുന്നതിന് വിവിധ കായിക മത്സരങ്ങളും തുടർച്ചയായി നടത്തേണ്ടതുണ്ട്. ഇവരെ ആദരിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും പഞ്ചായത്തുതലത്തിൽ സംവിധാനം വേണം. കായിക പരിശീലനത്തിന് പഞ്ചായത്തിന് പ്രത്യേക സ്ഥലവും പരിശീലകരും ഉണ്ടായിരിക്കണം.

സമ്പൂർണ്ണ സാക്ഷരതാ പ്രവർത്തനം

സമ്പൂർണ്ണസാക്ഷരതയും സമഗ്രവികസനവും ലക്ഷ്യമാക്കി ഈ പഞ്ചായത്തിൽ കഴിഞ്ഞ കാലങ്ങളിൽ ഒട്ടേറെ പ്രവർത്തങ്ങൾ നടന്നിട്ടുണ്ട്.

ഇന്ത്യയിലെ സമ്പൂർണ്ണസാക്ഷരതായജ്ഞത്തിന് തുടക്കംകുറിച്ചത് എറണാകുളം ജില്ലയിലായിരുന്നു. ഇന്ത്യയിൽ നിക്ഷരർ ഏറ്റവും കുറവായിരുന്ന ഗ്രാമമാണ് പോത്താനിക്കാട്. പോത്താനിക്കാട് പഞ്ചായത്തിനെ ഇന്ത്യയിലെ പ്രഥമ സമ്പൂർണ്ണസാക്ഷരസമ്പന്നഗ്രാമമെന്ന് സംസ്ഥാന സർക്കാരിനുവേണ്ടി ജില്ലാ കളക്ടർ ശ്രീ. കെ. ആർ രാജൻ IAS 8-11-1990 ൽ സർട്ടിഫൈ ചെയ്യുകയും ഇന്ത്യൻ പ്രസിഡന്റ് അടക്കമുള്ള ഭരണാതികാരികൾ ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

സമ്പൂർണ്ണസാക്ഷരതായജ്ഞത്തിന്റെ രണ്ടാം ഘട്ട തുടർ വിദ്യാഭ്യാസ പരിപാടിയിൽ ഇന്ത്യയിൽ ആദ്യമായി 100% വിജയം കൈവരിച്ച് അംഗീകാരം നേടിയതും പോത്താനിക്കാട് പഞ്ചായത്ത് മാത്രമാണെന്ന് ജില്ലാ കളക്ടർ ശ്രീ.തോമസ് മാത്യു IAS സർട്ടിഫൈ ചെയ്തിട്ടുണ്ട്. വകുപ്പു മന്ത്രിയിൽ നിന്ന് ഇതുമായി ബന്ധപ്പെട്ട് പരിതോഷികം കരസ്ഥമാക്കുകയും അംഗീകാരം ഏറ്റുവാങ്ങുകയും ചെയ്തിട്ടുണ്ട്. ഈ നേട്ടങ്ങളുടെശാശ്വതസ്മരണ നിലനിർത്തുന്നതിന് പോത്താനിക്കാട് ടൗണിൽ മാതൃകാപരമായി പടുത്തുയർത്തിയ സാക്ഷരതാ സ്തംഭം അഭിമാനത്തോടെ തലയുയർത്തി നിൽക്കുന്നു.

ഒരു സ്ത്രീക്കു ലഭിക്കുന്ന അറിവ് തലമുറകൾ കൈമാറുന്നു എന്ന മാതൃവിദ്യാഭ്യാസത്തിന്റെ അടിസ്ഥാന തത്വങ്ങൾ ഉൾക്കൊണ്ട് സ്ത്രീ രൂപവും, അക്ഷരലോകത്തിന്റെ പ്രതീകമായ അക്ഷരങ്ങൾ കൊണ്ടുള്ള ഗ്ലോബും ലോകമാസകലമുള്ളഅന്ധകാരത്തെ അകറ്റുന്നതിന് അറിവിന്റെ പൊൻ വെളിച്ചം പരത്തുകയെന്ന ലക്ഷ്യത്തിൽ വലംകൈയ്യിൽ വിളക്കും, ലോകത്തെങ്ങുമുള്ള മൂഢതയെ അകറ്റുന്നതിനാവശ്യമായ അക്ഷരജ്ഞാനം പകരുന്നതിന് ഇടംകൈയ്യിൽ സ്ലേറ്റും വഹിച്ചുകൊണ്ടു നിൽക്കുന്ന സ്ത്രീരൂപം ഒരു സുന്ദരശില്പംതന്നെയാണ്. ഈ റിപ്പോർട്ടിന്റെ മുഖചിത്രവും ടൂറിസംവാരാഘോഷത്തോടനുബന്ധിച്ച് വിവിധ ജില്ലകളിൽ നടത്തിയ സാംസ്കാരിക ഘോഷയാത്രയിലും എറണാകുളം കാർണ്ണിവൽ ഫെസ്റ്റിവലിലും എല്ലാം അവതരിപ്പിച്ച ഈ സാക്ഷരതാസ്തംഭത്തിന്റെ സുന്ദരദൃശ്യം ഏവരുടെയും മനംകവരുക വഴി ബഹുസഹസ്രം ജനങ്ങളുടെ ആശംസകൾ ഏറ്റുവാങ്ങുകയും ട്രോഫികളും സർട്ടിഫിക്കറ്റുകളും കരസ്ഥമാക്കുകയും ചെയ്തു. ഈ പഞ്ചായത്തിലെ മാതൃകാപരമായ സാക്ഷരതാ പ്രവർത്തനത്തെ എടുത്തുകാണിച്ച് ടി.വി, റേഡിയോ ഉൾപ്പെടെ വിവിധ വാർത്താമാദ്ധ്യമങ്ങളിൽ നിരവധിവട്ടം വാർത്തകൾ വന്നിട്ടുണ്ട്. ഹരിജനങ്ങളെകൂടി പങ്കെടുപ്പിച്ചുകൊണ്ട് കുടകളി, കാളകളി, മുടിയാട്ടം, പരിശമുട്ടുകളി, കോൽ കളി, മാർഗ്ഗംകളി, അമ്മൻകുടം, കാവടിയാട്ടം തുടങ്ങിയ വിവിധ നാടൻ കലകളെ പുനരുദ്ധരിക്കുമാറ് മനുഷ്യമനസ്സിൽ ജീവപ്രകാശം പരത്തുന്ന കലാമേളകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഈ പ്രദേശത്തെ യുവാക്കളും പഞ്ചായത്ത് നേതൃത്വം കാണിച്ച വ്യക്തിപരമായ താൽപ്പര്യവും സാമൂഹ്യപ്രവർത്തകരുടെ സഹകരണവും ഈ ഗ്രാമത്തെ ആദ്യത്തെ സമ്പൂർണ്ണ സാക്ഷരതാഗ്രാമമാക്കിത്തീർത്തു. മാതൃകാപരമായ മുന്നേറ്റങ്ങളിലൂടെ വികസനത്തിന്റെ പടവുകൾ കയറാൻ ശ്രമിച്ച ഈ പഞ്ചായത്തിലെ മുഖ്യസാരഥിയായ പ്രസിഡന്റ് ശ്രീ. കെ. സി. പൈലിയെ സംസ്ഥാനത്തെ ഏറ്റവും നല്ല പഞ്ചായത്ത് പ്രസിഡന്റ് എന്ന് അംഗീകരിച്ച് ഗ്രാമശ്രീ അവാർഡ് ജേതാവായി പ്രഖ്യാപിക്കപ്പെട്ടത് സ്മരണീയമാണ്. തുടക്കം കുറിച്ചുകഴിഞ്ഞ മുന്നേറ്റ പ്രവർത്തനങ്ങളുടെ ഫലമായി തുറന്ന വഴികൾ നാടിന്റെ സമഗ്രവികസനത്തിന് ഇടയാക്കട്ടെയെന്ന് നമുക്ക് ആശിക്കാം.

പ്രശ്നങ്ങൾ

1. വിദ്യാലയങ്ങളിൽ കുട്ടികളുടെയെണ്ണം കുറഞ്ഞുവരുന്നു.

2. വിദ്യാലയങ്ങളിലെ ഭൗതികസൗകര്യങ്ങൾ കുറവാണ്.

3. പഞ്ചായത്തിൽനിന്നു സമീപ നഗരങ്ങളിലെ വിദ്യാലയങ്ങളിലേയ്ക്ക് കുട്ടികൾ പോകുന്നത് വർദ്ധിച്ചുവരുന്നു.

4. P.T.A പോലുള്ള സംഘടനകൾഫലപ്രദമായി പ്രവർത്തിക്കുന്നില്ല.

5. ഇൻ സർവ്വീസ് ട്രെയിനിംങ്ങിന്റെ കുറവ്

6. ഉന്നതവിദ്യാഭ്യാസത്തിന് സൗകര്യമില്ല.

സാധ്യതകൾ

1.വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ ഉയർത്തുന്നതിനുള്ള നടപടികൾ വേണം

2. അയൽപക്ക വിദ്യാലയങ്ങളിൽ കുട്ടികളെ പഠിപ്പിക്കുന്നതിനുള്ള ബോധവൽക്കരണം നട

ത്തണം.

3. അദ്ധ്യാപക രക്ഷാകർത്തൃ സമിതിയും മാതൃസംഗമങ്ങളും സജീവമായി പ്രവർത്തിക്കണം.

4. അദ്ധ്യാപക രക്ഷാകർത്തൃ ബന്ധം സജീവമാക്കണം

5. അദ്ധ്യാപകർക്ക് പ്രത്യേകപരിശീലനം നൽകുക.

6. ഗുണനിലവാരം ഉയർത്തുന്നതിന് പ്രത്യേക പഠനരീതികൾ ഏർപ്പെടുത്തണം.

7. കുട്ടികൾക്കായുള്ള കലാ, കായിക മത്സരങ്ങളും വിജ്ഞാനോത്സവ പരീക്ഷകളും ക്രമമായി നടത്തുക.

8. ഉന്നതവിദ്യാഭ്യാസ സൗകര്യം വർദ്ധിപ്പിക്കുന്നതിന് കോളേജ്, തൊഴിലതിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയാരംഭിക്കുക.

9. പഞ്ചായത്തുതല സ്ക്കൂൾ കോംപ്ലക്സ് ആരംഭിക്കുക.

10. കായിക വിദ്യാഭ്യാസത്തിന് ഊന്നൽനൽകണം.

വിദ്യാലയ വിവരങ്ങൾ TABLE A

ക്രമ നമ്പർ	വിദ്യാലയത്തിന്റെ പേര്	മാനേജ് മെന്റ്	കുട്ടികളുടെ എണ്ണം			അദ്ധ്യാപകരുടെ എണ്ണം		
			ആൺ	പെൺ	ആകെ	ആകെ അനുവദിച്ച പോസ്റ്റ്	നിലവിലുള്ളവരുടെ എണ്ണം	ഒഴിവുകളുടെ എണ്ണം
1.	ഗവ. L.P.S പോത്താനിക്കാട്	സർക്കാർ	111	89	200	8	7	1
2.	M.T L.P സ്ക്കൂൾ പോത്താനിക്കാട്	എയിഡഡ്	60	50	110	4	4	-
3.	സെന്റ് മേരീസ് ഹൈസ്ക്കൂൾ പോത്താനിക്കാട്	എയിഡഡ്	345	185	530	20	20	-
4.	ഗവ.യു. പി.എസ്സ് പുളിന്താനം	സർക്കാർ	145	144	289	12	12	-
5.	സെന്റ് സ്റ്റീഫൻ L.P.S പറമ്പൻചേരി	എയിഡഡ്	137	143	280	9	9	-
6.	സെന്റ് ജോൺസ് H.S പുളിന്താനം	എയിഡഡ്	90	70	160	16	16	-
7.	ഗവ. കോമേഴ്സ്യൽ ഇൻസ്ട്രിറ്റ്യൂട്ട് പോത്താനിക്കാട്	സർക്കാർ	14	66	80	4	2	2

ഡിജിറ്റൈസ്ഡ് ബൈ

വിദ്യാലയ വിവരങ്ങൾ TABLE B

ക്രമ നമ്പർ	വിദ്യാലയത്തിന്റെ പേര്	വിസ്തീർണ്ണം	ഓഫീസ് മുറി	സ്റ്റാഫ് മുറി	ലാബ ട്ടെറി	ലൈബ്രറിപ്പുസ് തകങ്ങളുടെ എണ്ണം	മൂത്രപ്പുര	കക്കൂസ്	പാചകമുറി	വൈദ്യുതി	കളിസ്ഥലം	കിണർ	മറ്റുള്ളവ
1.	ഗവ. L.P.S പോത്താനിക്കാട്	50 Cent	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	പൈപ്പു വെള്ളം	
2.	M.T.L.P സ്ക്കൂം പോത്താനിക്കാട്	60 Cent	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	
3.	സെന്റ് മേരീസ് ഹൈസ്ക്കൂം പോത്താനിക്കാട്	3 Acre	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	
4.	ഗവ.യു. പി.എസ്സ് പുളിന്താനം	110 Cent	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	
5.	സെന്റ് സ്റ്റീഫൻ L.P.S പറമ്പൻചേരി	3 Acre	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട് 25 Cent	ഉണ്ട്	
6.	സെന്റ് ജോൺസ് H.S പുളിന്താനം	150 Cent	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട് 50 Cent	ഉണ്ട്	
7.	ഗവ. കോമേഴ്സ്യൽ ഇൻസ്ട്രി റ്റ്യൂട്ട് പോത്താനിക്കാട്	3000 Sq.Ft	ഉണ്ട്	ഉണ്ട്	ആവശ്യ മില്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	പൈപ്പു വെള്ളം	വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്

TABLE C

അക്കാദമിക്ക് നിലവാരം [S.S.L.C വിജയശതമാനം]

ക്രമ നമ്പർ	വിദ്യാലയത്തിന്റെ പേര്	ആകെ വിദ്യാർത്ഥികം	വിജയശതമാനം					മറ്റുവിവരങ്ങം
			1991-1992	1992-1993	1993-1994	1994-1995	1995-1996	
1.	സെന്റ് മേരീസ് ഹൈസ്ക്കൂം പോത്താനിക്കാട്	73	67	79	81	92	88	-
2.	സെന്റ് ജോൺസ് H.S പുളിന്താനം	52	74.7	80	62.5	63.2	79.6	-

അക്കാദമിക്ക് നിലവാരം

സ്ക്കൂളിന്റെ പേർ M.T.L.P School Pothanicad

ക്ലാസ്സ്	ആകെ	കുട്ടികളുടെ പൊതു നിലവാരം					SSLC വിജയശതമാനം				
		30% താഴെ കുട്ടികൾ	30- 40 മാർക്ക് നേടി നേടുന്നവർ	40-50 ശതമാനം നേടുന്നവർ	50-60 ശതമാനം നേടുന്നവർ	60% ശതമാനം നേടുന്നവർ	91-92	92-93	93-94	94-95	95-96
1	2	3	4	5	6	7	8	9	10	11	12
3	29	18	4	6	Nil						
4	19	7	5+2	5	Nil						
5											
6											
7											
8											
10											
SSLC പരീക്ഷയെഴുതിയവർ											

അക്കാദമിക്ക് നിലവാരം

സ്ക്കൂളിന്റെ പേർ Govt. L.P School Pothanicad

ക്ലാസ്സ്	ആകെ	കുട്ടികളുടെ പൊതു നിലവാരം					S S L C വിജയശതമാനം				
		30% താഴെ കുട്ടികൾ	30- 40 മാർക്ക് നേടി നേടുന്നവർ	40-50 ശതമാനം നേടുന്നവർ	50-60 ശതമാനം നേടുന്നവർ	60% ശതമാനം നേടുന്നവർ	91-92	92-93	93-94	94-95	95-96
1	2	3	4	5	6	7	8	9	10	11	12
3	53	5	3	4	2	37	2				
4	55	2	7	5	4	33	4				
5											
6											
7											
8											
10											
SSLC പരീക്ഷയെഴുതിയവർ											

അക്കാദമിക്ക് നിലവാരം

സ്ക്കൂളിന്റെ പേർ __സെന്റ്റ് സ്റ്റീഫൻ L.P.S Parambamcheri

ക്ലാസ്സ്	ആകെ	കുട്ടികളുടെ പൊതു നിലവാരം					S S L C വിജയശതമാനം				
		30% താഴെ കുട്ടികൾ	30- 40 മാർക്ക് നേടി നേടുന്നവർ	40-50 ശതമാനം നേടുന്നവർ	50-60 ശതമാനം നേടുന്നവർ	60% ശതമാനം നേടുന്നവർ	91-92	92-93	93-94	94-95	95-96
1	2	3	4	5	6	7	8	9	10	11	12
3	72	7	2	8	10	39	6				
4	67	5	8	5	6	39	4				
5											
6											
7											
8											
10											
SSLC പരീക്ഷയെഴുതിയവർ											

ധ്വനിമുദ്രണം

അക്കാദമിക്ക് നിലവാരം

സ്ക്കൂളിന്റെ പേർ Govt. U.P School Pulinthanam

ക്ലാസ്സ്	ആകെ	കുട്ടികളുടെ പൊതു നിലവാരം					S S L C വിജയശതമാനം				
		30% താഴെ കുട്ടികൾ	30- 40 മാർക്ക് നേടി നേടുന്നവർ	40-50 ശതമാനം നേടുന്നവർ	50-60 ശതമാനം നേടുന്നവർ	60% ശതമാനം നേടുന്നവർ	91-92	92-93	93-94	94-95	95-96
1	2	3	4	5	6	7	8	9	10	11	12
3	21	3	1	3	3	11					
4	34	1	-	7	8	18					
5	54	3	5	8	12	26					
6	55	18	15	4	6	12					
7	72	11	21	16	9	15					
8											
10											
SSLC പരീക്ഷയെഴുതിയവർ											

ധ്വനിമുദ്രണം

അക്കാദമിക്ക് നിലവാരം

സ്ക്കൂളിന്റെ പേർ St. John's High School Pulinthanam

ക്ലാസ്സ്	ആകെ	കുട്ടികളുടെ പൊതു നിലവാരം					S S L C വിജയശതമാനം				
		30% താഴെ കുട്ടികളം	30- 40 മാർക്ക് നേടി നേടുന്നവർ	40-50 ശതമാനം നേടുന്നവർ	50-60 ശതമാനം നേടുന്നവർ	60% ശതമാനം നേടുന്നവർ	91-92	92-93	93-94	94-95	95-96
1	2	3	4	5	6	7	8	9	10	11	12
3											
4											
5											
6											
7		15	19	9	6	5	74.7 %	80 %	62.5 %	63.2 %	79.6 %
8		12	20	10	6	5					
10		17	17	9	3	6					
SSLC പരീക്ഷയെഴുതിയവർ											

ഡിഡിഇ കോട്ടയം

അക്കാദമിക്ക് നിലവാരം

സ്ക്കൂളിന്റെ പേർ S.M.H.S Pothanicad

ക്ലാസ്സ്	ആകെ	കുട്ടികളുടെ പൊതു നിലവാരം					S S L C വിജയശതമാനം				
		30% താഴെ കുട്ടികൾ	30- 40 മാർക്ക് നേടി നേടുന്നവർ	40-50 ശതമാനം നേടുന്നവർ	50-60 ശതമാനം നേടുന്നവർ	60% ശതമാനം നേടുന്നവർ	91-92	92-93	93-94	94-95	95-96
1	2	3	4	5	6	7	8	9	10	11	12
3											
4											
5	2	71	50	10	10	1	90	90	90	90	90
6	2	79	40	20	8	11	90	90	90	90	90
7	84	50	20	10	4	80	80	80	80	80	80
8	3	117	100	10	5	2	80	80	80	80	80
9	9	106	90	5	5	6					
10	2	73									
SSLC പരീക്ഷയെഴുതിയവർ	73	73	40	20	11	2	67	79	81	92	88

സംസ്കാരം

പോത്താനിക്കാട് പഞ്ചായത്തിൽ ഔപചാരിക വിദ്യാഭ്യാസത്തോടൊപ്പം അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങളും വളർന്നു വരികയുണ്ടായി ഇവിടെ പ്രവർത്തിക്കുന്ന പോത്താനിക്കാട് പബ്ലിക് ലൈബ്രറിയും പുളിന്താനത്ത് പ്രവർത്തിക്കുന്ന കൈരളി വായനശാലയും വൈജ്ഞാനികരംഗത്ത് നേട്ടങ്ങളാണ്. സമ്പൂർണ്ണ സാക്ഷരതയിൽ ഒന്നാം സ്ഥാനത്തെത്തിയ ഗ്രാമവും ഇതുതന്നെ യാണ്.

ഇവിടത്തെ ജനസംഖ്യയിൽ നല്ലൊരു പങ്കും ക്രിസ്ത്യാനികളാണ്. ഹിന്ദുക്കളും മുസ്ലിംങ്ങളുമാണ് മറ്റ് പ്രധാനമതവിഭാഗങ്ങൾ. ഹിന്ദുക്കളുടെ ആരാധനാലയമായ തൃക്കേപ്പടി ശിവക്ഷേത്രം. നൂറ്റാണ്ടുകൾ പഴക്കമുള്ളതാണ് മുസ്ലീങ്ങളുടെ ആരാധനാലയമായി പറമ്പഞ്ചേരിയിൽ ഒരു പള്ളിയുണ്ട്. ക്രിസ്ത്യാനികൾക്കായി പറമ്പഞ്ചേരി സെന്റ് സ്റ്റീഫൻസ് ചർച്ച് ,പുളിന്താനം സെന്റ് ജോൺസ് ചർച്ച്, പോത്താനിക്കാട് സെന്റ് സേവ്യേഴ്സ് ചർച്ച്, പോത്താനിക്കാട് ഉമ്മിണിക്കുന്ന് മർത്തമറിയം പള്ളി, പോത്താനിക്കാട് ബ്രദറൻ സഭാ ഹാൾ, പൊന്തക്കോസ്ത് ദൈവസഭ സഭാഹാൾ, കീപ്പനശ്ശേരി ബഥനി പള്ളി, ചാത്തമറ്റം യാക്കോബായ പള്ളി തുടങ്ങിയ ദേവാലയങ്ങളുണ്ട്.

പഞ്ചായത്തിലെ പ്രധാനപ്പെട്ട ഉത്സവങ്ങളിലൊന്നാണ് തൃക്കേപ്പടി ശിവക്ഷേത്രത്തിലെ പ്രതിഷ്ഠാദിന മഹോത്സവം. അതുപോലെ തന്നെ പ്രധാനപ്പെട്ട ഉത്സവമാണ് കല്ലിരിക്കും കണ്ടം ചന്ദനക്കുട മഹോത്സവം. പോത്താനിക്കാട് സെന്റ് സേവ്യേഴ്സ് ചർച്ചിലെ വൃശ്ചികം 20 പെരുന്നാൾ ഒരു നാട്ടിലെ മാത്രമല്ല സമീപപ്രദേശങ്ങളിലെ ആളുകളും ആവേശപൂർവ്വം പങ്കെടുക്കുന്ന പെരുന്നാളാണ് ഉമ്മിണിക്കുന്ന് മർത്തമറിയം പള്ളിയിലെ രണ്ടു പെരുന്നാളുകളും പറമ്പഞ്ചേരി സെന്റ് സ്റ്റീഫൻസ് ചർച്ചിലെ പെരുന്നാളും. പുളിന്താനം സെന്റ് ജോൺസ് പള്ളിപെരുന്നാളും വളരെ പ്രസിദ്ധമാണ്.

ഈ ഗ്രാമത്തിന്റെ സാംസ്കാരിക പുരോഗതിയിലും വിദ്യാഭ്യാസ വളർച്ചയിലും ആതുരസേവന രംഗങ്ങളിലും ദേവാലയങ്ങൾ വഹിച്ചിട്ടുള്ള പങ്ക് അദ്വിതീയമാണ്. മതസൗഹാർദ്ദത്തിന്റെ വിളനിലമാണി ഗ്രാമം. പുലർച്ചയിലും സായം സന്ധ്യയിലും പള്ളിമണികളും വാങ്ക് വിളികളും ശംഖ്നാദവും കൊണ്ട് മുഖരിതമാണ് ഇവിടത്തെ അന്തരീക്ഷം.

പഞ്ചായത്തിലെ ഗ്രന്ഥശാലകളുടെയും വായനശാലയുടെയും പട്ടിക

ക്രമം	•പേര്	സ്ഥാപിച്ച വർഷം	ഗ്രേഡ്	പുസ്തകങ്ങളുടെ എണ്ണം	പ്രതിമാസ വിതരണം	ആനുകാലികങ്ങളുടെ എണ്ണം	മറ്റ് അനുബന്ധ പ്രവർത്തനം
1.	പബ്ലിക് ലൈബ്രറി പോത്തനിക്കാട്	1948	A	8412	1236	24	-
2.	കൈരളി വായന ശാല പുളുന്താനം	1956	B	4370	600	6	-

പഞ്ചായത്തിലെ ലൈബ്രറികളുടെ നിലവാരം പൊതുവേ മെച്ചമല്ല കൈരളി വായനശാല എതാണ്ട് പ്രവർത്തനം നിലച്ചമട്ടാണ്. യുവാക്കളിൽ വായനാശീലം ഇനിയും പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുണ്ട്. പുസ്തകങ്ങളുടെ ഗുണനിലവാരവും സംഖ്യാബലവും ഉയർത്തണം. മലയാള മനോരമ, മംഗളം, വനിത, ഇന്ത്യാ ടുഡെ,കേരളശബ്ദം, കലാകൗമുദി, ദേശാഭിമാനി, മാതൃഭൂമി തുടങ്ങിയവയാണ് പ്രധാനപ്പെട്ട ആനുകാലികങ്ങൾ. പ്രാദേശികമായി പോത്താനിക്കാട് പഞ്ചായത്ത് ഒരു സോവനീർ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ നിരവധി ക്ളബുകളും കലാ സംഘടനകളും പ്രവർത്തിക്കുന്നുണ്ട്. Lions jaycees y's mens എന്നീ ഇന്റർനാഷനൽ ക്ളബുകൾക്ക് പുറമേ മേഘ,പത്മ എന്നീ ഫൈനാർട്ട്സ് സൊസൈറ്റി എന്നിവ ഒരു കാലഘട്ടത്തിൽ സജീവമായി പ്രവർത്തിച്ചിരുന്നു. കൂടാതെ പഞ്ചായത്തിലങ്ങോളമിങ്ങോളം നിരവധി ആർട്ട്സ് & സ്പോട്ട്സ് ക്ളബുകളും കലാസംഘടനകളും പ്രവർത്തിക്കുന്നു. കലാകായികരംഗത്തെ പരിപോഷിപ്പിക്കുന്നതിന് വേണ്ടി വൈവിദ്ധ്യങ്ങളായ പരിപാടികൾ ഈ ക്ളബുകൾ നടത്തി വരാറുണ്ട്.

തനത് നാടൻ കലാരൂപങ്ങളായ പൂക്കാവടി, അമ്മൻക്കുടം,കോൽകളി എന്നിവയെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. ഈ വക കലാരൂപങ്ങളിൽ സ്ത്രീ പങ്കാളിത്തം പ്രത്യേകം എടുത്തു പറയേണ്ടിയിരിക്കുന്നു.

ടെലിവിഷനടക്കമുള്ള ഇലക്ട്രോണിക് മാദ്ധ്യമങ്ങളുടെ സ്വാധീനം എടുത്തു പറയക്കതാണ്. ഏകദേശം 20 % വീടുകളിൽ ടി. വി ഉണ്ട്. കേബിൾ ടി.വിയുടെ കടന്നുവരവും ശ്രദ്ധിക്കേണ്ടതാണ്. ഇലക്ട്രോണിക് മാദ്ധ്യമങ്ങളുടെ അതിപ്രസരം ഭാരതത്തിന്റെ സാംസ്കാരിക പാരമ്പര്യത്തെയും, അഭിരുചികളെയും മാറ്റിമറിക്കുക മാത്രമല്ല, ഒരുതരത്തിൽ കമ്പോള സംസ്ക്കാരം നമ്മെ അടിച്ചേൽപ്പിക്കുകയും ചെയ്യുന്നത് കാണാതിരുന്നു കൂടാ. പഞ്ചായത്തിൽ സിനിമാശാലകൾ ഒന്നുംതന്നെയില്ല. വിവാഹാദി ചടങ്ങുകളുടെ വർദ്ധിച്ചു വരുന്ന ആർഭാടം തനത് നാടൻകലകളുടെ നാശം എന്നിവ സാംസ്ക്കാരികരംഗത്തെ പ്രധാന പ്രശ്നങ്ങളാണ്. ലൈബ്രറികളുടെ പ്രവർത്തനം വൈവിദ്ധ്യവൽക്കരിക്കുകയും നവീകരിക്കുകയും ചെയ്യുക, പ്രാദേശികമായ പൊതു ആഘോഷങ്ങളും ഉത്സവങ്ങളും പ്രോത്സാഹിപ്പിക്കുക എന്നിവ വഴി ഈ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണാവുന്നതാണ്.

കായിക വിനോദ സൗകര്യങ്ങളുടെ അപര്യാപ്തത ഈ പഞ്ചായത്തിൽ അനുഭവപ്പെടുന്നുണ്ട്. പഞ്ചായത്തിന് ഒരു പൊതു കളിസ്ഥലം ആവശ്യമാണ്. പുതിയൊരു കായികസംസ്കാരം ഉണ്ടാക്കുന്നതിന് കായിക വിനോദ സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. കായിക കലാ സാഹിത്യമത്സരങ്ങൾ തുടർച്ചയായി നടത്തേണ്ടതാണ്. കായിക സംസ്കാരം വളരുന്നതോടൊപ്പം മതസൗഹാർദ്ദം വളരാനിടയാകും.

പ്രശ്നങ്ങൾ

1. വായനശാലയും ഗ്രന്ഥശാലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ
2. ഇലക്ട്രോണിക് മാദ്ധ്യമങ്ങളുടെ അതിപ്രസരം
3. ലൈംഗിക സിനിമകളുടെ അതിപ്രസരം
4. കലാസമിതികളും മറ്റും നേരിടുന്ന പ്രശ്നങ്ങൾ
5. തനതുകലകളുടെ നാശം
6. സ്ത്രീകളോടുള്ള സാംസ്കാരിക സമീപനത്തിലെ അധഃപതനം
7. കോളനികളിൽ സാംസ്കാരിക സ്ഥാപനങ്ങളുടെ കുറവ്.

സാധ്യതകൾ

1. പ്രാദേശികമായ പൊതു ആഘോഷങ്ങളും ഉത്സവങ്ങളും പ്രോത്സാഹിപ്പിക്കുക
2. കായിക വിനോദ സൗകര്യങ്ങളും സ്പോട്ട്സ് സൗകര്യങ്ങളും മെച്ചപ്പെടുത്തുക
3. കലാസാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് ഒരു വാർഷിക കലണ്ടർ
4. മതസൗഹാർദ്ദം വളർത്തുവാനുള്ള പരിപാടികൾ
5. നാടൻ കലകൾക്ക് പ്രത്യേക പ്രോത്സാഹനം.
6. കലാ കായിക സാഹിത്യ മത്സരങ്ങൾ തുടർച്ചയായും ക്രമമായും നടത്തുക
7. പഞ്ചായത്തിൽ ഒരുവലിയ കമ്മ്യൂണിറ്റി ഹാൾ സ്ഥാപിക്കുക
8. കോളനികളിൽ ടി. വി സെറ്റ് സ്ഥാപിക്കുക
9. മഹിളാസമാജങ്ങൾ ആർട്ട്സ് & സ്പോട്ട്സ് ക്ളബുകൾ എല്ലാ വാർഡുകളിലും നടത്തുന്നതിനെ പ്രോത്സാഹിപ്പിക്കുക.
10. പഞ്ചായത്തു വക പൊതു കളിസ്ഥലമുണ്ടാക്കുക.
11. പ്രാദേശിക ഉത്സവങ്ങളും ദേശീയപ്രാധാന്യമുള്ള ദിനങ്ങളും സമുചിതമായി ആഘോഷിക്കുക.
12. ലൈബ്രറികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും നവീകരിക്കുകയും ചെയ്ക

പട്ടിക ജാതി പട്ടികവർഗ്ഗം

പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ ഏഴുശതമാനത്തോളം പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ജന വിഭാഗങ്ങളാണ്. ഇതിൽ ഏതാനും പട്ടികവർഗ്ഗകുടുംബങ്ങളുള്ളത് പഞ്ചായത്തിന്റെ ഒന്നാം വാർഡിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്.

പഞ്ചായത്തിൽ 7 ഹരിജൻ കോളനികളാണുള്ളത്. ഒന്നാം വാർഡിലെ മഞ്ഞാളാം പാറ ഹരിജൻ കോളനി, രണ്ടാം വാർഡിലെ പുളിന്താനം ഹരിജൻ കോളനി, മൂന്നാം വാർഡിലെ തൃക്കേപ്പടി ഹരിജൻ കോളനി, നാലാം വാർഡിലെ കല്ലട പൂതപ്പാറ ഹരിജൻ കോളനി, കോന്നംപാറ ഹരിജൻ കോളനി,പതിക്കുടി ഹരിജൻ കോളനി എന്നിവയാണ് പ്രധാന ഹരിജൻ കോളനികൾ. ഈ കോളനികളിലായി കുടുംബങ്ങളുണ്ട്. മുഴുവൻ കോളനികളിലും അടിസ്ഥാന സൗകര്യങ്ങൾ പൂർണ്ണമായും എത്തിക്കുന്നതിന് കഴിഞ്ഞിട്ടില്ല. മഞ്ഞളാം പാറ കോളനിയിൽ കുടിവെള്ള ദൗർലഭ്യമുള്ളത് പരിഹരിക്കണം.എട്ടാംവാർഡിലെ പള്ളിക്കോളനിയിൽ സൗജന്യമായി വൈദ്യുതീകരണം നടത്തണം.കല്ലടപൂതപ്പാറ കോളനിയിലെ കുടിവെള്ള ദൗർലഭ്യം പരിഹരിക്കണം. പൊതുവിൽ പോത്താനിക്കാട് പഞ്ചായത്ത് ഹരിജൻ കോളനികളിൽ ഉൾപ്പെടെയുള്ള മുഴുവൻ ഹരിജനങ്ങൾക്കും പാർപ്പിടം, വെള്ളം, വെളിച്ചം, പൊതുജനാരോഗ്യത്തെ മുൻനിർത്തി കക്കൂസുകൾ ലഭിക്കാത്ത മുഴുവൻ പേർക്കും കക്കൂസുകൾ ഇവ ലഭ്യമാക്കണം.

പഞ്ചായത്തിലെ പട്ടികജാതി-പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട ജനവിഭാഗങ്ങളുടെ പൊതു അവസ്ഥ പരിശോധിച്ചാൽ അവരുടെ കുട്ടികൾ കൃത്യമായി സ്ക്കൂളിൽ പോകുന്നുണ്ട്. ഈ വിഭാഗത്തിൽ നിരക്ഷരർ തീരെയില്ല. പോത്താനിക്കാട് പഞ്ചായത്ത് സമ്പൂർണ്ണ സാക്ഷരതയിലെത്തുന്നതിനു വേണ്ടി നടത്തിയ പ്രവർത്തനങ്ങൾ ഈ വിഭാഗത്തിലെ മുതിർന്നവരുടെ നിരക്ഷരത പരിഹരിക്കുവാൻ സഹായിച്ചിട്ടുണ്ട്. സാംസ്ക്കാരികപരമായും വിദ്യാഭ്യാസപരമായും ഉന്നതനിലവാരം പുലർത്തിവരുന്ന ഈ പ്രദേശത്തെ മുഴുവൻ പട്ടികജാതി-പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളും പഠനത്തിലും കലാകായിക രംഗത്തും പുരോഗതി കൈവരിച്ചിട്ടുണ്ട്.

തൊഴിൽ മേഖല

പഞ്ചായത്തിലെ പട്ടികജാതി-പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട ജനവിഭാഗങ്ങൾ പ്രധാനമായും കാർഷികമേഖലയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. ഗവ.മേഖലയിലും പൊതുമേഖലാസ്ഥാപനങ്ങൾ, സ്വകാര്യ വ്യവസായമേഖലകൾ എന്നിവിടങ്ങളിലും മറ്റിതര മേഖലയിലും ഈ വിഭാഗത്തിൽപ്പെട്ടവർ തൊഴിൽ ചെയ്തു വരുന്നു.

നിലവിലുള്ള കുടുംബങ്ങളിൽ 5 % ത്തിൽ താഴെ കുടുംബങ്ങൾക്ക് സ്വന്തമായി വീടുകളില്ല. സ്വന്തമായി വീടുകളുള്ളവരിൽ വിവാഹിതരായ മക്കൾക്ക് പുതിയ വീടുകൾ വച്ചു താമസിക്കുന്നതിന് പദ്ധതികളുണ്ടാകണം. പഞ്ചായത്തിലെ ബഹുജനസംഘടന നേതൃത്വങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട നിരവധിപേർ പ്രവൃത്തിക്കുന്നു. പണ്ടുണ്ടായിരുന്ന ജാതിപരമായ ഉച്ചനീചത്വങ്ങൾ ഇന്നില്ല. നമ്മുടെ നാടിന്റെ സാംസ്കാരിക പൈതൃകവും വിദ്യാഭ്യാസ നിലവാരവും ജാതിപരമായ ഉച്ചനീചത്വത്തെ ഇല്ലായ്മ ചെയ്യുന്നതിന് സ്വാധീനിച്ചിട്ടുണ്ട്.

I.R.D.P സർവ്വേ പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ വിവരം

വാർഡ്	കുടുംബങ്ങളുടെ എണ്ണം.	സഹായം ലഭിച്ച കുടുംബങ്ങളുടെ എണ്ണം
1.	3	2
2.	4	1

3.	6	2
4.	8	5
5.	5	2
6.	7	1
7.	3	1
8.	3	1

വിദ്യാലയങ്ങളിൽ പഠിക്കുന്നവരെ സംബന്ധിച്ച വിവരങ്ങൾ

പഠിക്കുന്നവർ	178
പഠനം നിർത്തിയവർ	24
ലംപ്സം ഗ്രാന്റ് ലഭിക്കുന്നവർ	178


പ്രശ്നങ്ങൾ

1. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത.
2. ദാരിദ്ര്യം, പട്ടിണി എന്നിവ
3. വിദ്യാഭ്യാസ പിന്നോക്കാവസ്ഥ
4. തൊഴിൽപരമായ പിന്നോക്കവസ്ഥ
5. അർഹമായ ആനുകൂല്യങ്ങൾ ലഭിക്കാനുള്ള തടസ്സങ്ങൾ

സാധ്യതകൾ

1. ജനസംഖ്യക്ക് ആനുപാതികമായി വികസനപദ്ധതികൾക്കുള്ള തുക നീക്കിവയ്ക്കണം.
2. വരുമാന വർദ്ധനവിനായി കുടുംബാടിസ്ഥാനത്തിലുള്ള സ്കീമുകൾ വേണം.
3. ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ സേവനതുറകളിലെ സ്കീമുകൾ.
4. ക്ഷേമപ്രവർത്തനങ്ങൾ
    a. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ
    b. ബോധവൽക്കരണ പ്രവർത്തനങ്ങൾ
5. അർഹമായ ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുവാൻ കഴിയുക.
6. വരുമാന വർദ്ധനവിനായി കുടുംബാടിസ്ഥാനത്തിലുള്ള സ്കീമുകൾ

വനിതാക്ഷേമം



പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് ഹിന്ദു മുസ്ലിം ക്രൈസ്തവ മതവിഭാഗങ്ങൾ ഇടകലർന്നു ജീവിക്കുന്ന സാംസ്കാരിക തനിമയുടെ പാരമ്പര്യം നിലനിർത്തുന്ന ഗ്രാമ പ്രദേശമാണ്. ആർഷഭാരത സംസ്കാരത്തിന്റെ ഓർമ്മകൾ അയവിറക്കുന്ന ഗ്രാമീണസ്ത്രീകളുടെ ജീവിതശൈലി ഈ പ്രദേശങ്ങളിൽ ഉടനീളം കാണാം. ഈശ്വരചിന്തയിലും അദ്ധ്യാനരംഗങ്ങളിലും അന്നും ഇന്നും ഈ പ്രദേശങ്ങളിലെ സ്ത്രീകൾ പുരുഷനോടൊപ്പം നിൽക്കുന്നു.

സ്ത്രീ-പുരുഷ അനുപാതം ഏകദേശം തുല്യമായ പോത്താനിക്കാട് പഞ്ചായത്തിന് സാമൂഹ്യ രാഷ്ട്രീയമണ്ഡലങ്ങളിൽ വനിതകളുടെ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതുസാമൂഹ്യ വളർച്ചക്ക് അത്യന്താപേക്ഷിതമാണ്.

വനിതാ വിമോചന പ്രസ്ഥാനങ്ങളും സ്ത്രീ-പുരുഷ സമത്വവാദങ്ങളും കൊട്ടിഘോഷിക്കുമ്പോഴും പോത്താനിക്കാട് പഞ്ചായത്തിലെ വനിതകൾ ക്ഷമാശീലത്തോടും ശാലീനതയോടുംകൂടി കഴിഞ്ഞുവരുന്നു. വിദ്യാഭ്യാസമേഖലയിൽ ഈ പഞ്ചായത്തിലെ സ്ത്രീകൾ മുൻപന്തിയിലുണ്ട്.പഞ്ചായത്തിലെ സ്കൂളുകളിൽ പെൺകുട്ടികളും ആൺകുട്ടികളും പഠനകായികരംഗങ്ങളിൽ ഒപ്പമാണെന്ന്കാണാം. രോഗാതുരയുടെ കാര്യത്തിൽ പഞ്ചായത്തിലെ സ്ത്രീകളുടെ അവസ്ഥ പൊതുവേ മോശമാണ് എന്നത് ആരോഗ്യവകുപ്പിന്റെ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. പഞ്ചായത്തിലെ സ്ത്രീകളുടെ എണ്ണം 4929. ജീവിച്ചിരിക്കുന്ന കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ അമ്മമാരുടെ ആകെ എണ്ണം 2346 ആകുന്നു.

തൊഴിൽമേഖലയിൽ സ്ത്രീകളുടെ പങ്ക് വളരെയേറെ പ്രാധാന്യമുള്ളതാണ്. സാങ്കേതികരംഗങ്ങളിലും കലാകായികരംഗങ്ങളിലും വനിതകൾ വളരെയധികം മുന്നിലാണെന്ന് കാണാം. വ്യവസായിക സംരഭങ്ങളുടെ പട്ടികയിലേക്ക് സ്ത്രീകൾ കടന്നുവരുന്നതേയുള്ളൂ.

പ്രശ്നങ്ങൾ

1. സ്ത്രീകളുടെ സാമൂഹ്യ അന്തസ്സ് നിലനിർത്തുന്നതിന് ആവശ്യമായ സാമൂഹ്യ വ്യവസ്ഥിതികളിലെ പാളിച്ചകൾ.

2. തൊഴിൽമേഖലകളിൽ സ്ത്രീ വേതനരംഗങ്ങളിലെ ഏറ്റക്കുറച്ചിലുകൾ.

3. സംഘടനരംഗങ്ങളിൽ നേതൃരംഗങ്ങളിലെ അവഗണന.

4. മഹിളാസമാജങ്ങളുടെയും അംഗൻവാടികളുടെയും പ്രവർത്തനങ്ങളിലെ പോരായ്മകൾ.

5. സ്ത്രീകളുടെ സാമൂഹ്യനിലവാരത്തകർച്ചക്ക് ഇടവരുത്തുന്ന ചിത്രീകരണങ്ങളും സിനിമകളും.

6. വനിതാക്ഷേമപദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ.

7. സമൂഹത്തിൽ സ്ത്രീകളുടെ പ്രധാന്യം ഉറ

പ്പുവരുത്തുന്നതിനുള്ള ബോധവൽക്കരണ ക്ലാസുകളുടെ അഭാവം.

സാധ്യതകൾ

1. വനിതാവ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക

2. മഹിളാ സമാജങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക

3.വനിതാ ക്ഷേമപദ്ധതികളെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ പ്രോത്സാഹിപ്പിക്കുക

4.പൊതുസ്ഥലങ്ങളിൽ പ്രാഥമിക സൗകര്യങ്ങളുറപ്പു വരുത്തുക.

5.സ്ത്രീ-പുരുഷ സമത്വബോധം വളർത്താൻ ഉപകരിക്കുന്ന വിദ്യാഭ്യാസ നവീകരണങ്ങൾ, വനിതാക്ഷേമത്തിനുപകരിക്കുന്ന ഉപഭോക്തൃകോടതികൾ രൂപികരിക്കുക.

6. വനിതാവ്യവസായ യൂണിറ്റുകളിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ശേഖരിക്കുന്നതിനും വിറ്റഴിക്കുന്നതിനും പഞ്ചായത്തും മഹിളാസമാജങ്ങളും അപ്പെക്സ് യൂണിറ്റായി പ്രവർത്തിക്കുക.

7. വനിതകൾക്ക് സാമൂഹ്യവും സാംസ്ക്കാരികവും തൊഴിൽപരവും കുടുംബപരവുമായ പ്രശ്നങ്ങളെക്കുറിച്ച് ചർച്ചചെയ്യുവാനും പരിഹാരമാർഗങ്ങൾ കണ്ടെത്തുവാനും ഒന്നിച്ചുകൂടുന്നതിന് കമ്മ്യൂണിറ്റി ഹാളുകളും റീഡിംഗ് റൂമുകളും നിർമ്മിക്കുക.

8. വനിതകൾക്ക് കുടുംബങ്ങളിൽ ആരംഭിക്കുവാൻ സാധിക്കുന്ന കോഴി, ആട്, തേനീച്ച, കന്നുകാലി, മത്സ്യം, ചിപ്സ്, കറിപ്പൗഡർ, അച്ചാർ, മെഴുകുതിരി, സോപ്പ്, റെഡിമെയ്ഡ് വസ്ത്രങ്ങൾ മുതലായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് പ്രോത്സാഹനം നൽകുക.

9. സ്ത്രീധനമെന്ന സാമൂഹ്യവിപത്തിൽ നിന്നും പൂർണ്ണസുരക്ഷിതത്വം ഉറപ്പാക്കുക.

10. നിരാലംബരായ വനിതകൾ വൃദ്ധകൾ, വിധവകൾ എന്നിവർക്ക് പ്രത്യേക ആതുരാലയങ്ങൾ സ്ഥാപിക്കുക.

11. ആരോഗ്യ പരിപാലന സെമിനാറുകൾ ഏർപ്പെടുത്തുക. മാതൃസംഗമം, മഹിളാസമാജങ്ങൾ, പബ്ലിക്ക് ലൈബ്രറികൾ ഇവയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുക.

12. കലാകായിക രംഗങ്ങളിൽ കൂടുതൽ പ്രോത്സാഹനം നൽകുക.

13. സ്ത്രീകൾക്കായി പ്രത്യേക നേതൃത്വപരിശീലനം നൽകുക.

14. സമൂഹത്തിൽ സ്ത്രീകൾക്കുള്ള പ്രാധാന്യം ഉറപ്പുവരുത്തുന്നതിനുള്ള ബോധവൽക്കരണം ആവശ്യമാണ്.

15. തൊഴിൽ മേഖലകളിൽ സ്ത്രീകൾക്കുള്ള വേതന നിരക്കിലുള്ള അന്തരം കുറയ്ക്കുക.

16. സംഘടനാപ്രവർത്തനങ്ങളിൽ തുല്യ അവസരം കൊടുക്കുക.

പഞ്ചായത്തിലെ സ്ക്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണക്കുറച്ചിലുകൾ

No.	വിദ്യാലയത്തിന്റെ പേര്	ആൺകുട്ടികൾ	പെൺകുട്ടികൾ
1.	ഗവ. L.P.S പോത്താനിക്കാട്	111	89
2.	M.T.L.P സ്ക്കൂൾ പോത്താനിക്കാട്	60	50
3.	സെന്റ് മേരീസ് ഹൈസ്ക്കൂൾ പോത്താനിക്കാട്	345	185
4.	ഗവ.യു. പി.എസ്സ് പുളിന്താനം	145	144
5.	സെന്റ് സ്റ്റീഫൻ L.P.S പറമ്പഞ്ചേരി	137	143
6.	സെന്റ് ജോൺസ് H.S പുളിന്താനം	90	70
7.	ഗവ. കോമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് പോത്താനിക്കാട്	14	66

സാമൂഹ്യക്ഷേമം

പഞ്ചായത്തിലെ ജനവിഭാഗങ്ങളിൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള 560 തോളം കുടുംബങ്ങളുണ്ട്. ഇതിൽ പട്ടികജാതി-പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട 39 കുടുംബങ്ങളും ഉൾപ്പെടുന്നു. ആകെയുള്ള 560 കുടുംബങ്ങളിൽ നാളിതുവരെ 98 കുടുംബങ്ങൾക്ക് ഗവൺമെന്റിൽ നിന്നും സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്. ഇതിൽ 15 കുടുംബങ്ങൾ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവയാണ്. ഗവൺമെന്റിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുക വഴി 77 കുടുംബങ്ങൾ ദാരിദ്രരേഖയ്ക്കുമുകളിൽ എത്തിയിട്ടുണ്ട്. ഇപ്പോൾ 472 കുടുംബങ്ങൾദാരിദ്രരേഖയ്ക്കു താഴെയുണ്ടെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ലഭ്യമായ കണക്കുകൾ വച്ചുനോക്കിയാൽ ഈ പഞ്ചായത്തിൽ ട്രൈസ്സും തൊഴിൽപരിശീലനം ലഭിച്ചവർ ആരും തന്നെയില്ല. DWCRA പദ്ധതിപ്രകാരം തെഴിൽസംരംഭങ്ങൾ ഒന്നുംതന്നെ രൂപപ്പെട്ടിട്ടില്ല.

സാമൂഹ്യക്ഷേമ വകുപ്പുവഴിയും മറ്റു വകുപ്പുകൾ വഴിയും വിതരണം ചെയ്തുകൊണ്ടിരിക്കുന്ന സഹായ പദ്ധതികൾ അനുസരിച്ച് താഴെപ്പറയുന്ന പെൻഷനുകൾ വിതരണം ചെയ്യുന്നുണ്ട്.

No.	സഹായധനത്തിന്റെ ഇനം	ലഭിക്കുന്നവരുടെ എണ്ണം
1.	അഗതി പെൻഷൻ	34
2.	വിധവ പെൻഷൻ	14
3.	വികലാംഗ പെൻഷൻ	14
4.	വാർദ്ധക്യകാല പെൻഷൻ	6
5.	ക്യാൻസർ രോഗി പെൻഷൻ	2
6.	കർഷകത്തൊഴിലാളി പെൻഷൻ	-
7.	തൊഴിലില്ലായ്മ വേതനം	-

താഴെപ്പറയുന്ന പദ്ധതികൾ സാമൂഹ്യക്ഷേമ വകുപ്പുവഴി നടപ്പാക്കാവുന്നതാണ്.

1. വികലാംഗർക്കുള്ള യാത്രാബത്ത
2. വിദ്യാർത്ഥികൾക്കുള്ള കേന്ദ്രസ്കോളർഷിപ്പ്.
3. തൊഴിൽപരിശീലനത്തിനുള്ള സംസ്ഥാന സ്കോളർഷിപ്പ്.
4. വികലാംഗ സംരക്ഷണഭവനങ്ങൾക്കുള്ള സംസ്ഥാനധനസഹായം.
5. ബുദ്ധിമാന്ദ്യം സംഭവിച്ച വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്.
6. പട്ടികജാതി-പട്ടികവർഗ്ഗേതര മിശ്രവിവാഹിതരായ ദമ്പതികൾക്കുള്ള ധനസഹായപദ്ധതി.
7. വാഹനഉടമകളായവികലാംഗർക്ക് പെട്രോൾ സബ്സിഡി ലഭിക്കുന്നതിനുള്ള പദ്ധതി.

നിലവിലുള്ള ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികൾ വളരെകുറച്ചുകുടുംബങ്ങൾക്കുമാത്രമേപ്രയോജനപ്പെടുന്നുള്ളു. IRDP ലിസ്റ്റിൽ അനർഹകുടുംബങ്ങൾ ഉൾപ്പെട്ടിരിക്കുന്നതായികാണുന്നു. അർഹരാ



യവർക്ക് ആനുകൂല്യം കിട്ടാത്തസ്ഥിതി, അഴിമതി ഇടത്തട്ടുകാരുടെ ചൂഷണം, പദ്ധതികളെക്കുറിച്ച് വേണ്ടത്ര അറിവില്ലായ്മ, വിവരങ്ങൾ ആവശ്യമുള്ളവർക്ക് നൽകാനുള്ളപരിമിതികൾ എന്നിവസാമൂഹ്യക്ഷേമരംഗത്തെ പ്രശ്നങ്ങളാണ്. ആനുകൂല്യങ്ങൾ യഥാസമയങ്ങളിൽ ലഭിക്കുന്നില്ലെന്നതും പ്രശ്നമാണ്.

IRDP സർവ്വേലിസ്റ്റ് പരിഗണിച്ച് അർഹരായവരിൽ ആനുകൂല്യം ലഭിക്കാത്തവർക്ക് അത് ലഭ്യമാക്കാനുള്ള നടപടി വേണം. വനിതകൾക്കായി DWCRA യൂണിറ്റുകൾ സ്ഥാപിക്കണം. ട്രൈസ്സം പരിശീലനം നൽകി തൊഴിൽസാധ്യത വർദ്ധിപ്പിക്കാനുള്ള പരിപാടികളാവിഷ്കരിക്കണം. അർഹരായവരെ കണ്ടെത്തുന്നതിനും ആനുകൂല്യം ലഭ്യമാക്കുന്നതിനുമുള്ള ജനകീയ സംവിധാനം ആവശ്യമാണ്. മഹിളാസമാജങ്ങൾ, ബാലവാടികൾ എന്നിവരെ കേന്ദ്രീകരിച്ച് പോഷകാഹാരം, പ്രതിരോധ ചികിത്സാ സംവിധാനങ്ങൾ എന്നിവയും വനിതകൾക്കായുള്ള തൊഴിൽ സംരംഭങ്ങളും ആവശ്യമാണ്.

പഞ്ചായത്തിൽ അംഗൻവാടികൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല. നാലു മഹിളാസമാജങ്ങളും, രണ്ടു ബാലവാടികളുമാണ് നിലവിൽ പ്രവർത്തിക്കുന്നത്. കൂടുകൽ മഹിളാസമാജങ്ങളും, ബാലവാടികളും ആരംഭിക്കേണ്ടതാണ്. അതുപോലെ അംഗൻവാടികൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രശ്നങ്ങൾ

1. ദാരിദ്ര്യനിർമ്മാജന പദ്ധതികൾ വളരെ കുറച്ചുകുടുംബങ്ങൾക്കേ പ്രയോജനപ്പെടുന്നുള്ളു.
2. IRDP ലിസ്റ്റിൽ അനർഹരായവർ ഉൾപ്പെടുന്ന അവസ്ഥ
3. അഴിമതി
4. ഇടത്തട്ടുകാരുടെ ചൂഷണം
5. പദ്ധതികളുടെ വിവരങ്ങൾ ആവശ്യമുള്ളവർക്ക് കിട്ടുന്നില്ല.

സാധ്യതകൾ

1. IRDP ലിസ്റ്റിൽ അർഹരായവർക്ക് ആനുകൂല്യം ലഭിക്കാൻ പരിപാടികൾ വേണം.
2. വനിതകൾക്കായി DWCRA യൂണിറ്റുകൾ സ്ഥാപിക്കുക.
3. ഗുണഭോക്താക്കളെ കണ്ടുപിടിക്കുന്നതിന് ഗ്രാമസഭകളെ ഉൾപ്പെടുത്താം.
4. മഹിളാസമാജങ്ങളും, ബാലവാടികളും കേന്ദ്രീകരിച്ച് പ്രതിരോധ ചികിത്സാസംവിധനങ്ങളും പോഷകാഹാര ബോധവത്ക്കരണവും നടത്തുക.
5. വനിതകൾക്കായി സ്വയംതൊഴിൽ സംരഭങ്ങൾ തുടങ്ങുക.
6. തൊഴിൽ പരിശീലനം ലഭിക്കാത്തവർക്ക് തൊഴിൽ ലഭിക്കുവാനുള്ള പരിശീലനങ്ങൾ.

സഹകരണ മേഖല

സഹകരണ പ്രസ്ഥാനം കൂടുതൽ വളർച്ച പ്രാപിച്ചിട്ടുള്ള ഒരുഗ്രാമമാണ് പോത്താനിക്കാട് ഗ്രാമപഞ്ചായത്തു്. രണ്ട് വായ്പസഹകരണ സംഘങ്ങളും മൂന്ന് വായ്പേതര സഹകരണ സംഘങ്ങളും പഞ്ചാ യത്തിലുണ്ട്. വായ്പാ സഹകരണ സംഘ ങ്ങളിൽ പ്രധാനപ്പെട്ടതു് പോത്താനിക്കാടു് ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് ബാങ്കാണ്. കൂടാതെപോത്താനിക്കാട് ഭവനനി ർമ്മാണ സഹകരണ സംഘവും ഭവനവായ്പാ രംഗത്ത് പ്രവർത്തിക്കുന്നു.

റബ്ബർ കർഷകരുടെ ഉന്ന മന ത്തെ ലക്ഷ്യമാക്കിക്കൊണ്ട് റബ്ബർ പ്രൊഡ്യൂ സേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും രണ്ട് വനിത ക്ഷീരോത്പാദക സംഘങ്ങളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

ക്രെഡിറ്റ് സൊസൈറ്റി കളി ലൊ ന്നായ് ഫാർമേഴ്സ് കോ- ഓപ്പറേറ്റീവ് ബാങ്ക് 17-1-1955 ൽ ഒരു വിവിധോദ്ദേശ സഹകരണ സംഘമായി രജിസ്റ്റർ ചെയ്യ പ്പെട്ടതാണ്. 20-6-1955 ൽ ഇതിന്റെ പ്രവർത്തനം ആരംഭിച്ചു. 30-1-1961 ൽ ഇതൊരു സർവ്വീസ് സഹകരണ സംഘമായി മാറി. തുടർന്ന് 30-1-1984 ൽ ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് ബാങ്കായി ഉയർ ത്തപ്പെട്ടു. ഈ ബാങ്ക് ഈ നാട്ടിലെ ഏറ്റവും വലിയ പണമിടപാട് സ്ഥാപനമാണ്. ഫാർമേഴ്സ് ബാങ്കിന് ഇപ്പോൾ 8259 അംഗങ്ങളും 28 സി-ക്ലാസ്സ് അംഗങ്ങളുമുണ്ട്. ബാങ്കിന്റെ അംഗീകൃത ഓഹരി മൂലധനം 7015000 രൂപ യും പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 5287365 രൂപയുമാണ്. സർ ക്കാരിൽ നിന്നും ഓഹരിയിനത്തിൽ ഒരുലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. പൊതുജന ങ്ങളിൽനിന്നും ഏഴ്കോടി മൂന്ന്ലക്ഷത്തിതൊള്ളായിരത്തി അറു പത്തിയെട്ടു രൂപയാണ് ലഭിച്ചിട്ടുള്ളത്.

കാർഷികവായ്പകൾ

ക്യാഷ് ക്രെഡിറ്റ്

വളം വായ്പകൾ

മോട്ടോർ പമ്പാസെറ്റ്/ കുളം കുഴിക്കൽ

എന്നിവയ്ക്കായി 3497072 രൂപ നൽകി യിട്ടുണ്ട്

മറ്റുവായ്പകൾ

സാധാരണ വായ്പകൾ

സ്വർണ്ണ പണയ വായ്പ

ഓവർ ഡ്രാഫ്റ്റ്

സ്ഥിരനിക്ഷേപ വായ്പ 74512651

പ്രത്യേക വായ്പകൾ

ഭവനനിർമ്മാണ വായ്പകൾ

സ്റ്റാഫ് ഒ.ഡി. 119009

ജില്ലാസഹകരണബാങ്കിൽ നിന്നും സ്വീകരിച്ച വായ്പകൾ

ഹ്രസ്വകാല ക്യാഷ് ക്രെഡിറ്റ് 19312150

ദീർഘ കാലവായ്പ 1026

ഓവർ ഡ്രാഫ്റ്റ് 2632260

കാലവധി കഴിഞ്ഞു കിട്ടാനുള്ള വായ്പകൾ

ഹ്രസ്വകാലവായ്പകൾ 697318

സാധാരണവായ്പ

സ്വർണ്ണപണയവായ്പ 6774069

മദ്ധ്യകാലവായ്പകൾ 36266

ദീർഘകാലവായ്പകൾ 49743

എസ്റ്റാബ്ലിഷ്മെൻറ് ചാർജ് 1249733

കണ്ടിജൻസി 697476

ഈ ബാങ്ക് നടത്തുന്ന പ്രവർത്തനങ്ങൾ ബാങ്കിംഗ്, ചിട്ടി, വളം, കൺസ്യൂമർ സ്റ്റോർ, സിമ ൻറ് വ്യാപാരം. ഈ ബാങ്കിന് പോത്താ നിക്കാട് മെ യിൻ ,പല്ലാരി മംഗലം,പുളിന്താനം

ആനത്തുകുഴി എന്നിവിടങ്ങളിലെ 4 ബ്രാഞ്ചു കൾ പ്രവർത്തിക്കുന്നുണ്ട്.

പോത്താനിക്കാട് ഭവനനിർമാണ സഹ കരണസംഘം മറ്റൊരു ക്രെഡിറ്റ് സൊസൈറ്റി യാണ് 733 എ-ക്ലാസ് അംഗങ്ങളും 205 സി-ക്ലാസ് അംഗങ്ങളുമുണ്ട്. അംഗീകൃത ഓഹരി മൂല ധനം 20

ലക്ഷം രൂപയാണ്.ഇതിൽ 1083480 രൂപ പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനമാണ്.സർക്കാർ ഓഹരി മൂലധനമായി 15500 രൂപയാണുള്ളത്.

ആകെ 154 പേർക്ക് ഭവന വായ്പ വിതരണം ചെയ്തിട്ടുണ്ട്. 5344500 രൂപ ഇതിനായി ചിലവഴിച്ചിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിലെ മറ്റൊരു സഹകരണ സ്ഥാപനമാണ് പെരുന്നീരിലുള്ള റബർ ഉദ്പാദക സഹ കരണ സംഘം.

ഈ സംഘത്തിൽ 372 റബർ കൃഷി ക്കാർ അംഗങ്ങളായിട്ടുണ്ട്. ഓഹരി മൂലധന മായി 63240 രൂപയും റബർ ബോർഡ് ഓഹരി 15800 രൂപയും ആണ്. ഒരു ചാരിറ്റബിൾ സൊസൈറ്റി ആക്ടിൻ കീഴിൽ പ്രവർ ത്തിക്കുന്ന ഒരു സംഘമാണിത്.

ഇതിന്റെ പ്രവർത്തന മേഖല പോത്താനി ക്കാട്, പൈങ്ങോട്ടൂർ ,പല്ലാരി മംഗലം പഞ്ചായത്തു കളാണ്. ഈ സൊസൈ റ്റിയോടനുബന്ധിച്ച് ഒരു ഇൻഡസ്ട്രിയൽ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. സംഘം വഴി വളം,കീടനാശിനികൾ മറ്റു സാധന ങ്ങളും വിൽക്കുന്നുണ്ട്.

സഹകരണ മേഖലയിൽ പെരുന്നീരിലും പുളിന്താനത്തും രണ്ട് ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ പ്രവർത്തി ക്കുന്നുണ്ട്. കർഷകർ ഉൽപാദിപ്പിക്കുന്ന പാൽ വിറ്റ് ഉപജീവനം കഴിക്കുന്നവർക്കും മിച്ചമുള്ള പാൽ വിറ്റഴിക്കു ന്നതിനും മേൽപറഞ്ഞ സ്ഥാപനങ്ങൾ നല്ല സേവനങ്ങളാണ് കാഴ്ച വയ്ക്കുന്നത്. സംഘങ്ങൾ വഴി കാലിത്തീറ്റകൾ വിതരണം നടത്തു ന്നു. നല്ലയിനം പുൽതൈകളും വിതരണം നടത്തുന്നു. നല്ലയിനം കറവ പശുക്കളെ വാങ്ങുന്നതിനും വായ്പ ലഭ്യമാ ക്കുന്നുണ്ട്. പഞ്ചായത്തിൽ പൊതുവെ നല്ല യിനം പശുക്കളാണധികവും.

പ്രശ്നങ്ങൾ

1. മാനേജ്മെൻറിന്റെ കാര്യക്ഷമത യില്ലായ്മ.
2. തൊഴിലാളികളുടെ പങ്കാളിത്തക്കുറവ്
3. ദുർവ്യയം
4. പുതിയ പ്രയ പ്രവർത്തനമേഖ ലകളി യേക്ക്
5. കടന്നുകയറാനുള്ള ആത്മധൈര്യ മില്ലാ യ്മ
6. അമിതമായ എസ്റ്റാബ്ലിഷ്മെൻറ് ചിലവ്
ഡിപ്പാർട്ടുമെൻറൽ മേധാവിത്വം
സാങ്കേതിക നവീകരണത്തിന്റെ അഭാവം.

സാധ്യതകൾ

പുതിയ സഹകരണ സംഘങ്ങൾ രൂപീ കരിക്കുക

അയൽക്കൂട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഗുണ ഭോക്താക്കളെ സംഘടിപ്പിക്കുക

പ്രൊഫഷണൽ മാനേജുമെൻറ് പരിശീലനം

തൊഴിലാളികൾക്ക് പ്രത്യേക പഠനക്ലാസു കൾ

പഞ്ചായത്ത് വികസന പദ്ധതികളുമായി ബന്ധപ്പെട്ടുള്ള മാർക്കറ്റിംഗ് സർവ്വീസ് സഹകരണ സംഘങ്ങൾ

സോഷ്യൽ ഓഡിറ്റിംഗ് നടപ്പാക്കുക

പഞ്ചായത്തിലെ കുടുംബങ്ങളിൽ നിന്നും ഒരാളെ കിലും അംഗങ്ങളായിട്ടുണ്ട് എന്നാൽ അംഗങ്ങളല്ലാത്ത ആളുകൾ ഇനിയുമുണ്ട്

ക്ഷീരോൽപ്പാദകസംഘങ്ങളിലെപ്രശ്നങ്ങൾ

ഉദ്പാദനചിലവ് കുറയ്ക്കുന്നതിന് നികുതി രഹിതമായ കാലിത്തീറ്റ സബ്സിഡി നിരക്കിൽ ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ വഴി കർഷകന് ലഭ്യമാക്കുക.

പുൽകൃഷി വികസിപ്പിക്കുന്നതിന് ആവശ്യ മായ വിത്ത് വളം എന്നിവ സൗജന്യമായി ക്ഷീരസം ഘംമുഖേന വിതരണം നടത്തുക. കുളമ്പുരോഗവും മറ്റുരോഗ ങ്ങളും വരാതിരിക്കുന്നതിന് സൗജന്യമാ യി പ്രതി രോധ കുത്തി വയ്പ് നടത്തുക.

കറവമാടുകളെ ഇൻഷ്വർ ചെയ്യുന്നതിന്റെ 50% എങ്കിലും സർക്കാർ സബ്സിഡിയായ് നൽകുക.

അത്യുൽപാദനശേഷിയുള്ള കാലിസമ്പത്ത് ഉണ്ടാക്കിയെടുക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുക.

കെ.ഡി.പി..സബ് സെൻററുകൾ എല്ലാ പ്രദേശത്തും തുറന്ന് പ്രവർത്തിക്കണം.

സഹകരണരംഗത്ത് കൂടു തൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ പല സംഘങ്ങളും കാഴ്ച വെയ്ക്കുന്നുണ്ടെങ്കിലും ഇന്നും സഹകരണ മേഖല യിലെ ഉദ്പാദകരുടേയും ഉപഭോ ക്താ ക്കളുടേയും ആവശ്യങ്ങൾ നിറവേറ്റി യെടു ക്കാൻ പലപദ്ധതികളും സംഘടി പ്പിക്കു വാൻ സാധിക്കും ഇങ്ങനെയുള്ള നേട്ടങ്ങൾ ഉണ്ടാക്കുന്നതിന് വിപുലവും കാര്യക്ഷമവും ഭാവനാ പൂർണ്ണവും ആയിട്ടുള്ള പ്രചരണ പ്രവർത്തന പരിപാടികൾ സഹകരണ പ്രസ്ഥാനവും സഹകരണ യൂണിയനും നടപ്പാക്കേണ്ടതാണ്.

വിഭവ സമാഹരണം



പോത്താനിക്കാട് ഗ്രാമ പഞ്ചാ യ ത്തിന്റെ പ്രധാനപ്പെട്ട വിഭവ സമാഹരണ മാർഗ്ഗങ്ങം കെട്ടിടനികുതി, തൊഴിൽ നികുതി, പഞ്ചായ ത്തുവക ഷോപ്പിംഗ് കോംപ്ലക്സിന്റെ വാടക, മണൽ ലേലം, ഗവൺ മെന്റിന നിന്നു ലഭിക്കു ന്നനികുതിവിഹിതം, ഗ്രാന്റുകം തുടങ്ങിയ വയാ ണ്.

തികച്ചും കാർഷിക മേഖലയായ ഈ പഞ്ചായത്തിൽ വിനോദ നികുതി പോലുള്ള മറ്റു വരുമാന മാർഗ്ഗങ്ങം ഒന്നും തന്നെയില്ല. പുതിയ വ്യവസായങ്ങം ഉണ്ടാകുന്നത് വഴി പഞ്ചായത്തിന് നികുതി ഇനത്തിലും മറ്റും വരുമാനം കൂടും. ഇപ്പോഴുള്ള വരുമാനം പ്രധാ നമായും എസ്റ്റാ ബ്ലിഷ്മെന്റ് ഇനങ്ങളിൽ ചിലവഴിക്കുകയാണ്. കൂടാതെ സ്ട്രീറ്റ് ലൈറ്റു കളുടെ കറൻറ് ചാർജ് ,വാട്ടർ സപ്ലൈ ചാർജ് തുടങ്ങിയവ കഴിച്ചാൽ വികസന പ്രവർ ത്ത നത്തിന് പണമില്ലാത്ത സ്ഥിതിവിശേഷമാണ് നിലവിലുള്ളത്.

കുടിവെള്ളം , റോഡ് നിർമ്മാടം തുടങ്ങിയ മേഖലകളിൽ മനുഷ്യവിഭവശേഷി സന്നദ്ധപ്രവർത്തനത്തിലൂടെ ഫലപ്രദമായി വിനി യോഗിക്കാവുന്നതാണ്. കെട്ടിടനികുതി നിർണ്ണയ ത്തിലെ അപാകതകം പരിഹരിക്കുന്നത് വരുമാനം വർദ്ധിക്കുന്നതിന് സഹായ കര മാകും. ബസ്സ്റ്റാ ൻഡിന് അനുബന്ധ മായും ഇരുട്ടുതോടിന് സമീപമുള്ള പഞ്ചാ യത്ത് വക സ്ഥലത്തും ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ചാൽ വ്യാപാരാ വശ്യങ്ങംക്കും ഭാവിയിൽ വരാവു ന്നതുമായ സർക്കാർ ഓഫീസുകംക്കും വിനിയോഗിക്കുക വഴി പഞ്ചായത്തിന് അധിക വരുമാനം കണ്ടെ ത്താവുന്നതാണ്. പഞ്ചായത്ത് വക മാർക്കറ്റ് സൗകര്യങ്ങം വർദ്ധിപ്പി ക്കുകയും വ്യാപാരാവശ്യങ്ങംക്ക് ലേലം ചെയ്തുകൊടുക്കുക വഴിയും പ ഞ്ചാ യത്തിന് അധിക വരുമാനം കണ്ടെത്താവു ന്നതാണ്. കാളിയാ ർപുഴയിലെ അനധികൃത മണൽ വാരൽ തടയുകയും കടവുകം നിർമ്മിച്ച് ലേലം ചെയ്തു കവഴിയും പഞ്ചായത്തധീനതയിലുള്ള ചിറകളി ലും വലിയ കുളങ്ങളിലും മത്സ്യം വളർത്തൽ പദ്ധതി നടപ്പിലാക്കിയും വരുമാനം കണ്ടെത്താം. വിവിധ ഇനം ലൈസൻസ് ഫീസ് ഉംപ്പെടെ മറ്റു വരുമാന മാർഗ്ഗങ്ങം കണ്ടെത്തുകയല്ലാതെ മറ്റു പോം വഴികളൊന്നുമില്ല.

വരവുസംബന്ധിച്ച വിവരങ്ങൾ (1995-96)

ഇനം	ധനാഭ്യർത്ഥന	പിരിച്ചത്	ബാക്കി
കെട്ടിടനികുതി	2,59,008.00	1,62,235.00	96,773.00
സർവ്വീസ് ചാർജ്	ഇല്ല	ഇല്ല	ഇല്ല
തൊഴിൽ നികുതി	1,32,600.00	83,286.00	49,314.00
വാഹന നികുതി	ഇല്ല	ഇല്ല	ഇല്ല
വിനോദ നികുതി	ഇല്ല	ഇല്ല	ഇല്ല
അഡി: വിനോദ നികുതി	ഇല്ല	ഇല്ല	ഇല്ല
പ്രദർശന നികുതി	ഇല്ല	ഇല്ല	ഇല്ല
പ്രദർശന നികുതി യിൻമേലുള്ള സർച്ചാർജ്	ഇല്ല	ഇല്ല	ഇല്ല
ചന്ത വരവ്	1010.00	1010.00	ഇല്ല
ലാൻഡ് സെസ്	ഇല്ല	ഇല്ല	ഇല്ല
ലൈസൻസ് ഫീ	3,283.00	3,283.00	ഇല്ല
കെട്ടിട നികുതി സർച്ചാർജ്	ഇല്ല	ഇല്ല	ഇല്ല
വസ്തു കൈ മാറ്റ നകുതി 25%	20912.00	20912.00	ഇല്ല
വസ്തുകൈമാറ്റ നികുതി 75%	32871.00	32871.00	ഇല്ല
സർക്കാർ ഗ്രാൻറുകളും മറ്റും ഒഴികയുള്ള മറ്റു വരവുകൾ	1,01,765.00	96,918.00	4,847.00
സംഭാവന	ഇല്ല	ഇല്ല	ഇല്ല
ഡെപ്പോസിറ്റ്	6200.00	6200.00	ഇല്ല
മറ്റുള്ളവ	24,636.00	24,636.00	ഇല്ല
ആകെ	5,82,285.00	4,31,351.00	1,50,934.00

പഞ്ചായത്തരാജ് നിയമപ്രകാരം മറ്റു വകുപ്പുകളിൽ നിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ

വകുപ്പ്	പദ്ധതിവിഹിതം	പദ്ധതിയേതരവിഹിതം	ആകെ
മൃഗസംരക്ഷണം	5100.00	ഇല്ല	5100.00
ആരോഗ്യം	ഇല്ല	1400.00	1400.00
കൃഷി	200200.00	ഇല്ല	200200.00
പി.ഡബ്ല്യു.ഡി	ഇല്ല	ഇല്ല	ഇല്ല
ഹരിജനക്ഷേമം	500.00	ഇല്ല	500.00
മറ്റുള്ളവ	1490.00	ഇല്ല	1490.00
ആകെ	2,07,290.00	1400.00	2,08,690.00

ചെലവു സംബന്ധിച്ച വിവരങ്ങൾ (1995-96)

ഇനം	തുക
ഭരണം	2,21,740.00
പൊതുമരാമത്ത്	2,83,579.00
വിദ്യാഭ്യാസം	ഇല്ല
ജല വിതരണം, ഓടകൾ പൊതുജനാരോഗ്യം	7,584.00
തെരുവു വിളക്കുകൾ കത്തിക്കുന്നതിന്	40,914.00
മറ്റുള്ളവ	2,29,368.25
ആകെ	7,83,185.25

ഉപസംഹാരം

നമ്മുടെ സംസ്ഥാനത്തു് സാക്ഷരതായജ്ഞം എന്നപോലെ ഏവരുടേയും ശ്രദ്ധ ആകർഷിച്ചുകൊണ്ടിരിക്കുന്ന ഒന്നാണല്ലോ ജനകീയാസൂത്രണം. ഒൻപതാംപദ്ധതി തീർത്തും ജനകീയ പദ്ധതിയാക്കി തീർക്കുന്ന മഹത് പ്രക്രിയ മൂലതലത്തിൽ നിന്നാരംഭിക്കുന്ന ഈ ജനകീയ പദ്ധതിയെ പൂർണ്ണമായും വിജയിപ്പിക്കുവാൻ നാം പ്രതിജ്ഞാബദ്ധമാണ്.

ഇന്ത്യയിൽ ആദ്യത്തെ സമ്പൂർണ്ണ സാക്ഷരതാ ഗ്രാമമെന്ന ബഹുമതി നേടിയ നമ്മുടെ പഞ്ചായത്തിന്റെ അടുത്ത അഞ്ചുവർഷക്കാലത്ത് നടപ്പാക്കേണ്ട വികസനപ്രവർത്തനങ്ങൾക്ക് രൂപവും ഭാവവും നൽകുന്ന വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന് നാം നടത്തിയ പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. വിശേഷാൽ ഗ്രാമസഭകൾ, ദ്വിതീയ സ്ഥിതി വിവരശേഖരണം, ചരിത്രപഠനം, പഠനപര്യടനങ്ങൾ, നടപ്പു പദ്ധതികളുടെ അവലോകനം നാട്ടരിവു ശേഖരണം തുടങ്ങിയ എല്ലാകാര്യങ്ങളിലും പരാമവധി ജന പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ട്. ജനങ്ങളിൽ പ്രകടമായ താൽപര്യവും സഹകരണവും ഒരുപുത്തൻ വികസന സംസ്കാരത്തിന്റെ സൂചികയായി കണക്കാക്കാം. ഇപ്പോൾ പ്രകടമായ ആവേശം തുടർന്നുള്ള പ്രവർത്തനങ്ങളിലും - വികസനസെമിനാർ, കർമ്മസമിതികളുടെ രൂപകരണം, സ്കീമുകളുടെ തയ്യാറാക്കൽ, പദ്ധതികളുടെ നടത്തിപ്പും - നിലനിർത്തുവാൻ നമുക്ക് കഴിയണം. എന്നാൽ വികസനരംഗത്തും അസൂയാവഹമായ നേട്ടം കൈവരിക്കുവാൻ നമുക്ക് കഴിയും.

ഈ ആസൂത്രണ പ്രക്രിയയിൽ വിവിധ വിഭാഗം ജനങ്ങൾ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ വിവിധ വിഷയങ്ങളിൽ കൂടുതൽവൈദഗ്ദ്ധ്യം നേടിയവർ തുടങ്ങിയ എല്ലാവരുടേയും നിർല്ലോഭമായ സഹകരണം സ്മരണീയമാണ്.

ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുവാനുതകുന്ന, സേവന മേഖലകളിലെ ഗുണനിലവാരം മെച്ചപ്പെടുത്തുന്ന, ദുർബലവിഭാഗങ്ങളുടെ താത്പര്യം സംരക്ഷിക്കാനുതകുന്ന വികസനനിർദ്ദേശങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്. നിശ്ചയദാർഢ്യത്തോടെയുള്ള പദ്ധതി നടത്തിപ്പിൽ ജനപങ്കാളിത്തവും അതിന്റെ ഭാഗമായ സന്നദ്ധ പ്രവർത്തന മുംപ്പെടെയുള്ള വിഭവ സമാഹരണവും അനിവാര്യഘടകങ്ങളാണ്. അതു ഉറപ്പാക്കാൻകഴിഞ്ഞാൽ, മുമ്പ് നമുക്ക് നഷ്ടപ്പെട്ട യഥാർത്ഥ വികസനം നമ്മുടെ കൺമുമ്പിൽ എത്തുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. സംതൃപ്തിയുടേയും സന്തുഷ്ടിയുടേയും നാളയേ നമുക്കുറപ്പിക്കാം.

നാം മുന്നോട്ട്, ഉണരട്ടെ ഗ്രാമചേതന

ഏ.എം. പൗലോസ്

(കോ-ഓർഡിനേറ്റർ)

ആദ്യനേട്ടം പോത്താനിക്കാട് പഞ്ചായത്തിന്

പോത്താനിക്കാട്ട് സാക്ഷരതാ സ്തംഭം ഉയരുന്നു



അക്ഷരാ വിപ്ലവത്തിനു നിത്യ
സ്മാരകം: ഇന്ത്യയിൽ ആദ്യ
ത്തെ സമ്പൂർണ സാക്ഷര ഗ്രാമ
മായ പോത്താനിക്കാട്ട് പുതിയ
ബസ്സ്റ്റാൻഡ് കം ഷോപ്പിംഗ്
കോംപ്ലക്സിൽ സ്ഥാപിക്കുന്ന
സാക്ഷരതാ സ്തംഭം



കൊച്ചി, മാർച്ച് 24: സമ്പൂർണ സ
സാക്ഷരത നേടിയ ഇന്ത്യയിലെ ആദ്യ
ത്തെ പഞ്ചായത്തായ പോത്താനിക്കാട് നോടി. ഉത്സവമായ
പകർന്ന അക്ഷരപ്രകാശമായ മാർബിൽ
സ്തൂപം കെ ജി ബാലകൃഷ്ണൻ ഇന്നു
സംബന്ധിച്ച് പ്രഖ്യാപനം നടത്തി.

സാക്ഷരതായജ്ഞത്തിന്റെ രണ്ടാം
ഘട്ടത്തെപ്പറ്റിയുള്ള പ്രഖ്യാപനവും ജന
വിദ്യാനിലയത്തിന്റെ ഇല്ലായ്മയും ഉൽ
ഘാടനം ചെയ്തുകൊണ്ട് കളക്ടർ വി എം തോമ
സ് നിർവഹിച്ചു. സാക്ഷരതായജ്ഞം
മാസ്റ്റർ ട്രെയിനിമാർക്കും ഇൻസ്ട്രക്ടർ
മാർക്കും പഠിതാക്കൾക്കുമുള്ള സർട്ടിഫി
ക്കറ്റുകൾ ജില്ലാ കലക്ടർ കെ ആർ
രാജൻ വിതരണംചെയ്തു.

പോത്താനി

അക്ഷരത്തെറ്റിൽ നിന്നകന്നു നിൽ
ക്കുന്ന ജനതയുടെ സഹകരണവും
ളും അവർ രാഷ്ട്രത്തു സൃഷ്ടിക്കുന്ന
പ്രശ്നങ്ങളും അനാവരണം ചെയ്തു
കൊണ്ട് പഞ്ചായത്തിലെ കമ്മിറ്റി നട
ത്തിയ പ്രചാരണപരിപാടികൾ അഭിമാനാർഹ
മായ നേട്ടം സ്വന്തമാക്കാൻ ഏറെ സഹാ
യകമായി.

സാക്ഷരതയുടെ കാര്യത്തിൽ ഇന്ത്യ
യിലെ മുഴുവൻ പഞ്ചായത്തുകൾക്കും
മാതൃകയാണെങ്കിലും വികസന പ്രവർ
നങ്ങളുടെ കാര്യത്തിൽ ഏറെ പിന്നി
ൽ എന്നതാണ്

പോത്താനിക്കാട് ആദ്യത്തെ സാക്ഷര പഞ്ചായത്ത്

കോതമംഗലം: എറണാകുളം ജില്ല
യിൽ പൂർണ സാക്ഷരത കൈവരിച്ച
(നിരക്ഷരർ ഇല്ലാത്ത) ആദ്യത്തെ പഞ്ചാ
യത്ത് എന്ന ബഹുമതിക്ക് കോതമംഗ
ലം താലൂക്കിലെ പോത്താനിക്കാട് അർഹമായി. എറണാകുളം ജില്ലാ കള
ക്ടറുടെ ഒരു അറിയിപ്പിലാണ് ഇക്കാ
ര്യം വ്യക്തമായത്.

സർവെ പ്രകാരം 487 നിരക്ഷരരാ
ണ് ഈ പഞ്ചായത്തിലെപ്പിച്ചു വാർഡു
കളിലായി ഉണ്ടായിരുന്നത്. 60
സ്ടക്ടർമാരുടെ കീഴിൽ അ
മാസംകൊണ്ട് സ്വന്തം
താൻ പഠിച്ചു- അക്ഷ
ക്ഷരങ്ങളും.

വാനിൽ സാക്ഷരതയുടെ സന്ദേശവുമായി വെള്ളരിപ്രാവ്

മുവാറ്റുപുഴ: പരിപൂർണ സാക്ഷരതയുടെ പ്രതീക
മായ വെള്ളരിപ്രാവിനെ പറത്തിക്കൊണ്ട്
പോത്താനിക്കാടിനെ പൂർണ സാക്ഷരത നേടിയ ആദ്യ പഞ്ചാ
യത്തായി കേരള ഹൈക്കോടതി ജഡ്ജി
ജസ്റ്റിസ് കെ.ടി. ബാലകൃഷ്ണൻ നാ
പ്രഖ്യാപിച്ചു.

പോത്താനിക്കാട് പെൺകുട്ടികൾ മാത്രമുള്ള
ഹൈസ്കൂളിൽ പഞ്ചായത്ത് പ്രസിഡന്റ്
തിൽ പഞ്ചായത്ത് അദ്ധ്യക്ഷത വഹിച്ചു.
കെ.സി. ജൈലാ

സമ്പൂർണ സാക്ഷരതാ
രണ്ടാംഘട്ടത്തിന്റെ
ജനവിദ്യാനിലയത്തിന്റെ
ഉദ്ഘാടനം
നിർവഹിച്ചു.

Monument to literacy

Express News Service

KOCHI, Aug 16: A literacy monument is being erected at Pothanicad panchayat in Kothamangalam to celebrate its status as the first fully literate village of the country.

District Collector K. R. Rajan had inaugurated the construction activities on November 20 last year.

The monument consists of the statue of a woman with a lantern in one hand and slate and pencils in the other, standing on a globe four feet in diameter. The globe and the statue are placed on a stone block nine feet high.

It is constructed with the financial support of Central and State Governments. National Literacy Mission and Pothanicad Farmers Co-operative Bank. The cost is estimated to be over Rs 40,000. The monument has been designed by a group of sculptors headed by V. S. Sasi.

Reliefs representing education, art and agriculture are made on the stone block. The globe symbolising the world of letters, has many carvings of Malayalam alphabets and symbols on it. The woman is shown as coming through the path of knowledge.

Work on the monument will be over in a few days.